# പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ

## നസ്രേത്ത് വിഭാഗം

### പാഠാവലി ഒന്ന്

ശ്രേഷ്ഠാനുമതിയോടെ പ്രസിദ്ധീകരിക്കുന്നത്

സൺഡേസ്കൂൾ കേന്ദ്ര ഓഫീസ്
ദേവലോകം, കോട്ടയം-38
ഫോൺ: 2572890

AN OSSAE PUBLICATION
Sunday School Padavali-1
First Revised Edition January 2012
5th Edition November 2017
Copies 10,000
Price ₹ 50.00

# പ്രവേശിക

മലങ്കര ഓർത്തഡോക്സ് സൺഡേസ്കൂൾ പാഠപുസ്തകങ്ങൾ കാലോചിതമായി സമ്പൂർണ്ണമായി പരിഷ്ക്കരിച്ച് പ്രസിദ്ധീകരിക്കുന്നതിന് പ്രസ്ഥാനത്തിന് കഴിഞ്ഞു. അഭിനന്ദനീയമായ ചുവടു വെയ്പായിരുന്നു ഇത്. പ്രസ്ഥാനം അദ്ധ്യക്ഷനും വിദ്യാഭ്യാസ വിചക്ഷണനുമായ അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെയും ഡയറക്ടർ ജനറലും സഭയുടെ പ്രശസ്ത മനശ്ശാസ്ത്രജ്ഞനുമായ ഫാ. ഡോ. ഒ. തോമസിന്റെയും നേതൃത്വത്തിൽ അദ്ധ്യാപന മേഖലയിൽ പരിചയസമ്പന്നരായ വൈദികരും അത്മായരും അടങ്ങിയ ഒരു സംഘം അദ്ധ്വാനശീലരുടെ പരിശ്രമ ഫലമായിരുന്നു പ്രസ്തുത പ്രസിദ്ധീകരണം. അത് ഇപ്പോൾ പുനഃപ്രസിദ്ധീകരിക്കേണ്ടത് ആവശ്യമായി വന്നിരിക്കുന്നു. ഇതിനായി പ്രയത്നിച്ചവരെ നന്ദിപൂർവ്വം ഓർക്കുന്നു; ദൈവകരങ്ങളിൽ സമർപ്പിക്കുന്നു.

ദൈവവചനം, പള്ളി ആരാധന, കുടുംബ നമസ്ക്കാരം, സഭാ പിതാക്കന്മാരുടെ ജീവിതവൃത്താന്തവും പ്രബോധനവും, സഭാ വിശ്വാസം, സഭാ ചരിത്രം, സാമൂഹ്യ വിഷയങ്ങൾ എന്നിവ ചേർത്തിണക്കിക്കൊണ്ടും ബാലപാഠം മുതൽ വേദപ്രവീൺ തരം വരെ അനുക്രമമായും സമതുലിതമായും വികസിപ്പിച്ചെടുത്തുകൊണ്ടുമുള്ള വിഷയക്രമീകരണമാണ് ഈ പാഠപുസ്തകങ്ങളിൽ ഉൾക്കൊള്ളിക്കാൻ പരിശ്രമിച്ചിട്ടുള്ളത്. ഇതിന്മേൽ ആവശ്യമെങ്കിൽ പരിഷ്ക്കാരങ്ങളും തിരുത്തലുകളും ആവാം. അവ നിർദ്ദേശിക്കാനുള്ള സ്വാതന്ത്ര്യവും തുറവിയും ഉണ്ടെന്നും ഏവരെയും ഓർമ്മിപ്പിക്കട്ടെ.

ഒരു കാര്യം മറന്നുകൂടാ. പാഠ്യവിഷയങ്ങളോടൊപ്പം ഗുരുമുഖം എന്ന മറ്റൊരു തുറന്ന പുസ്തകം കുഞ്ഞുങ്ങൾ കാണുന്നു, അറിയുന്നു, സാംസ്വീകരിക്കുന്നു. ഇളം മനസ്സുകളിൽ സ്ഥായിയായ സ്വാധീനമായി അലിഞ്ഞുചേരുന്നത് പാഠ്യവിഷയങ്ങളോ, ഗുരുമുഖമോ? രണ്ടിനും പ്രാധാന്യമുണ്ട്; എങ്കിലും ഏറെ ആഴമായി പതിയുന്നത് ഗുരുമുഖംതന്നെയെന്ന് നാം തിരിച്ചറിയുന്നു. മുഖം ആളത്വത്തിന്റെ സമഗ്രപ്രകാശമാകുന്നുവല്ലോ; കേഴ്വിക്കുമപ്പുറം പോകുന്ന നേർക്കാഴ്ച. അമ്മയും അപ്പനും ആചാര്യരും (അദ്ധ്യാപകരും) വൈദീകരും ജ്യേഷ്ഠസഹോദരരും ഗുരുവരരത്രേ. എന്നാൽ "ഗുരുണാംമാതാശ്രേയസി(ഗുരുക്കളിൽ അഗ്രിമസ്ഥാനത്ത് അമ്മ നിൽക്കുന്നു)".

ഭവനമാണ് ആദ്യത്തെ പഠനകളരി; പിന്നെ പള്ളിയും പള്ളിക്കൂടവും. ഇതെല്ലാം കൂടി ചേരുന്നൊരു ഗുരുകുല സങ്കൽപ്പവും ഗുരുശിഷ്യ പാരസ്പര്യവും പരമ്പരയും. ഇത്തരമൊരു പ്രവിശാല പാഠ്യസങ്കൽപത്തിൽ വേണം പാഠ്യ-പാഠ്യേതര വിഷയങ്ങളെയും അദ്ധ്യാപക - അദ്ധ്യേതാക്കളെയും കാണാനും പരിഗണിക്കാനും.

ഈ ആമുഖക്കുറിപ്പോടെ നമ്മുടെ സൺഡേസ്ക്കൂൾ പാഠപുസ്തകങ്ങളുടെ പുതിയ പതിപ്പ് സഭാ സമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

**ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത**
*പ്രസിഡന്റ്*
*ഒ.എസ്.എസ്.എസ്.എ.ഇ.*

2017 ഒക്ടോബർ 14

# ആമുഖം

വിദ്യാഭ്യാസമേഖലയിൽ അദ്ധ്യയനരീതിയിൽ വന്ന മാറ്റങ്ങൾക്ക് അനുസൃതമായി സൺഡേസ്കൂൾ പാഠ്യപദ്ധതിയും പരിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയായിരുന്നല്ലോ. എല്ലാ ക്ലാസ്സുകളിലേയ്ക്കും ഉള്ള പാഠപുസ്തകങ്ങൾ തയ്യാറായിക്കഴിഞ്ഞു എന്നുള്ളത് പ്രസ്താവിക്കുന്നതിൽ സന്തോഷിക്കുന്നു. ഈ ഉദ്യമത്തിന് മുൻകൈ എടുത്ത് നേതൃത്വം നൽകിയത് സൺഡേസ്കൂൾ അസ്സോസിയേഷൻ പ്രസിഡന്റ് അഭിവന്ദ്യ ഡോ. യാക്കൂബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായാണ്. മുൻ ഡയറക്ടർ ജനറൽ ബഹു. ഡോ. ഒ. തോമസ് അച്ചൻ കൺവീനറായും പ്രൊഫ. ഡോ. സാം വി. ദാനിയേൽ എക്സിക്യൂട്ടീവ് എഡിറ്ററായും നേതൃത്വം കൊടുത്ത ഒരു കരിക്കുലം കമ്മറ്റിയാണ് ഈ പരിഷ്കരണത്തിന് നേതൃത്വം കൊടുത്തത്. ഇതിലെ വിവിധ യൂണിറ്റിലെ പാഠങ്ങൾ തയ്യാറാക്കിയവരുടെ സേവനം നിസ്തുലമാണ്. എല്ലാവരോടും നന്ദി രേഖപ്പെടുത്തുന്നു.

ലോകജ്ഞാനത്തിനായുള്ള പരക്കംപാച്ചിലിനിടയിൽ ദൈവികജ്ഞാനം സമ്പാദിക്കുവാനുള്ള അവസരം നഷ്ടപ്പെടുത്തിയാൽ ക്രിസ്തീയജീവിതം പൂർണ്ണമാകയില്ലായെന്ന് കുട്ടികളും മാതാപിതാക്കളും അദ്ധ്യാപകരും മനസ്സിലാക്കണം. ക്രിസ്തുവും ശിഷ്യന്മാരും തമ്മിൽ വളർത്തിയെടുത്ത ഗുരു-ശിഷ്യ സ്നേഹബന്ധമാണ് സൺഡേസ്കൂൾ അദ്ധ്യയനത്തിന്റെ അടിസ്ഥാനപ്രമാണം. ഈ പ്രമാണം സ്വീകരിച്ചുകൊണ്ട് വിഷയങ്ങൾ കുട്ടികളിലേയ്ക്ക് സംവേദിക്കുവാൻ ഇതിലെ അവതരണരീതി അദ്ധ്യാപകർക്കും കുട്ടികൾക്കും ഒരുപോലെ സഹായമായിത്തീരട്ടെയെന്ന് ആശംസിക്കുന്നു.

ദേവലോകം
1-10-2015

**ഫാ. ഡോ. റെജി മാത്യു**
*ഡയറക്ടർ ജനറൽ*

CMYK

പ്രിയപ്പെട്ട മാതാപിതാക്കളേ,

സൺഡേസ്കൂളിൽ ചേർന്ന് പഠിക്കുവാൻ ഈ കുട്ടികൾക്ക് അവസരം നൽകിയ ദൈവത്തെ നമുക്ക് സ്തുതിക്കാം. സൺഡേസ്കൂൾ പഠനത്തിന് നിങ്ങൾ കാണിക്കുന്ന ഉത്സാഹത്തിന് പ്രത്യേക അഭിനന്ദനങ്ങൾ.

സൺഡേസ്കൂളിൽ പുതിയ പാഠ്യപദ്ധതി അനുസരിച്ചുള്ള പാഠങ്ങളാണ് ഇപ്പോൾ പഠിക്കുന്നത്. വേദപുസ്തകകഥകൾ, പ്രാർത്ഥനകൾ, ആരാധന, സഭാ മഹദ്വ്യക്തിപരിചയം, നല്ല ശീലങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ട് പാഠങ്ങൾ കൂടുതൽ ആകർഷകമാക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

പതിവായി പ്രാർത്ഥിക്കുകയും ആരാധനയിൽ പങ്കെടുക്കുകയും മാതാപിതാക്കളെ അനുസരിക്കുകയും നല്ല ശീലങ്ങൾ ഉള്ളവരായി വളരുകയും ചെയ്യുന്നതിന് ഈ പാഠങ്ങൾ കുട്ടികളെ പ്രേരിപ്പിക്കും.

ഓരോ പാഠവും ശ്രദ്ധയോടെ പഠിച്ച് ഗ്രഹിക്കുകയും അനുബന്ധമായി കൊടുത്തിരിക്കുന്ന മനഃപാഠവാക്യപഠനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ കൃത്യമായി പൂർത്തിയാക്കുകയും ചെയ്താലേ പഠനം പൂർണ്ണമാകൂ. ഈ പഠന പ്രക്രിയ വിജയപ്രദമാകണമെങ്കിൽ മാതാപിതാക്കളാണ് ശ്രദ്ധിക്കേണ്ടത്. ഭവനമാണ് ആദ്യപാഠശാല എന്നതു മറക്കരുത്.

നസ്രത്ത് വിഭാഗത്തിൽ ആരംഭിക്കുന്ന ഈ പഠനം ഗലീലി, യരുശലേം, താബോർ എന്നീ വിഭാഗങ്ങളിൽക്കൂടി കടന്ന് വേദപ്രവീൺ ഡിപ്ലോമ കരസ്ഥമാക്കുന്നതുവരെ തുടരണം. കുട്ടികളുടെ ഈ പ്രായത്തിൽ നിങ്ങൾ കാണിക്കുന്ന ഉത്സാഹം എന്നും ഉണ്ടാകണം. കുട്ടികളുടെയും സഭയുടെയും ഭാവി മാതാപിതാക്കളിലാണ് എന്നതു വിസ്മരിക്കരുത്.

ഈ കാര്യങ്ങളിൽ കർത്താവ് വേണ്ട മാർഗ്ഗനിർദ്ദേശം നൽകി നിങ്ങളെ വഴി നടത്തട്ടെ.

11-11-2017

**പ്രൊഫ. ഡോ. ചെറിയാൻ തോമസ്**
*പബ്ലിക്കേഷൻ ഓഫീസർ*

CMYK

പ്രിയ അദ്ധ്യാപക സഹോദരങ്ങളെ,

നമ്മുടെ സൺഡേസ്കൂൾ പാഠ്യപദ്ധതി സമ്പൂർണ്ണമായി പരിഷ്കരിക്കുകയാണ്. പാഠങ്ങളുടെ ഘടനയിലും കാലികമായ വ്യതിയാനങ്ങൾ വരുത്തിയിട്ടുണ്ട്. കുട്ടികൾക്കുള്ള പാഠപുസ്തകത്തോടൊപ്പം അദ്ധ്യാപകർക്കായി 'പാഠ്യ സഹായി' എന്ന കൈപുസ്തകവും തയ്യാറാക്കുകയാണ്. ഈ ക്രമീകരണം അദ്ധ്യാപകർക്കും കുട്ടികൾക്കും കൂടുതൽ സഹായകരമാകും എന്ന് പ്രതീക്ഷിക്കുന്നു.

ബാലപാഠം മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള പഠനകാലഘട്ടത്തെ അഞ്ച് ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു.

| | | | |
|---|---|---|---|
| 1. | ബേത്‌ലഹേം | ബാലപാഠം ക്ലാസ്സ് | 5 വയസ്സുവരെ |
| 2. | നസ്രേത്ത് | ക്ലാസ്സ് 1 മുതൽ 3 വരെ | 5 മുതൽ 7 വരെ |
| 3. | ഗലീലി | ക്ലാസ്സ് 4 മുതൽ 7 വരെ | 8 മുതൽ 11 വരെ |
| 4. | യരുശലേം | ക്ലാസ്സ് 8 മുതൽ 10 വരെ | 12 മുതൽ 14 വരെ |
| 5. | താബോർ | ക്ലാസ്സ് 11 ഉം 12 ഉം | 15 മുതൽ 16 വരെ |

പാഠപുസ്തകത്തിലെ വിവിധ പാഠങ്ങളുടെ പൊതുവായ ഘടന താഴെ കൊടുക്കുന്നു.

1. മുഖ്യസന്ദേശം: ഓരോ പാഠത്തിൽ നിന്നും ഉരുത്തിരിഞ്ഞു വരേണ്ട പ്രധാന ആശയമാണ് ഇവിടെ നൽകിയിരിക്കുന്നത്. പാഠാവതരണസമയത്ത് ഈ ആശയം ഓർക്കേണ്ടതാണ്.
2. മന:പാഠവാക്യം: ഓരോ പാഠവുമായി ബന്ധപ്പെട്ട് ഒരു വേദവാക്യം കുട്ടികൾ ഹൃദിസ്ഥമാക്കുന്നതിനായി നൽകിയിരിക്കുന്നു. ഈ വാക്യം റഫറൻസ് സഹിതം കാണാതെ പറയുവാൻ കുട്ടികളെ പ്രേരിപ്പിക്കണം.
3. പാഠപരിചയം: ഓരോ പാഠത്തിന്റെയും പ്രധാന ആശയം വളരെ ചുരുങ്ങിയ വാക്കുകളിൽ നൽകിയിരിക്കുന്നു. ഇത് വായിച്ചാൽ പാഠത്തെക്കുറിച്ചുള്ള ഒരു ഏകദേശ ധാരണ ലഭിക്കുന്നതാണ്.
4. ആമുഖം: പാഠഭാഗത്തിന്റെ അവതരണത്തിനായി ലളിതമായ ചോദ്യങ്ങളും കുട്ടികളുടെ മുന്നറിവുകളുമാണ് ഇവിടെ പ്രതിപാദിക്കുന്നത്. ആമുഖം ഏറ്റവും രസകരമായി കുട്ടികൾക്ക് ഏറ്റവും ഇഷ്ടപ്പെടുന്ന രീതിയിൽ അവതരിപ്പിക്കേണ്ടതാണ്.
5. പാഠഭാഗം: പാഠത്തിന്റെ അവതരണം വിദ്യാർത്ഥികേന്ദ്രീകൃതമാക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. കുട്ടികൾക്ക് നല്ല പങ്കാളിത്തമുണ്ടാകത്തക്കവിധത്തിൽ വേണം

ആശയങ്ങൾ അവതരിപ്പിക്കുവാൻ. വി. വേദപുസ്തകം ക്ലാസ്സിൽ കൊണ്ടു പോകണം. വേദഭാഗങ്ങൾ എടുത്തു വായിച്ച് കേൾപ്പിക്കണം. പ്രാർത്ഥന, ആരാധനാഗീതം, നല്ല ശീലങ്ങൾ തുടങ്ങിയവയ്ക്ക് പ്രത്യേക യൂണിറ്റുകൾ ക്രമീകരിച്ചിട്ടുണ്ട്. അതെല്ലാം അതതിന്റെ സാഹചര്യങ്ങളിൽ പ്രാവർത്തി കമാക്കുവാൻ ശ്രദ്ധിക്കണം. പാഠാവതരണത്തിനിടയ്ക്ക് ഒന്നു രണ്ടു പ്രാവശ്യം നിർത്തി അവരുടെ ഗ്രഹണശക്തി പരിശോധിക്കുകയും പാട്ടു പാടിക്കുകയും മറ്റും ചെയ്യാവുന്നതാണ്.

6. നമുക്ക് ചിന്തിക്കാം, പ്രവർത്തനങ്ങൾ: ഈ ഭാഗത്ത് ചിന്തിച്ച് ഉത്തരം പറയു വാനുള്ള ചോദ്യങ്ങളും ചില പ്രവർത്തനങ്ങളും നൽകിയിരിക്കുന്നു. പ്രവർത്തനങ്ങൾ പലതും സ്കിറ്റ്പോലെ ക്ലാസ്സിൽ അഭിനയിപ്പിക്കാവു ന്നതും കഥ പറയിക്കാവുന്നതും ഒക്കെയാണ്. അവ കുട്ടികളെക്കൊണ്ട് ചെയ്യിക്കാൻ വേണ്ട പ്രേരണ നൽകണം. പാഠങ്ങളുടെ എണ്ണം കുറച്ചിട്ടുള്ള തിനാൽ ഈ പ്രവർത്തനങ്ങൾക്കുകൂടി സമയം കിട്ടുമെന്നു കരുതുന്നു.

7. നമുക്ക് പാടാം, പ്രാർത്ഥിക്കാം: പാഠഭാഗവുമായി ബന്ധപ്പെട്ട ഒരു ഗീതവും ഒരു പ്രാർത്ഥനയും നൽകിയിരിക്കുന്നു. ഗീതങ്ങളിൽ പഴയ ഒ.വി.ബി.എസ്. ഗാനങ്ങളും ചേർത്തിട്ടുണ്ട്. ഇവിടെ നൽകിയിരിക്കുന്ന പ്രാർത്ഥന ചൊല്ലി ക്കൊടുത്ത് കുട്ടികളെക്കൊണ്ട് പ്രാർത്ഥിപ്പിക്കണം. എഴുന്നേറ്റുനിന്ന് കുരി ശുവരച്ച് പ്രാർത്ഥിക്കണം.

8. നിശ്ചയം: ഒരു തീരുമാനംപോലെ കുട്ടികളുടെ മനസ്സിനെ സ്പർശിക്കുന്ന ഒരു ആശയമാണ് ഇവിടെ നൽകിയിരിക്കുന്നത്. അത് അവരെക്കൊണ്ട് പറയിക്കണം.

9. തുടർവായനയ്ക്ക്: പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വേദപുസ്തകഭാഗ ങ്ങൾ വിവിധ ദിവസങ്ങളിൽ വൈകുന്നേരവും രാവിലെയും വായിക്കുന്ന തിനും അല്ലെങ്കിൽ വായിച്ച് കേൾക്കുന്നതിനും നൽകിയിരിക്കുന്നു. കുട്ടി കൾ ഓരോ ദിവസവും പ്രാർത്ഥനയോടൊപ്പം ഈ ഭാഗങ്ങൾ വീട്ടിൽ വായിച്ച് കേൾക്കുവാൻ അവരെ പ്രേരിപ്പിക്കണം. ഈ പരിശീലനം കുടും ബങ്ങളിൽ വേദവായനയ്ക്ക് പ്രേരകമാകും എന്ന് പ്രത്യാശിക്കുന്നു.

ബേത്‌ലഹേം ക്ലാസ്സിൽ പരീക്ഷ ഉണ്ടായിരിക്കുന്നതല്ല. അവർക്ക് കളിക്കു വാനും പാടാനും ആടാനുമെല്ലാം ക്ലാസ്സിൽ അവസരമുണ്ടാക്കണം. 15 പാഠ ങ്ങൾ മാത്രമേ ഈ ക്ലാസ്സിൽ കൊടുത്തിട്ടുള്ളു. നസറേത്ത് വിഭാഗത്തിൽ വാചാ പരീക്ഷയാണ് നടത്തുന്നത്. അതിനാൽ ക്ലാസ്സിൽ കുട്ടികളുടെ പങ്കാളിത്തം കൂടു തൽ ഉണ്ടാകുവാൻ ശ്രദ്ധിക്കുമല്ലോ.

സഭയിലെ വളർന്നുവരുന്ന തലമുറയെ ആത്മീയമായി പരിശീലിപ്പിക്കുകയും സത്യവിശ്വാസത്തിലും സത്യാരാധനയിലും ഉറപ്പിക്കുന്നതിലും ഗണ്യമായ പങ്കു വഹിക്കുന്ന നമ്മുടെ പ്രിയപ്പെട്ട സൺഡേസ്കൂൾ അദ്ധ്യാപകർ ചെയ്യുന്ന

സേവനം നിസ്തുലമാണ്. പുതിയ പാഠ്യപദ്ധതിയുടെ വിജയകരവും ഭാവനാപൂർണ്ണവുമായ നടത്തിപ്പിൽ നമ്മുടെ എല്ലാ അദ്ധ്യാപകരുടെയും പരിപൂർണ്ണമായ സഹകരണം ഉണ്ടായേ മതിയാവൂ. പഴയ രീതികളിൽ നിന്നും പുതിയ പദ്ധതി ഒരു നല്ല അളവുവരെ വിഭിന്നമാകയാൽ അദ്ധ്യാപകർ ശ്രദ്ധയോടുകൂടി പുതിയ പാഠ്യപദ്ധതിയും പാഠ്യരീതിയും കൈകാര്യം ചെയ്യേണ്ടതാണ്. പരിശുദ്ധ സഭയ്ക്കുവേണ്ടി നമ്മുടെ സൺഡേസ്കൂൾ അദ്ധ്യാപകർ നിർവ്വഹിക്കുന്ന ഈ സൽകർമ്മത്തിന് സ്നേഹമൂർത്തിയായ ദൈവത്തിന്റെ അനുഗ്രഹാശീർവാദങ്ങൾ സമൃദ്ധിയായി ഉണ്ടാകട്ടെ.

**ഡോ. സാം വി. ഡാനിയേൽ**
*എക്സിക്യൂട്ടീവ് എഡിറ്റർ*

---

## കരിക്കുലം റിവിഷൻ കമ്മിറ്റി

അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ

ഫാ. ഡോ. ഒ. തോമസ്

ഫാ. കെ.വി. തോമസ്

ഫാ. ഡോ. റജി മാത്യു

പ്രൊഫ. ഡോ. സാം വി. ഡാനിയേൽ

പ്രൊഫ. ചെറിയാൻ തോമസ്

പ്രൊഫ. ഡോ. ജിബി ജോർജ്

ശ്രീ സന്തോഷ് ബേബി എ.കെ.

മിസ് അന്നമ്മ ഫിലിപ്പോസ്

ഡോ. ഐപ് വറുഗീസ്

# ഉള്ളടക്കം

**യൂണിറ്റ് ഒന്ന്: വേദപുസ്തക കഥകൾ**

പാഠം ഒന്ന്: ദൈവം നമ്മെ സൃഷ്ടിച്ചു 11

പാഠം രണ്ട്: ദൈവശബ്ദം കേട്ട ബാലൻ 16

പാഠം മൂന്ന്: മോശെ—വെള്ളത്തിൽനിന്നും എടുക്കപ്പെട്ട ശിശു 21

പാഠം നാല്: ദൈവപുരുഷന്റെ പ്രാർത്ഥന 24

പാഠം അഞ്ച്: പ്രവാചകനും കാക്കയും 30

പാഠം ആറ്: മന്ത്രിയായിത്തീർന്ന എബ്രായ യുവാവ് 34

പാഠം ഏഴ്: ദാനിയേൽ സിംഹക്കുഴിയിൽ 40

പാഠം എട്ട്: ക്രിസ്തുമസ്-യേശുവിന്റെ ജനനം 46

പാഠം ഒൻപത്: ബാലന്റെ സമർപ്പണം 51

പാഠം പത്ത്: ദാവീദുപുത്രാ, കരുണ തോന്നേണമേ 56

**യൂണിറ്റ് രണ്ട്: പ്രാർത്ഥന**

പാഠം പതിനൊന്ന്: എങ്ങനെ പ്രാർത്ഥിക്കണം 60

പാഠം പന്ത്രണ്ട്: നമ്മൾ പ്രാർത്ഥിക്കുമ്പോൾ 64

പാഠം പതിമൂന്ന്: കർത്തൃപ്രാർത്ഥനയും മറ്റു ലഘു പ്രാർത്ഥനകളും 68

**യൂണിറ്റ് മൂന്ന്: ആരാധനാ ഗീതങ്ങൾ**

പാഠം പതിനാല്: നമുക്ക് പാടി ദൈവത്തെ ആരാധിക്കാം 74

പാഠം പതിനഞ്ച്: നമുക്ക് പാടാം; മദ്ധ്യസ്ഥപ്രാർത്ഥന അർപ്പിക്കാം 78

**യൂണിറ്റ് നാല്: എന്റെ പള്ളി**

പാഠം പതിനാറ്: പള്ളി ദൈവത്തിന്റെ ആലയം 82

പാഠം പതിനേഴ്: ഞങ്ങൾ പതിവായി പള്ളിയിൽ പോകുന്നു 85

**യൂണിറ്റ് അഞ്ച്: മഹദ്വ്യക്തി പരിചയം**

പാഠം പതിനെട്ട്: വി. കന്യകമറിയാം 89

പാഠം പത്തൊൻപത്: മർത്തോമ്മാ ശ്ലീഹാ 94

**യൂണിറ്റ് ആറ്: നല്ലശീലങ്ങൾ**

പാഠം ഇരുപത്: അനുസരണം 100

പാഠം ഇരുപത്തിഒന്ന്: നല്ല കൂട്ടുകാർ 105

**1 മുതൽ 5 വരെയും 11, 12, 14, 16, 18, 20 എന്നീ പാഠങ്ങൾ അർദ്ധവാർഷികപരീക്ഷയ്ക്കു മുൻപ് പഠിക്കണം**



സൂര്യചന്ദ്രനക്ഷത്രങ്ങൾ ആകാശത്തിൽ

# യൂണിറ്റ് ഒന്ന്

# വേദപുസ്തക കഥകൾ



## പാഠം ഒന്ന്

## ദൈവം നമ്മെ സൃഷ്ടിച്ചു

(ഉല്പത്തി 1:1-10)

മുഖ്യസന്ദേശം : സകലത്തിന്റെയും സ്രഷ്ടാവ് ദൈവമാണ്. താൻ സൃഷ്ടിച്ച സകലത്തെയും ദൈവം സ്നേഹിച്ച് പരിപാലിക്കുന്നു. ദൈവകല്പനകൾ നാം അനുസരിക്കേണ്ടതാണ്.

മനഃപാഠവാക്യം : ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു (ഉല്പത്തി 1:1)

പാഠപരിചയം : ദൈവം ഈ ലോകത്തെയും മനുഷ്യനെയും സൃഷ്ടിച്ച കഥയാണ് നാം ഇന്ന് പഠിക്കുന്നത്.

### ആമുഖം

കുഞ്ഞുങ്ങളെ, നിങ്ങൾക്ക് ആവശ്യമായ ഉടുപ്പ്, ബുക്ക്, പെൻസിൽ, കളിപ്പാട്ടങ്ങൾ ഇവയൊക്കെ വാങ്ങിത്തരുന്നതാരാ? അച്ഛൻ, അല്ലേ? ഭക്ഷണം ഉണ്ടാക്കുന്നതോ? അമ്മ. എന്നാൽ നാം ഈ ലോകത്തു കാണുന്ന സകലതും ഉണ്ടാക്കിയത് ആരായിരിക്കും? ശരിയാണ്. ദൈവമാണ് നമുക്ക് ചുറ്റും കാണുന്ന മനുഷ്യൻ, മൃഗങ്ങൾ, പക്ഷികൾ, വൃക്ഷങ്ങൾ, ചെടികൾ തുടങ്ങിയ എല്ലാം ഉണ്ടാക്കിയത്.

### പാഠഭാഗം

പണ്ട്, പണ്ട്, നമ്മളീ കാണുന്ന ഒന്നും ഇല്ലാതിരുന്ന ഒരു കാലം ഉണ്ടായിരുന്നു. അന്ന് ദൈവം ആദ്യമായി ആകാശവും ഭൂമിയും ഉണ്ടാക്കി. പിന്നെ സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, ജീവജന്തുക്കൾ, ഏറ്റവും അവസാനം ആണും പെണ്ണുമായി മനുഷ്യനെയും സൃഷ്ടിച്ചു.

ആദ്യമനുഷ്യന്റെ പേരറിയാമോ? ആദാം. സ്ത്രീയുടെ പേരോ? ഹവ്വാ.


**നോക്കൂ...**

1. ഒരു നല്ല തോട്ടത്തിൽ എന്തൊക്കെ കാണും?

   ........................................................................................................................

2. ചെടികൾ നമുക്കെന്തെല്ലാം തരുന്നു?

   ........................................................................................................................



ചിത്രം ചായം ഇടുക

അവർക്കു രണ്ടുപേർക്കും താമസിക്കാൻ ദൈവം ഏദൻ എന്ന മനോഹരമായ ഒരു തോട്ടം നൽകി.

അങ്ങനെ ഏദൻതോട്ടത്തിൽ ആദാമും ഹവ്വായും ഉല്ലാസമായി കഴിഞ്ഞു. എന്നാൽ തോട്ടത്തിന്റെ നടുവിലുള്ള ഒരു വൃക്ഷത്തിലെ പഴം മാത്രം തിന്നരുതെന്ന് ദൈവം കല്പിച്ചിരുന്നു---നന്മതിന്മകളുടെ അറിവിന്റെ വൃക്ഷം.

ഒരു ദിവസം വഴിതെറ്റിക്കുന്ന സാത്താൻ, പാമ്പിന്റെ രൂപത്തിൽ വന്ന് ആദാമിനെയും ഹവ്വയെയും പറഞ്ഞുപറ്റിച്ചുകളഞ്ഞു! ദൈവം വിലക്കിയ വൃക്ഷത്തിലെ പഴം തിന്നാൽ ദൈവത്തെപ്പോലെയാകും എന്നായിരുന്നു സാത്താൻ പറഞ്ഞുകൊടുത്ത കള്ളം.

സാത്താനെ വിശ്വസിച്ച് ആദാമും ഹവ്വായും പഴം പറിച്ചുതിന്നു. ദൈവത്തോട് അനുസരണക്കേട് കാണിച്ച അവരെ രണ്ടുപേരെയും ദൈവം ഏദൻ തോട്ടത്തിൽനിന്നും പുറത്താക്കുകയും ചെയ്തു. അങ്ങനെ ദൈവം അവരെ ശിക്ഷിച്ചു.

**ഒന്നു ചോദിക്കട്ടെ...**

1. ആദി മാതാപിതാക്കൾ ആരെല്ലാം?

   ..........................................................................................................................

2. ദൈവം അവരെ താമസിപ്പിച്ച തോട്ടം ഏത്?

   ..........................................................................................................................

3. ഏത് വൃക്ഷത്തിന്റെ ഫലമാണ് തിന്നരുതെന്ന് ദൈവം കല്പിച്ചത്?

   ..........................................................................................................................

4. നമ്മെ വഴിതെറ്റിക്കുന്നത് ആര്?

   ..........................................................................................................................

5. തെറ്റു ചെയ്താൽ അതിന്റെ ഫലം എന്തായിരിക്കും?

   ..........................................................................................................................

## നമുക്ക് വാക്യം പഠിക്കാം

1. ആദിയിൽ ദൈവം...............................വും, ................................യും സൃഷ്ടിച്ചു

## നമുക്കു പാടാം

ആദാമെന്റെ വല്യപ്പൻ
ഹവ്വാ എന്റെ വല്യമ്മ
ഏദൻ എന്ന തോട്ടത്തിൽ
ദൈവം അവരെ പാർപ്പിച്ചു
കുറ്റം ചെയ്ത നേരത്ത്
ദൈവം അവരെ പുറത്താക്കി

## നമുക്ക് പ്രാർത്ഥിക്കാം

സ്രഷ്ടാവായ ദൈവമേ, ഞങ്ങൾക്കു താമസിക്കുവാൻ ഈ മനോഹരമായ ഭൂമി തന്നിരിക്കുന്നതിനായി നന്ദി. സൂര്യചന്ദ്രന്മാർക്കും, കാറ്റിനും മഴയ്ക്കും,



മനോഹരമായ ഏദൻതോട്ടം

പൂക്കൾക്കും എല്ലാ സൃഷ്ടികൾക്കുമായി നിനക്ക് സ്തോത്രം. താമസിക്കുവാൻ വീടും സ്നേഹിക്കുവാൻ മാതാപിതാക്കളെയും കൂട്ടുകാരെയും തന്നതിനായിട്ടും നിനക്കു സ്തുതി.

**ഗുണപാഠം**

*മാതാപിതാക്കൾ പറയുന്ന കാര്യങ്ങൾ നമ്മൾ അനുസരിക്കണം. അവർ 'അരുത്' എന്ന് വിലക്കുന്ന കാര്യങ്ങൾ ഒരിക്കലും ചെയ്യരുത്. നമ്മെ സൃഷ്ടിച്ച്, നമുക്കെല്ലാം നൽകുന്ന ദൈവത്തെ എന്നും നന്ദിയോടെ സ്തുതിക്കണം.*

**നിശ്ചയം**

**ദൈവത്തെയും മാതാപിതാക്കളെയും ഗുരുക്കന്മാരെയും ഞങ്ങൾ അനുസരിക്കും.**

## തുടർവായനയ്ക്ക്

(ഈ വേദഭാഗങ്ങൾ ഇന്നു (ഞായർ) വൈകിട്ടു മുതൽ അടുത്ത ഞായർ രാവിലെ വരെ വായിക്കുവാനുള്ളതാണ്. രാവിലെയും വൈകിട്ടുമുള്ള കുടുംബപ്രാർത്ഥനാസമയത്ത് വായിക്കുന്നതു നന്ന്. സ്വന്തമായി വായിക്കുവാൻ കഴിയാത്ത കുട്ടികൾക്ക് മാതാപിതാക്കൾ വായിച്ചു കേൾപ്പിക്കുകയും ഒരു ലഘുവിശദീകരണം നൽകുകയും വേണം)

| ദിവസം | പ്രഭാതം | വൈകുന്നേരം |
|---|---|---|
| ഞായർ | * | സങ്കീർത്തനം 8 |
| തിങ്കൾ | ഉല്പത്തി 3:1-7 | ഉല്പത്തി 3:8-14 |
| ചൊവ്വ | സദൃശവാക്യങ്ങൾ 6:20-23 | 1 ശമുവേൽ 15:22 |
| ബുധൻ | യോഹന്നാൻ 14:18-24 | സദൃശവാക്യങ്ങൾ 16:20-23 |
| വ്യാഴം | 1 യോഹന്നാൻ 5:1-4 | റോമർ 5:19-21 |
| വെള്ളി | സങ്കീർത്തനം 119:1-8 | എഫെസ്യർ 6:1-4 |
| ശനി | സദൃശ്യവാക്യങ്ങൾ 23:22-26 | എസ്രാ 3:2-7 |
| ഞായർ | സങ്കീർത്തനം 24 | * |

CMYK

## പാഠം രണ്ട്

# ദൈവശബ്ദം കേട്ട ബാലൻ

(1 ശമുവേൽ 3:1–12)

മുഖ്യസന്ദേശം : ദൈവം എല്ലായ്പ്പോഴും നമ്മോടുകൂടെ ഉണ്ട്. ചില പ്രത്യേക ഉദ്ദേശ്യത്തിനായി ദൈവം ചിലരെ തെരഞ്ഞെടുക്കാറുണ്ട്.

മനഃപാഠവാക്യം : "ശമുവേൽ ബാലനോ വളരുന്തോറും യഹോവയ്ക്കും മനുഷ്യർക്കും പ്രീതിയുള്ളവനായി വളർന്നു." (1 ശമു. 2:26)

പാഠപരിചയം : ദൈവം നമ്മോട് സംസാരിക്കുന്നതായി എപ്പോഴെങ്കിലും നിങ്ങൾക്ക് തോന്നിയിട്ടുണ്ടോ? അങ്ങനെ ദൈവത്തിന്റെ ശബ്ദം കേട്ട ഒരു ബാലന്റെ കഥയാണ് ഈ പാഠം.

### ആമുഖം

ദൈവത്തിനായി സമർപ്പിക്കപ്പെട്ട ഒരു ബാലനായിരുന്നു ശമുവേൽ. പണ്ട് പണ്ട് ഒരു കുടുംബത്തിൽ എൽക്കാന എന്നും ഹന്നാ എന്നും പേരുള്ള ഒരു അപ്പനും അമ്മയും ഉണ്ടായിരുന്നു. അവർക്ക് മക്കളില്ലായിരുന്നു. ദൈവത്തോട് പ്രാർത്ഥിച്ച് അവർക്ക് ഒരു കുഞ്ഞിനെ ലഭിച്ചു. ആ കുഞ്ഞാണ് ശമുവേൽ ബാലൻ. ആ ബാലനെ ദൈവാലയത്തിൽ കൊണ്ടുവന്ന് ഏലി പുരോഹിതനെ ഏൽപിച്ചു. പുരോഹിതനോടൊത്ത് ആ ദൈവാലയത്തിലാണ് കുട്ടി വളർന്നത്. ഒരു ദിവസം ആ ബാലനോട് ദൈവം സംസാരിച്ച സംഭവം ഇന്ന് നമുക്ക് പഠിക്കാം.

### പാഠഭാഗം

പതിവുപോലെ പുരോഹിതനായ ഏലിയും ശമുവേൽ ബാലനും പ്രാർത്ഥനയും ഭക്ഷണവും കഴിഞ്ഞ് കിടന്നുറങ്ങി. അപ്പോൾ ദൈവം ശമുവേലിനെ വിളിച്ചു. പുരോഹിതനാണ് വിളിച്ചതെന്നു കരുതി ശമുവേൽ ഓടി പുരോഹിതന്റെ അടുത്തു ചെന്നു. എന്നെ വിളിച്ചുവോ എന്നു ചോദിച്ചു. "ഇല്ലാ' എന്ന മറുപടി കേട്ട് ശമുവേൽ വീണ്ടും ഉറങ്ങാൻ കിടന്നു. ഇപ്രകാരം മൂന്നു പ്രാവശ്യം ആയപ്പോൾ ദൈവമാണ് ശമുവേലിനെ വിളിച്ചതെന്ന് ഏലി പുരോഹിതന് മനസ്സിലായി. ഇനി വിളിച്ചാൽ "യഹോവേ... അരുളിച്ചെയ്യേണമെ... അടിയൻ കേൾക്കുന്നു." എന്ന് മറുപടി പറയണമെന്ന് പുരോഹിതൻ ശമുവേലിനെ ഉപദേശിച്ചു. ശമുവേൽ പോയി കിടന്നുറങ്ങി. വീണ്ടും ദൈവം അവനെ വിളിച്ചു. അപ്പോൾ, പുരോഹിതൻ നിർദ്ദേശിച്ചതുപോലെ അവൻ മറുപടി പറഞ്ഞു.

പുരോഹിതന്റെ മക്കൾ അനുസരണമില്ലാതെ നടക്കുന്നതുകൊണ്ട് ആ കുടുംബത്തെ ശിക്ഷിക്കും എന്ന് ദൈവം ശമുവേലിനെ അറിയിച്ചു.

ശമുവേൽ ദൈവത്തെ അനുസരിച്ച് ജീവിച്ചു. പിൽക്കാലത്ത് അവൻ ദൈവത്തിന്റെ പ്രവാചകനായിത്തീർന്നു.

ഈ കഥ നമുക്ക് അടുത്ത ഞായറാഴ്ച ഒരു നാടകമായി അഭിനയിക്കാം.

**നമുക്ക് ഉത്തരം പറയാം**

1. ശമുവേൽ ബാലന്റെ മാതാപിതാക്കൾ ആര്?

 ..........................................................................................................................

2. ബാലൻ എവിടെയാണു വളർന്നത്?

 ..........................................................................................................................

3. വളർത്തിയ പുരോഹിതന്റെ പേരെന്ത്?

 ..........................................................................................................................

—ലഘുനാടകം—

രംഗം 1

(സമയം രാത്രി. വൃദ്ധനായ ഏലി പുരോഹിതൻ വിശ്രമിക്കുന്നു. ശമുവേൽ ബാലൻ ഒരു വിളക്ക് വൃത്തിയാക്കുന്നു)

ഏലി: മകനേ, ശമുവേലേ, ദൈവാലയത്തിലെ വിളക്കിൽ എണ്ണ ഒഴിച്ചോ?

ശമുവേൽ: അടിയൻ സന്ധ്യയ്ക്കുതന്നെ വിളക്കു നിറയെ എണ്ണ ഒഴിച്ചു, പിതാവേ. എല്ലായിടവും വൃത്തിയാക്കുകയും ചെയ്തു.

ഏലി: കുഞ്ഞേ, ദൈവം നിന്നെ അനുഗ്രഹിക്കും. നീ നല്ല അനുസരണമുള്ളവനാണ്. എനിക്കുമുണ്ട് രണ്ടു മക്കൾ. എന്തു പറയാനാ, അനുസരണം കെട്ടവരാ. എനിക്കാണേൽ പ്രായമായി. എന്റെ ദൈവത്തോടു ഞാനെന്തു പറയും? ദൈവം ഒരു വഴി കാണിച്ചു തരും.

ശമുവേൽ: ദൈവം ഒരു വഴി കാണിച്ചുതരും പിതാവേ...

ഏലി: നേരം ഒരുപാടു വൈകി. നീ പോയി കിടന്ന് ഉറങ്ങിക്കോളൂ.

(ശമുവേൽ ഏലി പുരോഹിതനെ വണങ്ങിയിട്ട്, ഒരു പായ് എടുത്ത് ചുരുട്ടി ഉറങ്ങാൻ പോകുന്നു)

രംഗം 2

(ദൈവാലയത്തിനുള്ളിൽ ശമുവേൽ ബാലൻ കിടന്നുറങ്ങുന്നു. മറുഭാഗത്തായി ഏലി പുരോഹിതനും കിടക്കുന്നു.)


ശബ്ദം: “ശമുവേലേ...ശമുവേലേ...”

(ശമുവേൽ എണീറ്റ് ഏലിയുടെ അടുക്കലേക്ക് ഓടിചെല്ലുന്നു)

ശമുവേൽ: പിതാവേ, പിതാവേ, അടിയൻ ഇതാ; അടിയനെ വിളിച്ചുവോ?

ഏലി: നിന്നെ ഞാൻ വിളിച്ചില്ലല്ലോ കുഞ്ഞേ. നിനക്കു തോന്നിയതായിരിക്കും. പോയി കിടന്നോ.

CMYK



ശമുവേൽ ബാലൻ ഏലി പുരോഹിതന്റെ കട്ടിലിനരികിൽ നിൽക്കുന്നു.



CMYK

(ശമുവേൽ പോയി കിടക്കുന്നു. അല്പം കഴിഞ്ഞപ്പോൾ)

വീണ്ടും ശബ്ദം: "ശമുവേലേ...ശമുവേലേ..."

(കുട്ടി വീണ്ടും ചാടി എണീറ്റ് ഏലി പുരോഹിതന്റെ അടുക്കൽ ചെല്ലുന്നു)

ശമുവേൽ: അടിയൻ ഇതാ; എന്നെ വിളിച്ചുവല്ലോ.

ഏലി: ഇല്ല മകനേ, ഞാൻ നിന്നെ വിളിച്ചിട്ടില്ല. നീ വല്ല സ്വപ്നവും കണ്ടതായിരിക്കും.

(ശമുവേൽ ബാലൻ വീണ്ടും പോയി കിടക്കുന്നു)

മൂന്നാമതും വിളിക്കുന്ന ശബ്ദം: "ശമുവേലേ...ശമുവേലേ..."

(ബാലൻ മൂന്നാം പ്രാവശ്യവും പുരോഹിതന്റെ അടുത്തുചെല്ലുന്നു)

(ഏലി അല്പനേരം ചിന്തിച്ചശേഷം സ്വയം പറയുന്നു—ഈ കുട്ടിയെ വിളിക്കുന്നത് തീർച്ചയായും യഹോവയായ ദൈവംതന്നെ)

ഏലി: ശമുവേലേ, മകനെ, നീ പോയി കിടക്കുക. ഇനിയും നീ ആ വിളി കേട്ടാൽ "യഹോവേ അരുളിച്ചെയ്യേണമേ; അടിയൻ കേൾക്കുന്നു" എന്നു പറയണം, കേട്ടോ.

ശമുവേൽ: ശരി പിതാവേ...അങ്ങനെതന്നെ ഞാൻ പറയാം. എന്നാൽ ഞാൻ പോകട്ടെ?

(മൂന്നാം പ്രാവശ്യവും ബാലൻ പോയി കിടക്കുന്നു)

വീണ്ടും ശബ്ദം : 'ശമുവേലേ, ശമുവേലേ.'

ശമുവേൽ : (എഴുന്നേറ്റ് മുട്ടുകുത്തി കൈകൾ കൂപ്പിക്കൊണ്ട്) 'യഹോവേ... അരുളിച്ചെയ്യേണമേ, അടിയൻ കേൾക്കുന്നു.'

ശബ്ദം: "ഏലി പുരോഹിതന്റെ പുത്രന്മാർ അനുസരണമില്ലാതെ നടക്കുന്നതുകൊണ്ട് ഞാൻ അവരെ ശിക്ഷിക്കും."

—നാടകം അവസാനിക്കുന്നു—

ദൈവശബ്ദം കേട്ട ശമുവേൽ ബാലൻ പിന്നീട് ദൈവജനത്തെ നയിക്കുന്ന പ്രവാചകനായിത്തീർന്നു.

**നമുക്ക് എഴുതാം**

1. ഈ നാടകത്തിലെ പ്രധാന കഥാപാത്രങ്ങൾ ആരെല്ലാമാണ്?

......................................................................................................................................

2. ശമുവേൽബാലനിൽ നിങ്ങൾ കാണുന്ന ഗുണങ്ങൾ എന്തെല്ലാം?

......................................................................................................................................

3. യഹോവ ശമുവേലിനെ എത്രപ്രാവശ്യം വിളിച്ചു?

......................................................................................................................................

4. ശമുവേലിനെ വിളിച്ചപ്പോൾ അവൻ ആരുടെ അടുത്തേക്കാണ് ഓടിയത്?

......................................................................................................................................

5. ശമുവേൽ ബാലൻ പിന്നീട് ആരായിത്തീർന്നു?

......................................................................................................................................

### നമുക്കു പാടാം

(ടീച്ചർ ഈ ഗാനം ചൊല്ലിത്തരും. എല്ലാവരും ഏറ്റു ചൊല്ലണം)

കുഞ്ഞേ കുഞ്ഞേ നാഥൻ നിൻ
കളിയും ചിരിയും കാണുന്നു
അരുതാത്തതു നീ ചെയ്തെന്നാൽ
കണ്ടു പിടിയ്ക്കും ദൈവമത്
അന്നം തന്നു പോറ്റുന്ന
ആപത്തൊക്കെ മാറ്റുന്ന
ദുഷ്ടനിൽനിന്നും രക്ഷിച്ച
യേശുവൊപ്പം ചേർന്നീടാം

### നമുക്കു പ്രാർത്ഥിക്കാം

ദൈവമായ കർത്താവേ, അങ്ങയുടെ ശബ്ദം കേട്ട്, നല്ല കുട്ടികളായി വളരുവാൻ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങൾ മാതാപിതാക്കന്മാരെ അനുസരിക്കുന്നവരായിത്തീരേണമേ, ആമീൻ.

### ഗുണപാഠം

*കുഞ്ഞുങ്ങൾ ചെറുപ്പം മുതൽ ദൈവാശ്രയത്തിൽ വളരണം. ദൈവവേലക്കു പോകാൻ മനസ്സുള്ളവരായിത്തീരണം.*

### നിശ്ചയം

**ദൈവത്തെ സ്നേഹിക്കുന്ന കുട്ടികളായി ഞങ്ങൾ വളരും.**

### തുടർവായനക്ക്

| ദിവസം | പ്രഭാതം | വൈകുന്നേരം |
|---|---|---|
| ഞായർ | * | 1 ശമുവേൽ 4:10-18 |
| തിങ്കൾ | ഉല്പ. 3:8-18 | 1 ശമുവേൽ 1:20-28 |
| ചൊവ്വ | സങ്കീർത്തനം 119:9-16 | അപ്പോ.പ്ര. 16:25-34 |
| ബുധൻ | യോഹന്നാൻ 11:38-44 | മർക്കൊ. 11:22-26 |
| വ്യാഴം | സങ്കീർത്തനം 71:5-15 | മർക്കൊ. 10:13-16 |
| വെള്ളി | സങ്കീർത്തനം 127 | മത്താ. 18:1-5 |
| ശനി | സദൃ. 22:6-10 | സദൃ. 29:15-20 |
| ഞായർ | ലേവ്യ 19:32-37 | * |

## പാഠം മൂന്ന്

# മോശെ—വെള്ളത്തിൽനിന്നും എടുക്കപ്പെട്ട ശിശു

(പുറപ്പാട് 2)

| | | |
|---|---|---|
| മുഖ്യസന്ദേശം | : | ദൈവം എല്ലാവരെയും കരുതുന്നവനാണ്. |
| മനഃപാഠവാക്യം | : | ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടെയുണ്ട് (യശയ്യാ 41:10) |
| പഠനസഹായികൾ | : | ഈജിപ്റ്റിനെ പരിചയപ്പെടുത്തുവാൻ പിരമിഡിന്റെ ചിത്രം, ഫറവോന്റെ ചിത്രം തുടങ്ങിയവ. |
| പാഠപരിചയം | : | മുൻകാലങ്ങളിൽ ആളുകളെ അടിമകളാക്കിവയ്ക്കുന്ന രീതിയുണ്ടായിരുന്നു. അതുപോലെ യിസ്രായേൽക്കാരും ഈജിപ്തിൽ കുറെക്കാലം അടിമകളായിക്കഴിയേണ്ടിവന്നു. അവരെ അവിടുന്ന് രക്ഷപെടുത്തുന്നതിന് ദൈവം മോശെയെ അയച്ചു. ആ മോശെയുടെ ബാല്യകാലത്തെപ്പറ്റിയാണ് ഈ പാഠം. |

### ആമുഖം

നമ്മളെ വളർത്തുന്നതാരാണ്? നമുക്ക് ഒരു ആപത്തുവന്നാൽ ആരോടാണ് പ്രാർത്ഥിക്കുന്നത്? ദൈവത്തോടാണല്ലോ. ആപത്തുകളിൽനിന്ന് ദൈവം നമ്മെ രക്ഷിക്കും. ഇല്ലേ. അതുപോലെ മോശെ എന്നു പേരുള്ള ഒരു കുഞ്ഞിന് ഒരു ആപത്ത് വന്നുപെട്ടു. അതിൽനിന്ന് ദൈവം അവനെ രക്ഷിച്ച കഥയാണ് നമ്മൾ ഇന്നു പഠിക്കുന്നത്.

### പാഠഭാഗം

എബ്രായ (യിസ്രായേൽ)ജാതിയിൽപെട്ട മാതാപിതാക്കളുടെ കുഞ്ഞായിട്ടാണ് മോശെ ജനിച്ചത്. അവന് മിര്യാം എന്നൊരു സഹോദരിയും അഹറോൻ എന്നൊരു സഹോദരനും ഉണ്ടായിരുന്നു. ഈജിപ്തിലെ രാജാവിന്റെ പേര് ഫറവോൻ എന്നായിരുന്നു. രാജ്യത്ത് എബ്രായക്കാരുടെ എണ്ണം കൂടി വരുന്നതു കണ്ട് രാജാവിന് ഭയമായി. അതുകൊണ്ട് ആൺകുഞ്ഞുങ്ങളെയെല്ലാം ജനിച്ചയുടനെ കൊന്നുകളയാൻ രാജാവ് ഉത്തരവ് കൊടുത്തു.

സുന്ദരനായ മോശെക്കുഞ്ഞിനെ രക്ഷപെടുത്താൻ അവന്റെ അമ്മ അവനെ വെള്ളം കയറാത്ത ഒരു പെട്ടിയിൽ കിടത്തി, നൈൽ നദിയുടെ തീരത്ത് ഞാങ്ങണയുടെ ഇടയിൽ ഒളിച്ചുവച്ചു. സഹോദരി മിറിയം ചെടികൾക്കിടയിൽ മറഞ്ഞ് കാവൽ നിന്നു. ഫറവോന്റെ സഹോദരിയായ രാജകുമാരി കുളിക്കാൻ നദിക്കരയിലെത്തിയപ്പോൾ കുട്ടിയെ കണ്ടു. അവൾ അവനെ കൊട്ടാരത്തിൽ കൊണ്ടുപോയി വളർത്തി.

യിസ്രായേൽ ജനതയെ ഈജിപ്തിലെ കഷ്ടപ്പാടുകളിൽനിന്ന് രക്ഷിച്ചുകൊണ്ടുപോകുവാൻ ദൈവം മോശെയെ പിന്നീട് ചുമതലപ്പെടുത്തി.



നദിയിൽ ഞാങ്ങണയ്ക്കിടയിൽ ശിശു, മറഞ്ഞുനിൽക്കുന്ന പെൺകുട്ടി,
പെട്ടി കാണുന്ന രാജകുമാരി

**നമുക്ക് എഴുതാം**

1. മോശക്കുഞ്ഞിനെ വെള്ളത്തിൽ ഒഴുക്കിയതെന്തിന്?

..........................................................................................................................

2. ആരാണ് കുഞ്ഞിനെ എടുത്തു വളർത്തിയത്?

..........................................................................................................................

3. മോശയുടെ സഹോദരൻ ആര്?

..........................................................................................................................

4. മോശയുടെ സഹോദരിയുടെ പേരെന്ത്?

..........................................................................................................................

## നമുക്കു പാടാം

നിരനിരയായ് അണിയണിയായ്
പോകുവതെന്താണ്?
കൂനനുറുമ്പുകൾ പക്ഷിക്കൂട്ടവും
കാട്ടാനകളും ഗോവിൻനിരയും
വഴിപോലൊഴുകും പുഴകളുമാണേ
ഈ നിരയെല്ലാം കാട്ടീടുന്നൊരു സന്ദേശം
അനുസരണം
ജാഗരണം
സ്നേഹവുമാണത്രെ

## നമുക്കു പ്രാർത്ഥിക്കാം

ഞങ്ങളെ സ്നേഹിക്കുന്ന യേശുവേ, മോശയെപ്പോലെ നിന്റെ കല്പന അനുസരിക്കാനും കഷ്ടപ്പെടുന്നവരെ സഹായിക്കാനും ഞങ്ങൾക്ക് സന്മനസ്സ് നൽകേണമേ. ആമ്മീൻ.

## നിശ്ചയം

**ഞങ്ങൾ സഹോദരങ്ങളെ സ്നേഹിക്കും. ഏതു കാര്യവും ദൈവകൃപയിൽ ആശ്രയിച്ചു ചെയ്യും.**

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | വൈകുന്നേരം |
|---|---|---|
| ഞായർ | * | പുറപ്പാട് 12:37-42 |
| തിങ്കൾ | സങ്കീർത്തനങ്ങൾ 20 | പുറപ്പാട് 33:17-23 |
| ചൊവ്വ | സങ്കീർത്തനങ്ങൾ 145:17-21 | 1 യോഹ. 4:16-20 |
| ബുധൻ | ആവർത്തനം 6:4-10 | സങ്കീർത്തനങ്ങൾ 130 |
| വ്യാഴം | എഫെ. 4:2-7 | വി. മത്താ. 18:23-35 |
| വെള്ളി | ലൂക്കോസ് 6:12-19 | പുറപ്പാട് 3:1-5 |
| ശനി | സങ്കീർത്തനങ്ങൾ 37:5-11 | മർക്കൊസ് 9:2-8 |
| ഞായർ | ലൂക്കോസ് 11:1-4 | * |

## പാഠം നാല്

# ദൈവപുരുഷന്റെ പ്രാർത്ഥന

(2 രാജാക്കന്മാർ 5-ാം അദ്ധ്യായം)

മുഖ്യസന്ദേശം : ദൈവത്തിന്റെ അനുഗ്രഹം വിശുദ്ധന്മാരിൽകൂടിയും നമുക്ക് ലഭിക്കുന്നു.

മനഃപാഠവാക്യം : യഹോവ എന്റെ ഇടയനാകുന്നു. എനിക്ക് മുട്ടുണ്ടാകയില്ല." (എനിക്ക് ഒന്നിന്റെയും കുറവ് അനുഭവപ്പെടുകയില്ല) (സങ്കീ. 23:1).

പഠനസഹായികൾ : നയമാൻ യോർദ്ദാൻ നദിയിലേക്കിറങ്ങുന്ന ചിത്രം. രാജാക്കന്മാരുടെ ചിത്രങ്ങൾ (കുട്ടികളുടെ മാസികകളിൽ നിന്നും എടുക്കാം)

പാഠപരിചയം : യിസ്രായേൽ രാജ്യത്തെ ദൈവപുരുഷനായ എലീശായുടെ ശക്തിയാൽ ആരാം രാജാവിന്റെ സൈന്യാധിപനായ നയമാന്റെ കുഷ്ഠരോഗം മാറുന്ന സംഭവമാണ് ഈ പാഠത്തിന്റെ ഉള്ളടക്കം.

### ആമുഖം

പണ്ടുകാലത്ത് കുഷ്ഠരോഗം വളരെ ഭയാനകമായ ഒരു രോഗമായിരുന്നു. കുഷ്ഠരോഗികളുടെ അടുത്തേക്കു ചെല്ലുവാൻ അന്ന് ആളുകൾ ഭയപ്പെട്ടിരുന്നു. യേശു കർത്താവ് കുഷ്ഠരോഗികളെ സൗഖ്യമാക്കിയതായി വേദപുസ്തകത്തിൽ കാണുന്നുണ്ടല്ലോ. ഏലീശാ എന്നു പേരുള്ള ഒരു പ്രവാചകൻ ഇപ്രകാരം ദൈവത്തിന്റെ ശക്തിയാൽ ഒരു കുഷ്ഠരോഗിയെ സൗഖ്യമാക്കി. ആ സംഭവമാണ് ഒരു നാടകരൂപത്തിൽ നമ്മൾ ഇന്ന് പഠിക്കുന്നത്.

### പാഠഭാഗം

എലീശാപ്രവാചകന്റെ പ്രാർത്ഥനയുടെ ശക്തികൊണ്ടു നടന്ന ഒരു അത്ഭുതസംഭവമാണ് നാമിന്ന് നാടകരൂപത്തിൽ അവതരിപ്പിക്കുന്നത്

—ലഘുനാടകം—

രംഗം 1

### കഥാപാത്രങ്ങൾ

നയമാൻ,
നയമാന്റെ ഭാര്യ,
ബാലിക, ഭൃത്യൻ,
ആരാം രാജാവ്,
ഇസ്രായേൽ രാജാവ്,
ഗേഹസി,
എലീശാ മുഖ്യകഥാപാത്രമാണെങ്കിലും രംഗത്ത് വരുന്നില്ല.

(നയമാന്റെ ഭവനത്തിലെ ഒരു മുറി)

(ആരാം എന്ന രാജ്യത്തെ രാജാവിന്റെ സൈന്യാധിപൻ ആണ് നയമാൻ. അയാൾ ഒരു കുഷ്ഠരോഗിയായിരുന്നു. രംഗത്ത് നയമാന്റെ ഭാര്യ വിഷാദിച്ച് ഇരിക്കുന്നു.)

ഭാര്യ: ആരവിടെ

ഒരു ഭൃത്യൻ (പ്രവേശിക്കുന്നു): എന്താ കൊച്ചമ്മേ?

ഭാര്യ: യിസ്രായേലിൽനിന്ന് അടിമയായി പിടിച്ചുകൊണ്ടുവന്ന ആ പെൺകുട്ടി ഇങ്ങോട്ടു വരാൻ പറയൂ.

ഭൃത്യൻ:ഉത്തരവ് (അവൻ പോകുന്നു)

(പെൺകുട്ടി പ്രവേശിക്കുന്നു)

പെൺകുട്ടി: കൊച്ചമ്മ എന്നെ വിളിച്ചോ?

കൊച്ചമ്മ: യജമാനന്റെ മരുന്നുകളൊക്കെ തയ്യാറാക്കിയോ?

പെൺകുട്ടി: ഉവ്വ് കൊച്ചമ്മ. എല്ലാം ശരിയാക്കിവച്ചിട്ടുണ്ട്.

കൊച്ചമ്മ: എന്തെല്ലാം ചെയ്താലെന്താ, കുഷ്ഠരോഗമല്ലേ. ഇത്രയും മരുന്നെല്ലാം ചെയ്തിട്ടും ഒരു കുറവും ഇല്ലല്ലോ ദൈവമേ. ങാ...എല്ലാം വിധി എന്നല്ലാതെന്തു പറയാൻ.

ബാലിക: കൊച്ചമ്മേ...

കൊച്ചമ്മ: എന്താ...

ബാലിക: ഞാനൊരു കാര്യം പറയട്ടെ. എന്റെ നാട്ടിൽ അത്ഭുതസിദ്ധിയുള്ള ഒരു ദൈവപുരുഷനുണ്ട്. അദ്ദേഹം ഒരു പ്രവാചകനാണ്. യജമാനൻ അദ്ദേഹത്തിന്റെ അടുക്കൽ ഒന്ന് ചെന്നിരുന്നെങ്കിൽ യജമാനന് തീർച്ചയായും രോഗസൗഖ്യം ലഭിച്ചേനേ.

കൊച്ചമ്മ: (ആശ്ചര്യത്തോടെ) ഓ...യിസ്രായേലിൽ അങ്ങനെയൊരാളുണ്ടോ? എന്നാൽ അതൊന്ന് പരീക്ഷിച്ചു നോക്കാമല്ലോ. ഞാനിപ്പോൾതന്നെ യജമാനനോട് ചെന്ന് അറിയിക്കാം. നീ അകത്തേക്ക് പൊയ്ക്കോളൂ. (ബാലിക പോകുന്നു)

(ഈ സമയം നയമാൻ പ്രവേശിക്കുന്നു)

നയമാൻ: നീയെന്താണീ ചിന്തിച്ചുകൊണ്ടിരിക്കുന്നത്?

ഭാര്യ: നമ്മുടെ യിസ്രായേൽക്കാരിയായ ആ അടിമ പെൺകുട്ടിയില്ലേ, അവൾ ഇപ്പോൾ എന്നോടൊരു കാര്യം പറഞ്ഞു.

നയമാൻ: എന്തു കാര്യം?

ഭാര്യ: അവരുടെ നാട്ടിൽ അത്ഭുതസിദ്ധിയുള്ള ഒരു പ്രവാചകൻ ഉണ്ടത്രേ. അങ്ങ് അദ്ദേഹത്തിന്റെ അടുക്കൽ ചെന്നാൽ തീർച്ചയായും ഈ രോഗം സുഖപ്പെടും എന്നാണ് അവൾ പറയുന്നത്.

നയമാൻ: അതുകൊണ്ട് എന്തെങ്കിലും പ്രയോജനം വരുമോ? നീയത് വിശ്വസിക്കുന്നുണ്ടോ?

ഭാര്യ: അല്ല, നമുക്കൊന്ന് പരീക്ഷിച്ചുനോക്കാമല്ലോ.

നയമാൻ: എന്നാൽ ശരി. മഹാരാജാവിന്റെ ഒരു ശുപാർശകത്തും വാങ്ങി നാളെത്തന്നെ പുറപ്പെടാം.

ഭാര്യ: പ്രവാചകനെ കാണുവാൻ പോകുമ്പോൾ എന്തെങ്കിലും ഒരു കാഴ്ച കൊണ്ടുപോകണ്ടേ?

നയമാൻ: തീർച്ചയായും വേണം. വെള്ളിയും പൊന്നും വസ്ത്രങ്ങളുമെല്ലാം വേണ്ടപോലെ ഞാൻ കരുതിക്കൊള്ളാം.

(രണ്ടുപേരും പോകുന്നു)

രംഗം 2

(യിസ്രായേൽ രാജാവിന്റെ കൊട്ടാരം. രാജാവ് സിംഹാസനത്തിലിരിക്കുന്നു. അരികിൽ ഒരു ഭൃത്യനും ഉണ്ട്. നയമാൻ പ്രവേശിച്ച് വണങ്ങുന്നു)

രാജാവ്: നിങ്ങളാരാണ്? എന്തിന് വന്നു?

നയമാൻ: യജമാനനേ, ഞാൻ ആരാം രാജാവിന്റെ സൈന്യാധിപനായ നയമാൻ ആണ്. രാജാവിന്റെ കത്തുമായാണ് ഞാൻ വന്നിരിക്കുന്നത്.

(കത്ത് കൊടുക്കുന്നു. രാജാവ് എഴുത്ത് ചുരുൾ നിവർത്തി വായിക്കുന്നു)

രാജാവ്: (കോപത്തോടെ ചാടിയെഴുന്നേറ്റ്) നിങ്ങളുടെ കുഷ്ഠരോഗം സൗഖ്യമാക്കാൻ നിങ്ങളുടെ രാജാവ് എന്നോട് ആവശ്യപ്പെട്ടിരിക്കുകയാണ്! രോഗം സൗഖ്യമാക്കാനും ജീവിപ്പിക്കാനും ഞാനെന്താ ദൈവമാണോ? അയാളെന്താ ഞാനുമായി ഒരു യുദ്ധത്തിന് കാരണം തേടുകയാണോ?

(ഇതു പറഞ്ഞ് രാജാവ് കോപത്തോടെ തന്റെ വസ്ത്രം കീറുന്നു)

(മുൻ രംഗം തന്നെ. രാജാവ് ചിന്താകുലനായി ഉലാത്തുന്നു. എലീശാ പ്രവാചകന്റെ ഭൃത്യനായ ഗേഹസി പ്രവേശിക്കുന്നു)

രാജാവ്: ആരാണു നീ? എന്താ വന്നത്?

ഗേഹസി: അടിയൻ...ഏലീശാപ്രവാചകന്റെ ഭൃത്യനായ ഗേഹസിയാകുന്നു. അവിടുന്ന് കോപിച്ച് വസ്ത്രം കീറി എന്നറിഞ്ഞ് എന്റെ യജമാനൻ എന്നെ അയച്ചതാണ്. കുഷ്ഠരോഗിയായ നയമാൻ എന്റെ യജമാനന്റെ അടുക്കലേക്ക് ചെല്ലട്ടെ. യിസ്രായേലിൽ ദൈവത്തിന്റെ ഒരു പ്രവാചകനുണ്ടെന്ന് അവൻ അറിയും.

രാജാവ്: (ഗേഹസിയെ ഒന്ന് സൂക്ഷിച്ചു നോക്കുന്നു. പതിയെ ഭാവം മാറ്റി...)

ഓ...അങ്ങനെയോ? എങ്കിൽ നയമാനേം കൂട്ടി നിന്റെ യജമാനന്റെ അടുത്തേക്കു പൊയ്ക്കൊൾക.

ഗേഹസി: ഉത്തരവ് (രാജാവിനെ കുനിഞ്ഞ് വണങ്ങി പോകുന്നു)

രംഗം 4

(എലീശായുടെ ഭവനം. ഗേഹസി നില്ക്കുന്നു. നയമാനും തന്റെ ഭൃത്യനുംകൂടി പ്രവേശിക്കുന്നു)

ഗേഹസി: അങ്ങ് എത്തിയല്ലോ. ഇവിടെ നില്ക്കൂ...ഞാൻ യജമാനനെ അറിയിച്ചിട്ട് വരാം.

(ഗേഹസി അകത്തേക്ക് പോയി തിരിച്ചുവരുന്നു)

ഗേഹസി: (നയമാനോട്) നിങ്ങൾ പോയി യോർദ്ദാൻ നദിയിൽ ഏഴു പ്രാവശ്യം മുങ്ങുക. അപ്പോൾ പരിപൂർണ്ണ സൗഖ്യം കിട്ടും എന്ന് യജമാനൻ പറഞ്ഞു.

നയമാൻ: അതെങ്ങനെ? വെള്ളത്തിൽ കുളിച്ചാൽ കുഷ്ഠരോഗം മാറുമോ? ഇതിനേക്കാൾ നല്ല ആറും തോടും ഞങ്ങളുടെ നാട്ടിലുണ്ടല്ലോ. ഇതിനൊന്നും ഞാനില്ല.

കൂടെ വന്ന ഭൃത്യൻ: അയ്യോ. അങ്ങനെ പറയരുതേ... ദൈവപുരുഷൻ ഒരു ചെറിയ കാര്യമല്ലേ പറഞ്ഞുള്ളൂ. അതു ചെയ്താൽ സൗഖ്യംവരും. നമുക്കൊന്നിച്ച് പോകാം.

(നയമാനും ഭൃത്യനുംകൂടി പോകുന്നു)

രംഗം 5

(എലീശായുടെ ഭവനം)

(നയമാനും ഭൃത്യനും തിരിച്ചുവരുന്നു. നയമാൻ പൂർണ്ണസുഖം പ്രാപിച്ച് ഉല്ലാസവാനായി കയറിവരുന്നു)

നയമാൻ: എന്റെ രോഗം മാറി...എന്റെ രോഗം മാറി... (കൈകൾ ഒക്കെ നീട്ടിക്കാണിച്ചുകൊണ്ട്) ദൈവത്തിനു സ്തുതി...(കൈകൾ മുകളിലേക്ക് ഉയർത്തി) യിസ്രായേലിന്റെ ദൈവമല്ലാതെ വേറൊരു ദൈവമില്ല എന്നു ഞാൻ വിശ്വസിക്കുന്നു. ദൈവത്തിനു സ്തുതി... ദൈവത്തിനു സ്തുതി...

(കർട്ടൻ)

—നാടകം അവസാനിക്കുന്നു—

## പ്രവർത്തനങ്ങൾ

1. ഈ നാടകം മുതിർന്ന കുട്ടികൾ അഭിനയിക്കുന്നത് കാണുക.
2. ഈ പാഠത്തിലെ ആശയം ഒരു കഥപോലെ കൂട്ടുകാരോടും മാതാപിതാക്കളോടും പറഞ്ഞുകേൾപ്പിക്കുക.
3. രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുക.
4. ലോകമെങ്ങുമുള്ള കുഷ്ഠരോഗികൾക്കായും അവരുടെ കുഷ്ഠരോഗമില്ലാത്ത മക്കളെ താമസിപ്പിക്കുന്ന ബാലഭവനങ്ങൾക്കായും പ്രാർത്ഥിക്കുക.

**നമുക്ക് ഉത്തരം പറയാം**

1. ഈ നാടകത്തിലെ കഥാപാത്രങ്ങൾ ആരെല്ലാം?

   ..........................................................................................

2. നയമാൻ ആരായിരുന്നു? അദ്ദേഹത്തിന്റെ അസുഖം എന്തായിരുന്നു?

   ..........................................................................................

3. യിസ്രായേലിലെ പ്രവാചകന്റെ പേരെന്തായിരുന്നു?

   ..........................................................................................

4. ഏതു നദിയിൽ പോയി മുങ്ങുവാനാണ് എലീശാ നയമാനോട് പറഞ്ഞത്? എത്ര പ്രാവശ്യം മുങ്ങണമെന്ന് പറഞ്ഞു?

   ..........................................................................................

5. സൗഖ്യം പ്രാപിച്ചശേഷം നയമാൻ പറഞ്ഞതെന്താണ്?

   ..........................................................................................



നയമാൻ നദിയിലിറങ്ങുന്നു

## നമുക്കു പാടാം

കരുതുന്നവൻ ഞാനല്ലയോ
കലങ്ങുന്നതെന്തിനു നീ.
കണ്ണുനീരിന്റെ താഴ്വരയിൽ
കൈവിടുകയില്ല ഞാൻ നിന്നെ (2)
എന്റെ മഹത്വം കാണുകനീ
എന്റെ കയ്യിൽ തരികനിന്നെ
എന്റെ ശക്തി ഞാൻ നിന്നിൽ പകർന്ന്
എന്നും നടത്തിടും കൃപയിൽ (2)

## നമുക്ക് പ്രാർത്ഥിക്കാം

സ്നേഹസമ്പൂർണ്ണനായ ദൈവമേ, നിന്റെ കൃപയാൽ കുഷ്ഠരോഗിയായ നയമാന് എലീശാവഴി സൗഖ്യം നൽകിയതിനാൽ ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. രോഗത്താൽ വിഷമിക്കുന്ന എല്ലാവർക്കും ആശ്വാസവും സൗഖ്യവും നൽക ണമേ-ആമ്മീൻ.

### ഗുണപാഠം

*ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ല.*

### നിശ്ചയം

**ഞങ്ങൾ എപ്പോഴും ദൈവത്തിൽ ആശ്രയിച്ച് ജീവിക്കും.**

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | വൈകുന്നേരം |
|---|---|---|
| ഞായർ | * | യാക്കോബ് 5:13-16 |
| തിങ്കൾ | സങ്കീ. 10:1-2 | വി. ലൂക്കോ. 9:1-2 |
| ചൊവ്വ | സങ്കീ. 6:2 | സങ്കീ. 138:6-8 |
| ബുധൻ | സങ്കീ. 103:1-3 | വി. ലൂക്കോ5:18-26 |
| വ്യാഴം | വി. യോഹ. 9:1-11 | സങ്കീ. 23:4 |
| വെള്ളി | സങ്കീ. 34:4-6 | വി. ലൂക്കോ. 7:11-15 |
| ശനി | സങ്കീ. 116:1-5 | 1 രാജാ. 17:17-24 |
| ഞായർ | സങ്കീ. 40:1-3 | * |

പാഠം അഞ്ച്

# പ്രവാചകനും കാക്കയും

(1 രാജാ. 17: 1–6)

പഠനോദ്ദേശ്യം : നമ്മുടെ ആവശ്യങ്ങളിൽ ദൈവം നമ്മെ സഹായിക്കുന്നു

മനഃപാഠവാക്യം : "യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മയ്ക്കും കുറവില്ല." (സങ്കീ. 34:10)

പഠനസഹായികൾ : വെള്ളമില്ലാത്ത മരുപ്രദേശങ്ങളുടെ ചിത്രം, ഒരു കാക്കയുടെ ചിത്രം.


പാഠപരിചയം : മഴക്കാലത്ത് വെള്ളപ്പൊക്കവും ഉരുൾപൊട്ടലും കൃഷിനാശവും അനുഭവിക്കുന്നവരുണ്ട്. പലർക്കും വീടുകളും നഷ്ടപ്പെടും. അവർക്ക് അടിയന്തിര സഹായം ആവശ്യമാണ്. അരിയും വസ്ത്രങ്ങളും പുതപ്പും മരുന്നുകളും ഒക്കെ നമ്മൾ സംഭരിച്ച് കൊടുക്കാറുണ്ട്, അല്ലേ? ഒരിക്കൽ ഒരു ക്ഷാമകാലത്ത് ദൈവത്തിന്റെ ദാസനും പ്രവാചകനുമായ ഏലിയാവിന് അത്ഭുതകരമായി ഭക്ഷണം എത്തിച്ചുകൊടുത്ത കഥയാണ് ഈ പാഠം.

### ആമുഖം

സ്വന്തമായി വീടും പുരയിടവും ഇല്ലാത്തവർ കുടിൽ കെട്ടി റോഡരികിലും പുറമ്പോക്കുകളിലും ഒക്കെ താമസിക്കുന്നത് കണ്ടിട്ടുണ്ടല്ലോ. അങ്ങനെയുള്ളവരെ നാം കരുതുകയും സഹായിക്കുകയും ചെയ്യേണ്ടതല്ലേ? എഴുതുവാൻ പേനയോ പെൻസിലോ ഇല്ലാത്തവരും പുസ്തകം വാങ്ങുവാൻ നിവൃത്തിയില്ലാത്തവരും നിങ്ങളുടെ ക്ലാസ്സിലുണ്ടെങ്കിൽ നിങ്ങൾ അവരെ സഹായിക്കുവാൻ തയ്യാറാകില്ലേ? ക്ഷാമകാലത്ത് ഭക്ഷണമില്ലാതെ വിശന്നുവലഞ്ഞ ഒരു പ്രവാചകന് ദിവസവും ഭക്ഷണം എത്തിച്ചു കൊടുക്കാൻ ദൈവം ഒരു മലങ്കാക്കയെ ഉപയോഗിച്ചതിനെപ്പറ്റി നമുക്ക് പഠിക്കാം.

### പാഠഭാഗം

ആരാണ് ഒരു പ്രവാചകൻ? മനുഷ്യരോട് ദൈവം പറയാനാഗ്രഹിക്കുന്ന കാര്യങ്ങൾ അവരെ അറിയിക്കുന്നതിനായി ദൈവം നിയോഗിക്കുന്ന ആളാണ് പ്രവാചകൻ. വിഷമം നിറഞ്ഞ ഒരു കാലഘട്ടത്തിലാണ് ഏലിയാപ്രവാചകൻ ജീവിച്ചിരുന്നത്. ആ രാജ്യത്തെ രാജാവായ ആഹാബ് ദൈവത്തിനിഷ്ടമില്ലാത്ത പല കാര്യങ്ങളും ചെയ്തിരുന്നു. അതുകൊണ്ട് ദൈവം രാജാവിനെയും രാജ്യത്തെയും ശിക്ഷിക്കുവാൻ തീരുമാനിച്ചു. മൂന്നു വർഷത്തേക്ക് ദേശത്തു മഴയും മഞ്ഞും ഉണ്ടാകയില്ല എന്നു ദൈവം പ്രവാചകൻവഴി അറിയിച്ചു. ധാന്യങ്ങൾ വിളയുകയില്ല. ക്ഷാമം ഉണ്ടാകും. ജനം പട്ടിണിയാകും. ഈ വിവരം രാജാവിനെ അറിയിക്കുമ്പോൾ അദ്ദേഹം കോപിക്കുമെന്നു ഉറപ്പായിരുന്നു. ഈ സന്ദേശം കേട്ട രാജാവ് കുപിതനായി ഏലിയാവിനെ വകവരുത്തുവാൻ ആഗ്രഹിച്ചു.



ഏലിയാവിന് അപ്പംകൊടുക്കുന്ന കാക്ക

രാജസന്നിധിയിൽനിന്ന് ധൃതിയിൽ തിരികെ പോരുന്ന വഴി ഏലിയാവിന് ദൈവത്തിന്റെ അരുളപ്പാടുണ്ടായി: "നീ പോയി യോർദ്ദാൻ നദിക്ക് കിഴക്കുള്ള കെരീത്ത് തോട്ടിനരികിൽ ഒളിച്ചിരിക്കണം. അവിടെനിന്ന് വെള്ളം കുടിക്കണം. ഭക്ഷണം തരുവാൻ ഞാൻ ഒരു മലങ്കാക്കയെ നിയോഗിച്ചിട്ടുണ്ട്." യഹോവ കല്പിച്ചത് ഏലിയാവ് അതുപോലെ അനുസരിച്ചു. ദിവസേന രാവിലെയും വൈകുന്നേരവും കാക്ക അപ്പവും ഇറച്ചിയും ഏലിയാവിന് കൊടുത്തുവന്നു. തോട്ടിൽനിന്ന് വെള്ളവും കുടിച്ചു. നോക്കിക്കേ... ദൈവത്തിന്റെ കരുതൽ എത്ര അതിശയകരമാണ്!

**നമുക്ക് ഉത്തരം എഴുതാം**

1. ഈ കഥയിലെ പ്രവാചകന്റെ പേര്.........................................................................എന്നാണ്?
2. മലങ്കാക്ക പ്രവാചകന്.......................................ഉം.........................................ഉം കൊടുത്തു.
3. ദൈവത്തെ ..........................................................അവർക്ക് ഒരു കുറവും ഉണ്ടാവുകയില്ല.
4. പ്രവാചകൻ ഒളിച്ചിരുന്നതെവിടെയായിരുന്നു? .....................................................................
5. അന്നത്തെ രാജാവിന്റെ പേരെന്തായിരുന്നു? .........................................................................
6. ഏലിയാവിന് ആഹാരം ലഭിച്ചതെങ്ങനെയാണ്? .................................................................

**നമുക്കു പാടാം**

എനിക്കായി കരുതാമെന്നുരച്ചവനെ
എനിക്കൊട്ടും ഭയമില്ല നിനച്ചീടുമ്പോൾ
എനിക്കായ് കരുതുവാനിഹത്തിലില്ലേ-ഒന്നും
ചുമത്തുന്നെൻ ഭാരമെല്ലാം നിന്റെ ചുമലിൽ
ഭക്ഷണമില്ലാതെ വാടിക്കുഴഞ്ഞീടുമ്പോൾ
ഭക്ഷണവുമായ് കാകനെന്റെ അരികിൽ വരും
അപ്പവുമിറച്ചി ഇവ കരത്തിൽ തരും
ജീവ ഉറവയിൻ തോടെനിക്കു ദാഹം തീർത്തിടും

**നമുക്കു പ്രാർത്ഥിക്കാം**

ദൈവമേ, ഞങ്ങൾക്ക് അന്നന്നു വേണ്ട ഭക്ഷണം തരുന്നതിനും ഞങ്ങളെ സ്നേഹിക്കുന്നതിനും അങ്ങയെ സ്തോത്രം ചെയ്യുന്നു. ദരിദ്രരെ സഹായിക്കുവാൻ ഞങ്ങൾക്ക് നല്ല മനസ്സ് തരണമെ. ആമ്മീൻ.

**ഗുണപാഠം**

*ദൈവം തന്റെ ഭക്തന്മാരെ കരുതുകയും സംരക്ഷിക്കുകയും ചെയ്യുന്നു.*

**നിശ്ചയം**

**ഞങ്ങൾ ദൈവപൈതങ്ങളായി വളരും.**



ചിത്രം ചായം ഇടുക

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതത്തിൽ | വൈകുന്നേരം |
|---|---|---|
| ഞായർ | * | 1 രാജാ. 17:2-7 |
| തിങ്കൾ | സങ്കീ. 4:3-8 | 1 രാജാ. 17:8-16 |
| ചൊവ്വ | സങ്കീ. | 1 രാജാ 17:17-24 |
| ബുധൻ | ഫിലി. 4:4-7 | 1 രാജാ. 19:1-8 |
| വ്യാഴം | സങ്കീ. | 1 രാജാ. 19:9-15 |
| വെള്ളി | ഫിലി. 4:11-13 | സദൃ. 24:19-22 |
| ശനി | 1 തെസ്സ. 5:15-22 | വി. മത്താ. 15:21-28 |
| ഞായർ | സങ്കീ. 128 | * |

## പാഠം ആറ്

# മന്ത്രിയായിത്തീർന്ന എബ്രായ യുവാവ്

(ഉല്പത്തി 37; 39-45)

പഠനോദ്ദേശ്യം : ജീവിതത്തിൽ പ്രതിസന്ധികൾ വരുമ്പോൾ ദൈവത്തിലാശ്രയിക്കുക. എല്ലാം നന്മയായിത്തീരും.

മനഃപാഠവാക്യം : "ഇതാ സഹോദരന്മാർ ഒത്തൊരുമിച്ചുവസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവുമാകുന്നു." (സങ്കീ. 133:1)

പഠനസഹായികൾ : വി. വേദപുസ്തകം, അടിമവ്യാപാരത്തിന്റെ ചിത്രങ്ങൾ, ഈജിപ്തിലെ രാജാവ്, മന്ത്രി എന്നിവരുടെ വേഷങ്ങൾ കാട്ടുന്ന ചിത്രങ്ങൾ.

പാഠപരിചയം : സഹോദരസ്നേഹം, മാതാപിതാക്കളോടുള്ള ആദരവ് ഇതൊക്കെ ഇന്നത്തെ കുട്ടികളിൽ വളരെ കുറഞ്ഞു പോയിരിക്കുന്നു. എന്തൊക്കെ തെറ്റുകൾ അവർ നമ്മോടു ചെയ്താലും, ദൈവനാമത്തിൽ പൊറുക്കുകയും ക്ഷമിക്കുകയും വേണം. അങ്ങനെ ഒരു മാതൃകാ ബാലന്റെ കഥയാണ് ഈ പാഠം.

### ആമുഖം

നമുക്കെല്ലാം ചേട്ടനും ചേച്ചിയും അനുജനും ഒക്കെക്കാണുമല്ലോ. അപ്പൻ ഒരു നല്ല സമ്മാനം അനുജനു കൊടുത്തു, എനിക്കുതന്നില്ല, അമ്മയ്ക്കു ചേച്ചിയോടാണ് കൂടുതൽ സ്നേഹം, എന്നൊക്കെ കുഞ്ഞുങ്ങൾക്കു തോന്നാറുണ്ട്. എന്നാൽ അസൂയ കൂടിപ്പോയാൽ വലിയ ആപത്താണ്. കേട്ടോ? അസൂയകൊണ്ട് മറ്റുള്ളവരെ വെറുക്കുകയും ഉപദ്രവിക്കുകയും പലരും ചെയ്യാറുണ്ട്. പക്ഷേ, എന്തെല്ലാം പ്രയാസങ്ങൾ ഉണ്ടായാലും ദൈവത്തിൽ ആശ്രയിച്ച് ജീവിക്കുന്നവരാണ് ദൈവമക്കൾ. സഹോദരന്മാരിൽനിന്ന് വളരെ ഉപദ്രവങ്ങൾ ഉണ്ടായിട്ടും അതൊക്കെ ഒരു വെറുപ്പും ഇല്ലാതെ സഹിച്ച് അവസാനം ഉന്നതനായി മാറിയ ഒരു ബാലന്റെ കഥയാണ് നമ്മൾ ഇന്ന് പഠിക്കുവാൻ പോകുന്നത്. (ഉല്പത്തി 37, 39-45)

### പാഠഭാഗം

ബൈബിളിലെ ആദിമ പിതാക്കന്മാരാണ് അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നിവർ. തന്റെ 12 മക്കളിൽ 11-ാമനായ യോസേഫിനോടായിരുന്നു യാക്കോബ് പിതാവിന് ഏറ്റവും സ്നേഹം. ഒരിക്കൽ അവനു മാത്രം ഒരു ഭംഗിയുള്ള കുപ്പായം ഉണ്ടാക്കിക്കൊടുത്തു. സ്വപ്നങ്ങളുടെ അർത്ഥം പറയുവാനും യോസേഫിനു കഴിഞ്ഞിരുന്നു. ഇതെല്ലാംകൂടി ആയപ്പോൾ ചേട്ടന്മാർക്ക് അവനോട് അസൂയ മൂത്തു. അപ്പനറിയാതെ അവർ യോസേഫിനെ മരുഭൂമിയിലെ പൊട്ടക്കിണറ്റിൽ ഇട്ടു. തുടർന്ന് ആ വഴിപോയ ഈജിപ്തിലെ വ്യാപാരിക്ക് അവനെ

വിറ്റുകളഞ്ഞു. വ്യാപാരി അവനെ ഫറവോൻ രാജാവിന്റെ ഉദ്യോഗസ്ഥനായ പൊത്തിഫറിന് വിറ്റു. ആ വീട്ടിൽ നന്നായി വേല ചെയ്തു ജീവിച്ച യോസഫിനെ പൊത്തിഫറിന്റെ ഭാര്യ തെറ്റായ ആരോപണങ്ങൾ ഉന്നയിച്ച് ജയിലിലാക്കി. അവിടെയും യഹോവ അവനോടു കൂടെ ഉണ്ടായിരുന്നു. ഫറവോന്റെ സ്വപ്നങ്ങൾക്കു ശരിയായ അർത്ഥം പറഞ്ഞുകൊടുത്ത് 30-ാം വയസ്സിൽ യോസഫ് മന്ത്രിയായിത്തീർന്നു. രാജ്യം നന്നായി നോക്കി നടത്തി.

**അല്പം നിർത്താം...ചിന്തിക്കാം...**

1. യാക്കോബ് പിതാവിന് എത്ര മക്കളുണ്ടായിരുന്നു?

   ....................................................................................................................................

2. സ്വപ്നത്തിന്റെ അർത്ഥം പറഞ്ഞ മകന്റെ പേരെന്ത്?

   ....................................................................................................................................

3. യാക്കോബിന്റെ എത്രാമത്തെ മകനായിരുന്നു യോസേഫ്?

   ....................................................................................................................................


ദേശത്തു വരാൻ പോകുന്ന ക്ഷാമകാലത്തെക്കുറിച്ച് അറിഞ്ഞ യോസേഫ് ഭാവിയിലേക്കുള്ള ധാന്യം സംഭരിച്ചുവച്ചു. ക്ഷാമം വന്നപ്പോൾ യോസേഫിന്റെ സഹോദരന്മാർ ധാന്യം വാങ്ങുവാൻ ഈജിപ്തിൽ വന്നു. യോസേഫ് അവരെ തിരിച്ചറിഞ്ഞു. തന്നെ ഉപദ്രവിച്ച സഹോദരന്മാരോട് നല്ലവനായ യോസേഫ് ക്ഷമിച്ചു. സ്വന്തം പിതാവിനെയും മുഴുവൻ കുടുംബത്തെയും ഈജിപ്തിൽ കൊണ്ടുവന്ന് സുഖമായി പാർപ്പിക്കുകയും ചെയ്തു.

**നമുക്കു പൂരിപ്പിക്കാം**

1. ഈജിപ്തിൽ..........................................ന്റെ വീട്ടിലാണ് യോസേഫ് ആദ്യം വേലയ്ക്കു നിന്നത്.
2. ഈജിപ്തിലെ രാജാവ്........................................................................................ആയിരുന്നു.
3. യോസേഫ് ആ രാജ്യത്തെ ..........................................................................ആയിത്തീർന്നു.

## നമുക്കു പ്രവർത്തിക്കാം

1. യോസേഫും സഹോദരങ്ങളും ഒടുവിൽ കണ്ടുമുട്ടുന്ന രംഗം സംഭാഷണമാക്കി ക്ലാസ്സിൽ അഭിനയിക്കുക.
2. യോസേഫിന്റെ ജീവിതത്തിലെ സംഭവങ്ങൾക്ക് ക്രമമായി നമ്പരിടുക



മന്ത്രിവേഷത്തിൽ യോസേഫ്, സഹോദരന്മാർ മുമ്പിൽ നിൽക്കുന്നു

- ഫറവോന്റെ മന്ത്രി ☐
- മിസ്രയീം ജയിലിൽ ☐
- ബാലനായ യോസേഫ് ☐
- സഹോദരങ്ങൾ ☐
- അടിമയായി കൊണ്ടുപോകുന്നു ☐
- ചേട്ടന്മാർ യോസേഫിനെ
  പൊട്ടക്കിണറ്റിലിടുന്നു ☐

**നമുക്കു പാടാം**

ക്രിസ്തീയ ജീവിതം സൗഭാഗ്യജീവിതം
കർത്താവിൻ കുഞ്ഞുങ്ങൾക്കാനന്ദ ദായകം
കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും
ക്രിസ്തേശു നായകൻ കൂട്ടാളിയാണേ...

ലോകത്തിൻ താങ്ങുകൾ നീങ്ങിപ്പോയീടുമ്പോൾ
ലോകക്കാരെല്ലാരും കൈവെടിഞ്ഞീടുമ്പോൾ
സ്വന്ത സഹോദരർ തള്ളിക്കളയുമ്പോൾ
യൗസേഫിൻ ദൈവമെൻ കൂട്ടാളിയാണേ...

**നമുക്കു പ്രാർത്ഥിക്കാം**

"എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു എന്ന് അരുളിയ യേശുനാഥാ, സ്നേഹത്തിലും സമാധാനത്തിലും കഴിയുവാൻ ഞങ്ങളെ എല്ലാവരെയും അനുഗ്രഹിക്കേണമേ. ആമ്മീൻ.

**ഗുണപാഠം**

*യഹോവ തന്റെ ഭക്തരെ കൈവിടുകയില്ല. അവർ വിളിച്ചപേക്ഷിക്കുമ്പോൾ അവൻ കൈപിടിച്ചുയർത്തും.*

**നിശ്ചയം**

**ഞങ്ങൾ സഹോദരസ്നേഹം ഉള്ളവരായി ജീവിക്കും.**



ചിത്രം ചായം ഇടുക

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതത്തിൽ | വൈകുന്നേരം |
|---|---|---|
| ഞായർ | * | ഉല്പത്തി 37:1-5 |
| തിങ്കൾ | സങ്കീ. 133 | ഉല്പത്തി 37:18-29 |
| ചൊവ്വ | അ.പ്ര. 3:1-10 | ഉല്പത്തി 46:1-7 |
| ബുധൻ | സങ്കീ. 92:12-14 | അ.പ്ര. 9:1-9 |
| വ്യാഴം | സദൃ. 27:8-10 | വി. യോഹ. 1:32-34 |
| വെള്ളി | വി. ലൂക്കോ. 18:18-24 | വി. ലൂക്കോ. 18:11-20 |
| ശനി | സങ്കീ. 37:1-5 | വി. ലൂക്കോ. 15:21-32 |
| ഞായർ | സദൃ. 17:17-22 | * |

CMYK

### പാഠം ഏഴ്

# ദാനിയേൽ സിംഹക്കുഴിയിൽ

(ദാനിയേൽ 6-ാം അദ്ധ്യായം)

മുഖ്യസന്ദേശം : പ്രാർത്ഥന, നോമ്പ്, ഉപവാസം എന്നിവ മുടങ്ങാതെ അനുഷ്ടിക്കുന്നവർക്ക് രൂപാന്തരം സംഭവിക്കുന്നു. അവർ ദൈവസ്നേഹത്താൽ നിറയുന്നു.

മനഃപാഠവാക്യം : “ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു” (സങ്കീ. 46:1)

പാഠപരിചയം : ഏതു പ്രതിസന്ധി ഘട്ടത്തിലും മുടങ്ങാതെ പ്രാർത്ഥിക്കുന്നവർക്ക് തക്ക സമയത്ത് ദൈവം സഹായം നൽകും. ഇപ്രകാരം മുടക്കം കൂടാതെ പ്രാർത്ഥിച്ചിരുന്ന ഒരു മനുഷ്യനായിരുന്നു ദാനിയേൽ. ഈ ദാനിയേലിനെ അന്യായമായി ഒരിക്കൽ രാജാവ് സിംഹക്കുഴിയിലിട്ടു. അവിടെ നിന്നും അദ്ദേഹത്തെ ദൈവം അത്ഭുതകരമായി രക്ഷപ്പെടുത്തിയ കഥയാണ് ഈ പാഠം.

### ആമുഖം

നമുക്ക് ബുദ്ധിമുട്ടും പ്രയാസങ്ങളും രോഗങ്ങളും ഒക്കെ ഉണ്ടാകുമ്പോൾ നമ്മൾ ദൈവത്തോട് പ്രാർത്ഥിക്കണം. ദൈവം നമ്മോട് കരുണ ചെയ്യും. നമ്മുടെ ഒരു കൂട്ടുകാരന് ഒരു പ്രയാസം ഉണ്ടായാൽ നാം അവരെ സഹായിക്കില്ലേ? തീർച്ചയായും സഹായിക്കും. കഠിനമായ വിഷമസന്ധി നേരിട്ട ഒരു മനുഷ്യനെ ദൈവം ഇടപെട്ട് രക്ഷിച്ച സംഭവമാണ് ഇന്ന് നാം പഠിക്കുന്നത്.

### പാഠഭാഗം

ബാബേൽ രാജാവായ നെബുഖദ്നേസർ യരുശലേം പട്ടണം പിടിച്ചടക്കി. അവിടെ നിന്നും സമർത്ഥരായ ബാലന്മാരെ തന്റെ കൊട്ടാരത്തിൽ കൊണ്ടുപോയി വളർത്തി. അവരിലൊരാൾ ദാനിയേൽ ആയിരുന്നു. ദാനിയേലിന് അവർ ബേൽത്ത്ശസ്സർ എന്നു പേരിട്ടു. അവർക്കു ചെറിയ ജോലികളും നൽകി. അവരിൽ ഏറ്റവും ബുദ്ധിമാനും സൽസ്വഭാവിയും സത്യദൈവമായ യഹോവയെ മാത്രം ആരാധിക്കുന്നവനുമായിരുന്നു ദാനിയേൽ. അവൻ പതിവായി പ്രാർത്ഥിച്ചിരുന്നു. രാജാവിന്റെ കൊട്ടാരത്തിലെ രാജകീയ ഭക്ഷണങ്ങൾ അവൻ കഴിച്ചിരുന്നില്ല. സസ്യാഹാരം മാത്രമാണ് അവൻ ഭക്ഷിച്ചത്. എങ്കിലും രാജകീയ ഭക്ഷണം കഴിച്ചു വളരുന്നവരേക്കാൾ അവൻ ശോഭയുള്ളവനും ആരോഗ്യമുള്ളവനുമായി വളർന്നു. യഹോവയുടെ കൃപയാൽ രാജാവു കണ്ട സ്വപ്നങ്ങളുടെ ശരിയായ അർത്ഥം പറഞ്ഞു കൊടുക്കാൻ ദാനിയേലിനു സാധിച്ചു. അതുകൊണ്ട് കൊട്ടാരത്തിലെ പണ്ഡിതന്മാർക്ക് ദാനിയേലിനോട് അസൂയ തോന്നി. രാജാവിനെ മാത്രമേ വണങ്ങാവൂ എന്നൊരു കല്പന



CMYK



ദാനിയേൽ സിംഹങ്ങളോടൊപ്പം

ഈ പണ്ഡിതന്മാർ എഴുതി രാജാവിനെക്കൊണ്ട് ഒപ്പു വയ്പിച്ചു. യഹോവയെ മാത്രം വണങ്ങുന്ന ദാനിയേൽ അങ്ങനെ അറസ്റ്റിലായി. ദാനിയേലിനെ സിംഹങ്ങളെ വളർത്തുന്ന വലിയ കുഴിയിലേക്കിട്ടുകളഞ്ഞു.

സിംഹക്കുഴിയിൽ കിടന്നുകൊണ്ട് ദാനിയേൽ ഉറക്കെ ദൈവത്തെ വിളിച്ചു. യഹോവ സിംഹങ്ങളുടെ വായ് അടച്ചുകളഞ്ഞു. അങ്ങനെ ഒരു പോറൽപോലും ഏല്ക്കാതെ ദാനിയേൽ പുറത്തുവന്നു.

### നമുക്കു പ്രാവർത്തികമാക്കാം

സഭ കല്പിച്ചിരിക്കുന്ന നോമ്പുകൾ നോക്കണം. നമ്മൾ സസ്യാഹാരം മാത്രം കഴിച്ചാലും ശരീരം നന്നായി വരും. നോമ്പുകാലത്ത് ദരിദ്രർക്കു ഭക്ഷണം നൽകാം.

### നമുക്ക് കണ്ടെത്താം

(ശരിയായ ഉത്തരങ്ങൾക്ക് ✓ അടയാളവും തെറ്റിനു നേരെ x അടയാളവും ഇടുക.)

1. ദാനിയേലിന് ബാബേൽ രാജാവ് ശദ്രക്ക് എന്നു പേരിട്ടു. ☐
2. രാജാവു കണ്ട സ്വപ്നങ്ങൾക്കുത്തരം പറയുവാൻ ദാനിയേലിനു കഴിഞ്ഞു. ☐
3. പണ്ഡിതന്മാർ ദാനിയേലിനെ ഏറെ സ്നേഹിച്ചു. ☐
4. ദൈവമായ യഹോവ ദാനിയേലിനെ രക്ഷിച്ചു. ☐

**നമുക്ക് ഉത്തരം എഴുതാം**

1. ഏതു രാജാവാണ് യെരുശലേം പിടിച്ചടക്കിയത്?

   ..............................................................................................

2. ബാലന്മാർ രാജാവിനെ ആരാധിക്കുവാൻ തയ്യാറായോ?

   ..............................................................................................

3. ദാനിയേലിനു കിട്ടിയ ശിക്ഷ എന്ത്?


   ..............................................................................................

### നമുക്കു പാടാം

ക്രിസ്തീയ ജീവിതം സൗഭാഗ്യജീവിതം
കർത്താവിൻ കുഞ്ഞുങ്ങൾക്കാനന്ദദായകം
കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും
ക്രിസ്തേശു നായകൻ കൂട്ടാളിയാണേ.

അന്ധകാരം ഭൂവിൽ വ്യാപരിച്ചീടുമ്പോൾ
രാജാക്കൾ നേതാക്കൾ ശത്രുക്കളാകുമ്പോൾ
അഗ്നികുണ്ഡത്തിലും സിംഹക്കുഴിയിലും
ദാനിയേലിൻ ദൈവമെൻ കൂട്ടാളിയാണേ....

CMYK




*കുത്തുകൾ യോജിപ്പിക്കുക*



CMYK

CMYK

## നമുക്കു പ്രാർത്ഥിക്കാം

സ്വർഗ്ഗസ്ഥ പിതാവേ, ആപത്തുകളിൽ നീ ഞങ്ങൾക്ക് തുണയായിരിക്കേണമെ. മുടങ്ങാതെ പള്ളിയിൽ പോകുവാനും പതിവായി പ്രാർത്ഥിക്കുവാനും ഞങ്ങളെ സഹായിക്കേണമെ. ആമ്മീൻ..

## ഗുണപാഠം

*എന്തെല്ലാം ബുദ്ധിമുട്ടുണ്ടായാലും ദൈവത്തെ മറക്കരുത്. കളിക്കാനും ടി.വി. കാണാനുമായി പ്രാർത്ഥനയും ആരാധനയും സൺഡേസ്കൂളും ഒരിക്കലും മുടക്കരുത്.*

## നിശ്ചയം

**ഞങ്ങൾ പതിവായി ഞായറാഴ്ച പള്ളിയിലെ ആരാധനയിലും സൺഡേസ്കൂളിലും പങ്കെടുക്കും.**

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതത്തിൽ | വൈകുന്നേരം |
|---|---|---|
| ഞായർ | * | ദാനിയേൽ 1:17 |
| തിങ്കൾ | ദാനി. 1:818 | സങ്കീ. 91:1-6 |
| ചൊവ്വ | ദാനി. 3:14-27 | സദൃ. 15:1-4 |
| ബുധൻ | ദാനി. 6:19-23 | പുറ. 20:8-11 |
| വ്യാഴം | യാക്കോബ് 5:13-16 | സങ്കീ. 119:105-112 |
| വെള്ളി | സങ്കീ. 127 | സദൃ. 22:6-12 |
| ശനി | സവി. മർക്കൊ. 12:33-34 | വി. യോഹ. 15:10-14 |
| ഞായർ | വി. ലൂക്കോ. 11:9-13 | * |



CMYK

## പാഠം എട്ട്

# ക്രിസ്തുമസ്-യേശുവിന്റെ ജനനം

(വി. മത്തായി 2:1-12)

മുഖ്യസന്ദേശം : ദൈവം മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാനായി മനുഷ്യനായി ജനിച്ചു.

മനഃപാഠവാക്യം : "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം. ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം." (വി. ലൂക്കോ. 2:14)

പഠനസഹായികൾ : നക്ഷത്രം, പുൽക്കൂട്, ആട്ടിടയർ, തിരുക്കുടുംബം ഇവ കാട്ടുന്ന ചിത്രങ്ങൾ, പുൽക്കൂടിന്റെ മോഡൽ.

പാഠപരിചയം : പാപികളായ നമ്മെ വീണ്ടെടുക്കുവാനായി ഭൂമിയിൽ മനുഷ്യനായി അവതരിച്ച ദൈവപുത്രനാണ് യേശു. യേശുകുഞ്ഞിന്റെ ജനനം വളരെ അത്ഭുതം നിറഞ്ഞതായിരുന്നു. ആ അത്ഭുതസംഭവം വ്യക്തമാക്കുന്നതാണ് ഈ പാഠം.

### ആമുഖം

ഒരു കുഞ്ഞു ജനിക്കാറാകുമ്പോൾ അമ്മമാർ ആശുപത്രിയിൽ പോകും, കുഞ്ഞിനു വേണ്ട കുട്ടിയുടുപ്പും, തൊട്ടിലും ഒക്കെ വീട്ടിൽ ഒരുക്കും. കുഞ്ഞിന്റെ ജനനം കുടുംബത്തിൽ ഉത്സവം പോലെയാണ്, അല്ലേ? എന്നാൽ യേശുക്രിസ്തുവിന്റെ ജനനസമയത്ത് ഈവിധ സൗകര്യങ്ങളൊന്നും ലഭിച്ചിരുന്നില്ല. പിന്നെ എങ്ങനെയാണ് യേശുക്കുഞ്ഞ് ജനിച്ചത് എന്ന് അറിയണ്ടേ? ഇന്ന് നമുക്ക് ആ സംഭവം പഠിക്കാം.

### പാഠഭാഗം

(വി. മത്താ. 2:1-12; വി. ലൂക്കോ. 2:1-20). യേശുക്കുഞ്ഞിന്റെ ജനനത്തിന്റെ ആഘോഷമാണ് ക്രിസ്തുമസ്. ക്രിസ്തുമസിന് എന്തെല്ലാം ഒരുക്കങ്ങളാണ് നിങ്ങൾ വീട്ടിൽ ചെയ്യുക? കരോൾ സംഘങ്ങൾ പാട്ടുകൾ പാടിക്കൊണ്ട് വീട്ടിൽ വരാറില്ലേ? അവർ പാട്ടുകളിൽകൂടി എന്താണ് നമ്മെ അറിയിക്കുന്നത്? ഒരു പാട്ട് നമുക്ക് പാടി നോക്കാം:

പുൽക്കുടിലിൽ കൽത്തൊട്ടിലിൽ
മറിയത്തിൻ പൊൻ മകനായ്
പണ്ടൊരുനാൾ ദൈവസുതൻ
പിറന്നതിന്നോർമ്മദിനം.

ദൈവദൂതന്മാർ ആട്ടിടയന്മാരെ കർത്താവിന്റെ ജനനം അറിയിച്ചതുപോലെ യേശുവിന്റെ ജനനം നമ്മെ അറിയിക്കുവാനാണ് അവർ വരുന്നത്.

ബേത്‌ലഹേമിലെ ഒരു പുൽക്കൂട്ടിലാണ് യേശുക്കുഞ്ഞ് ജനിച്ചത്.

ആശുപത്രിയോ തൊട്ടിലോ കമ്പിളിപ്പുതപ്പോ ഒന്നും ഉണ്ടായിരുന്നില്ല. കാലിത്തൊഴുത്തിലാണ് ജനിച്ചത്. അമ്മ മറിയം പഴന്തുണികളിൽ കുഞ്ഞിനെ പൊതിഞ്ഞ് പുല്ല് വിരിച്ച്



ചിത്രം ചായം ഇടുക



യേശുവിന്റെ ജനനം, പുൽക്കൂട്ടിൽ, ആട്ടിടയർ വണങ്ങുന്നു, ആകാശത്തിൽ നക്ഷത്രം

CMYK

കിടത്തി. ദൈവം തന്റെ മകനു ജനിക്കാൻ ഏറ്റവും എളിയ സാഹചര്യമാണ് തെരഞ്ഞെടുത്തത്. ഈ സമയം സ്വർഗ്ഗത്തിൽനിന്ന് ഒരു ദൂതൻ കർത്താവിന്റെ ജനനവിവരം അവിടെയുണ്ടായിരുന്ന ആട്ടിടയന്മാരെ അറിയിച്ചു. തുടർന്ന് സ്വർഗ്ഗത്തിൽനിന്ന് ദൂതന്മാരുടെ ഒരു സംഘം ഈ ദൂതനോട് ചേർന്ന് ദൈവത്തെ പാടിപുകഴ്ത്തി.

(ആ പാട്ടാണ്:

**"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം."** എന്ന് വി. വേദപുസ്തകത്തത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.)

ആകാശത്ത് ഒരു ദിവ്യനക്ഷത്രം അവർക്കെല്ലാം അടയാളം കാട്ടി തിളങ്ങി നിന്നു. ദൂതന്റെ അറിയിപ്പ് കേട്ട് യേശുകുഞ്ഞിനെ കാണുവാൻ ആദ്യം എത്തിയത് ആട്ടിടയന്മാരായിരുന്നു. സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷമാണ് യേശുക്രിസ്തുവിന്റെ തിരുപ്പിറവി. ആ ദിവസത്തെയാണ് നമ്മൾ ഇന്ന് ക്രിസ്തുമസ് ആയി ആഘോഷിക്കുന്നത്.

### നമുക്ക് എഴുതാം

ശരിയായ ഉത്തരങ്ങൾക്ക് ✓ അടയാളവും തെറ്റിനു നേരെ x അടയാളവും ഇടുക.

1. ക്രിസ്തുമസ് യേശുവിന്റെ ജനനപ്പെരുന്നാളാണ്. ☐
2. മാർത്തയാണ് യേശുവിന്റെ അമ്മ. ☐
3. യേശുകുഞ്ഞ് ജനിച്ചത് ഒരു വലിയ കൊട്ടാരത്തിലാണ്. ☐
4. യേശുകുഞ്ഞിനെ ആദ്യം ചെന്നു കണ്ടത് ആട്ടിടയന്മാരാണ്. ☐

**നമുക്ക് ഉത്തരം എഴുതാം**

1. യേശു ജനിച്ച പട്ടണത്തിന്റെ പേര്?

   ..............................................................................................................

2. ദൈവം മനുഷ്യനു നൽകിയ ഏറ്റവും വിലയേറിയ സമ്മാനം എന്ത്?

   ..............................................................................................................

3. ആരാണ് ആദ്യം കുഞ്ഞിനെ കാണാൻ എത്തിയത്?

   ..............................................................................................................

ചേരുംപടി ചേർക്കുക (കോളങ്ങൾ തമ്മിൽ വരച്ച് യോജിപ്പിക്കുക)

| | | | |
|---|---|---|---|
| 1. | കന്യക | ☐ | ☐ യേശു |
| 2. | വഴികാട്ടി | ☐ | ☐ മാലാഖമാർ |
| 3. | ഹെരോദാവ് | ☐ | ☐ മറിയം |
| 4. | പുൽക്കൂട് | ☐ | ☐ നക്ഷത്രം |
| 5. | ആദ്യം ജനനവാർത്ത നൽകിയവർ | ☐ | ☐ രാജാവ് |

CMYK

## നമുക്കു പ്രവർത്തിക്കാം

ക്രിസ്തുമസ് കരോൾ ഗാനങ്ങൾ പഠിക്കാം, ടാബ്ലോ ഒരുക്കാം.

## നമുക്കു പാടാം

ദൈവം പിറക്കുന്നു
മനുഷ്യനായ് ബേത്‌ലഹേമിൽ
മഞ്ഞു പെയ്യുന്ന മലമടക്കിൽ
ഹാല്ലേലൂയ്യാ-ഹാലേലൂയ്യാ
ഹാലേലൂയ്യാ-ഹാലേലൂയ്യാ
മണ്ണിലും വിണ്ണിലും മന്ദഹാസം ചൊരിയും
മധുരമനോഹര ഗാനം (2)
  പാതിരാവിൽ മഞ്ഞേറ്റീറനായ്
  പാരിന്റെ നാഥൻ പിറക്കുകയായ് (2)
  പാടിയാർക്കൂ...വീണ മീട്ടൂ...
  ദൈവത്തിൻ ദാസരേ ഒന്നുചേരൂ.

## നമുക്കു പ്രാർത്ഥിക്കാം

“സ്നേഹമുള്ള പിതാവേ... യേശുക്കുഞ്ഞിനെ ഞങ്ങൾക്കു രക്ഷകനായി തന്നതിനു സ്തോത്രം. മാലാഖമാരും ഇടയന്മാരും യേശുക്കുഞ്ഞിനെ പാടിസ്തുതിച്ചതുപോലെ പാടിസ്തുതിക്കുവാൻ ഞങ്ങളെയും ഒരുക്കണമെ. ആമ്മീൻ.

### ഗുണപാഠം

*ദൈവം നമ്മെ വളരെയധികം സ്നേഹിക്കുന്നു. അതുകൊണ്ടാണ് യേശുവിനെ നമുക്കായി ലോകത്തത്തിലേക്കയച്ചത്.*

### നിശ്ചയം

**ഞങ്ങൾ ആഡംബരങ്ങൾ ഉപേക്ഷിച്ച് എളിമ ശീലിക്കും.**

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതത്തിൽ | വൈകുന്നേരം |
|---|---|---|
| ഞായർ | * | വി. ലൂക്കാ. 2:1-7 |
| തിങ്കൾ | യെശയ്യ 9:6-7 | വി. ലൂക്കാ. 2:8-14 |
| ചൊവ്വ | വി. മത്താ. 2:1-6 | വി. ലൂക്കാ. 2:15-20 |
| ബുധൻ | വി. മത്താ. 2:7-12 | സങ്കീ. 41:1-5 |
| വ്യാഴം | സദൃ. 30:17 | വി. യോഹ. 11:17 |
| വെള്ളി | വി. മത്താ. 8:1-4 | വി. മത്താ. 6:16-18 |
| ശനി | വി. മത്താ. 2:13-15 | വി. ലൂക്കാ. 2:41:52 |
| ഞായർ | സദൃ. 25:21-28 | * |



CMYK

## പാഠം ഒൻപത്

# ബാലന്റെ സമർപ്പണം

(യോഹന്നാൻ 6:1–14)

മുഖ്യസന്ദേശം : ദൈവത്തിനു പ്രവർത്തിക്കുവാൻ നമ്മുടെ സഹകരണം ആവശ്യമാണ്.

മനഃപാഠവാക്യം : "സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു" (2 കൊരി 9:7)

പഠനസഹായികൾ : വി. വേദപുസ്തകം, യേശുവിനെയും പുരുഷാരത്തെയും കാണിക്കുന്ന ചിത്രം.

പാഠപരിചയം : ആവശ്യക്കാരെ സഹായിക്കുക എന്നത് ക്രിസ്തീയസ്വഭാവമാണ്. ദൈവം ചിലപ്പോൾ നമ്മെ ഉപയോഗിക്കാറുണ്ട്—മറ്റുള്ള ആളുകളെ സഹായിക്കാൻ. ഒരു വലിയ ആൾക്കൂട്ടത്തെ ഒരു ബാലനിൽ കൂടെ ദൈവംഎങ്ങനെ സഹായിച്ചു എന്നു കാണിക്കുന്നതാണ് ഈ പാഠം.


### ആമുഖം

ഉല്ലാസയാത്ര പോകുമ്പോൾ നാം ഭക്ഷണപ്പൊതികൾ കരുതാറുണ്ട്. അല്ലേ? യേശു തമ്പുരാനെ അനുഗമിക്കുന്നവർക്ക് അങ്ങനെ ഒരു കരുതൽ ഉണ്ടായിരുന്നില്ല. പക്ഷേ, തന്റെ കൂടെ സഞ്ചരിച്ച ആയിരങ്ങൾക്ക് ഭക്ഷണം നൽകാൻ യേശുവിന് കഴിഞ്ഞു. എങ്ങനെ എന്നു നമുക്ക് നോക്കാം?

### പാഠഭാഗം

യേശു എവിടെപ്പോയാലും തന്റെ പ്രസംഗം കേൾക്കാൻ ആയിരക്കണക്കിനാളുകൾ കൂടും. ഒരു പ്രവശ്യം മരുഭൂമിയിൽ മൂന്നു ദിവസം തുടർച്ചയായി ജനം യേശുവിന്റെ വചനം കേട്ടു. എല്ലാവർക്കും നല്ല ക്ഷീണവും തളർച്ചയുമായി. യേശുവിന്റെ മനസ്സലിഞ്ഞു. അവരെ വിശപ്പോടെ പറഞ്ഞുവിടുവാൻ കർത്താവിന് മനസ്സു തോന്നിയില്ല. അവർക്കു ഭക്ഷണം കൊടുക്കണമെന്നാഗ്രഹിച്ചു. കൂട്ടത്തിലുള്ള ഒരു ബാലന്റെ കൈയിൽ അഞ്ചപ്പവും രണ്ടു മീനും ഉണ്ടെന്ന് അന്ത്രയോസ് എന്ന ശിഷ്യൻ കണ്ടുപിടിച്ചു. വഴിയിൽ കഴിക്കുവാൻ അവന് അമ്മ കൊടുത്തയച്ച ഭക്ഷണമായിരുന്നു അത്. അതു മുഴുവൻ സന്തോഷത്തോടെ ആ ബാലൻ യേശുവിനെ ഏല്പിച്ചു. യേശു അപ്പവും മീനും എടുത്തു വാഴ്ത്തി വിളമ്പാൻ കൊടുത്തു. അയ്യായിരം പേർ നിറച്ചു കഴിച്ചിട്ടും 12 കുട്ട നിറയെ അപ്പം ബാക്കി വന്നു! ജനമെല്ലാം അദ്ഭുതപ്പെട്ടു. മരുഭൂമിയിൽ ഇത്രയും ഭക്ഷണം എങ്ങനെയുണ്ടായി?


ഈ അദ്ഭുതം കണ്ട് ആ ബാലന് എത്ര വലിയ സന്തോഷമായിക്കാണും!



യേശുവിനരികിൽ തന്റെ പൊതിയുമായി ബാലൻ. ശിഷ്യന്മാർ അരികിൽ

## നമുക്ക് പ്രവർത്തിക്കാം

വിശേഷദിവസങ്ങളിൽ അനാഥക്കുട്ടികൾക്ക് ഭക്ഷണം ക്രമീകരിക്കുക. ബാലരമ, അമർ ചിത്രകഥകൾ തുടങ്ങിയ കഥാപുസ്തകങ്ങൾ അതു വാങ്ങാൻ നിവർത്തിയില്ലാത്ത കൂട്ടുകാർക്കും വായിക്കാൻ കൊടുക്കുക



*ചിത്രം ചായം ഇടുക*

### നമുക്കു പൂരിപ്പിക്കാം

1. അപ്പവും മീനും കർത്താവിന്റെ മുമ്പാകെ സമർപ്പിച്ചതാര്?..............................................
2. ബാലന്റെ കൈയിൽ എത്ര അപ്പവും എത്ര മീനും ഉണ്ടായിരുന്നു?

   അപ്പം ☐ മീൻ ☐

### നമുക്ക് എഴുതാം

1. ജനക്കൂട്ടം എത്ര ദിവസം പ്രസംഗം കേട്ടുകൊണ്ട് മരുഭൂമിയിൽ കഴിഞ്ഞു?

   ..............................................................................................................................
2. ആരാണ് ബാലനെ കണ്ടെത്തിയത്?

   ..............................................................................................................................
3. എത്ര കൊട്ട അപ്പം ബാക്കി വന്നു?

   ..............................................................................................................................

### നമുക്കു പാടാം

എന്നെത്തന്നെ സന്നിധിയിൽ
കാഴ്ചയണപ്പാനും നാഥാ
എന്നെ നിനക്കു സുഗന്ധമതായ്
അർപ്പിപ്പാനും കൃപ ചെയ്ക.
ആത്മശരീര മനസ്സുകളാം
എന്നുടെ തിരുമുൽ കാഴ്ചകളെ
താതസുതാശ്വാസപ്രദനേ
അൻപൊടു കൈക്കൊണ്ടീടണമേ.

### നമുക്കു പ്രാർത്ഥിക്കാം

“വിശക്കുന്നവർക്ക് ആഹാരം കൊടുത്ത യേശുവേ...വിശക്കുന്നവരായ എല്ലാവർക്കും ആഹാരം ലഭിക്കുവാൻ ഇടയാക്കണമെ.” ആമ്മീൻ.

### ഗുണപാഠം

*നമ്മെ യേശു മുമ്പാകെ സമർപ്പിച്ചാൽ അവൻ നമ്മിലൂടെ വലിയ കാര്യങ്ങൾ പ്രവർത്തിക്കും.*

### നിശ്ചയം

**ഞങ്ങൾക്കുള്ളത് മറ്റുള്ളവരുമായി പങ്കു വെക്കും.**

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതത്തിൽ | വൈകുന്നേരം |
|---|---|---|
| 1. ഞായർ | * | വി. യോഹ. 6:1-14 |
| 2. തിങ്കൾ | വി. ലൂക്കാ. 15:8-10 | വി. മത്താ. 14:13-21 |
| 3. ചൊവ്വ | വി. മർക്കൊ. 1:16-20 | വി. മർക്കൊ. 6:32-44 |
| 4. ബുധൻ | സങ്കീ. 119:105-112 | വി. ലൂക്കാ. 9:28-36 |
| 5. വ്യാഴം | സങ്കീ. 117 | വി. മർക്കൊ. 3:13-19 |
| 6. വെള്ളി | വി. ലൂക്കാ. 15:1-7 | സദൃ. 30:17-18 |
| 7. ശനി | സങ്കീ. 118:8-10 | 1 കൊരി. 16:13-14 |
| 8. ഞായർ | 1 കൊരി. 11:27-31 | * |

## പാഠം പത്ത്

# "ദാവീദുപുത്രാ, കരുണ തോന്നേണമേ"

വി. മർക്കോ. 10:46-52

മുഖ്യസന്ദേശം : കഴിവുകളുടെ ഏറ്റക്കുറച്ചിൽ നോക്കാതെ ദൈവം ഏവരെയും സ്നേഹിക്കുന്നു.

മനഃപാഠവാക്യം : "ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു." (വി. യോഹ. 8:12)

പാഠപരിചയം : വിളിച്ചപേക്ഷിച്ചാൽ കേൾക്കുന്നവനാണ് നമ്മുടെ യേശു. ആർക്കും സഹായിക്കാനാവാത്ത അവസ്ഥയിൽ അവൻ തീർച്ചയായും നമ്മുടെ അരികിലെത്തും. നമ്മെ സഹായിക്കും. ഈ ആശയം വെളിപ്പെടുത്തുന്നതാണ് ഈ പാഠം.

### ആമുഖം

എല്ലാവരും കണ്ണുകളടച്ചിരുന്നേ? എന്തെങ്കിലും കാണുവാൻ സാധിക്കുന്നുണ്ടോ? നമുക്കു ചുറ്റുമുള്ള കാഴ്ചകൾ കാണാൻ കഴിയാത്ത അവസ്ഥ ഒന്നോർത്തു നോക്കിക്കേ—പൂക്കൾ, മരങ്ങൾ, മഴവില്ല്, അമ്മ, അപ്പൻ ഒന്നും കാണാൻ പറ്റുന്നില്ല. എന്തു ബുദ്ധിമുട്ടായിരിക്കും അത് അല്ലേ? അപ്പോൾ കണ്ണിനു കാഴ്ചയില്ലാത്തവരുടെ അവസ്ഥ എന്തായിരിക്കും? അങ്ങനെയുള്ളവരെ കുരുടന്മാർ എന്നു പറയും. അങ്ങനെയുള്ള ഒരു മനുഷ്യനെ യേശു സൗഖ്യമാക്കുന്ന സംഭവം ഇന്നു നമുക്ക് പഠിക്കാം

### പാഠഭാഗം

(വി. മർക്കൊ. 10:46-52). ഒരിക്കൽ യേശുവും ശിഷ്യന്മാരും യെരീഹോ പട്ടണത്തിലൂടെ യാത്ര ചെയ്യുകയായിരുന്നു. അന്ധനായ ഒരു ഭിക്ഷക്കാരൻ വഴിയരികിൽ ഭിക്ഷ യാചിച്ചു കൊണ്ടിരുന്നു. ഇങ്ങനെയുള്ള ഭിക്ഷക്കാരെ നിങ്ങൾ കണ്ടിട്ടുണ്ടോ? ബർത്തിമായി എന്നായിരുന്നു അവന്റെ പേര്. കടന്നുപോകുന്ന ആൾക്കൂട്ടത്തിനു നടുവിൽ നസ്രായനായ യേശു ഉണ്ടെന്നവൻ മനസ്സിലാക്കി. ഉടനെ "യേശുവേ, ദാവീദുപുത്രാ, എന്നോടു കരുണ തോന്നേണമേ" എന്നവൻ ഉറക്കെ നിലവിളിച്ചു പറഞ്ഞു. മിണ്ടാതിരിക്കുവാൻ പലരും അവനെ ശാസിച്ചു. പക്ഷേ, അവൻ കൂടുതൽ ഉച്ചത്തിൽ കർത്താവിനെ വിളിച്ചപേക്ഷിച്ചു. യേശു അവന്റെ ശബ്ദം കേട്ട് നിന്നു. യേശു അവനെ അടുക്കൽ വിളിച്ചു. അവൻ ചാടിയെണീറ്റ് ഓടിച്ചെന്ന് കാഴ്ച തരേണമേ എന്ന് യേശുവിനോടപേക്ഷിച്ചു. യേശു അവനു സൗഖ്യം നൽകി അനുഗ്രഹിച്ചു. ഇപ്പോൾ അവന് യേശുവിനെ കാണാം, ആൾക്കൂട്ടത്തെ കാണാം! അവൻ സന്തോഷംകൊണ്ട് തുള്ളിച്ചാടി. അവൻ ദൈവത്തെ സ്തുതിക്കുകയും യേശുവിനെ അനുഗമിക്കുകയും ചെയ്തു.



യേശു കുരുടന്റെ കണ്ണുകളിൽ തൊടുന്നു. ചുറ്റും ജനക്കൂട്ടം

**നമുക്ക് ഉത്തരം എഴുതാം**

1. വഴിയരികിൽ ഇരുന്ന കുരുടന്റെ പേരെന്ത്?

.......................................................................................................................................

2. അവന്റെ പ്രാർത്ഥന എന്തായിരുന്നു?

.......................................................................................................................................

3. യേശു അവനെ എങ്ങനെ സഹായിച്ചു?

.......................................................................................................................................

4. സൗഖ്യം കിട്ടിയ ബർത്തീമായി എന്തു ചെയ്തു?

.......................................................................................................................................

## ബ്രായ്ക്കറ്റിലെ ശരിയായ ഉത്തരത്തിന് അടിവരയിടുക

1. ബർത്തീമായിക്ക് യേശുവിൻ.............................................ഉണ്ടായിരുന്നു
(ദ്വേഷ്യം, ബന്ധം, വിശ്വാസം)
2. നമ്മൾ കണ്ടുമുട്ടുന്ന വികലാംഗരെ.......................................
(വിമർശിക്കണം, സഹായിക്കണം, നോക്കരുത്)

## പ്രവർത്തനങ്ങൾ

1. “ദാവീദുപുത്രാ, കരുണ തോന്നേണമേ” എന്നാണ് ബർത്തീമായി പ്രാർത്ഥിച്ചത്. നാം ചൊല്ലുന്ന “കുറിയേലായിസ്സോൻ” എന്ന പ്രാർത്ഥനയുടെ അർത്ഥവും അതു തന്നെയാണ്. ഈ പ്രാർത്ഥന 3 പ്രാവശ്യം ഉറക്കെ ചൊല്ലുക.
2. വീട്ടിൽ വരുന്ന ഭിക്ഷക്കാർക്ക് കഴിയുന്ന സഹായം ചെയ്യുവാൻ വീട്ടിലുള്ളവരെ പ്രേരിപ്പിക്കുക.
3. യേശുവും ബർത്തീമായിയുമായുള്ള സംഭാഷണം ക്ലാസ്സിൽ അവതരിപ്പിക്കുക.

## നമുക്കു പ്രാർത്ഥിക്കാം

ബർത്തീമായിയുടെ നിലവിളി കേട്ട് അവന് സൗഖ്യം നൽകിയ യേശുവേ... രോഗികൾക്ക് സൗഖ്യം നൽകണമേ. രോഗികളെ ശുശ്രൂഷിക്കുവാൻ ഞങ്ങൾക്ക് മനസ്സു തരണമെ. ആമ്മീൻ.

## നമുക്കു പാടാം

ശ്രീയേശുനാമം അതിശയ നാമം
ഏഴയെനിക്കിമ്പ നാമം
ഭൂതബാധിതർക്കും നാനാവ്യാധിക്കാർക്കും
മോചനം കൊടുക്കും നാമം
കുരുടർക്കും മുടന്തർക്കും
കുഷ്ഠരോഗികൾക്കുമെല്ലാം
വിടുതലും നൽകും നാമം

CMYK

## ഗുണപാഠം

*ബർത്തിമായി കുരുടനായിരുന്നെങ്കിലും നല്ല വിശ്വാസമുള്ളവനായിരുന്നു. നല്ല വിശ്വാസത്തോടെ നമ്മുടെ ആവശ്യങ്ങൾ യേശുവിനെ അറിയിച്ചാൽ യേശു നമ്മെ സഹായിക്കും.*

## നിശ്ചയം

**ഞങ്ങൾ ഇടവിടാതെ പ്രാർത്ഥിക്കും. 'കുറിയേലായിസ്സോൻ'.**

## തുടർവായനയ്ക്ക്


| ദിവസം | പ്രഭാതത്തിൽ | വൈകുന്നേരം |
|---|---|---|
| ഞായർ | * | വി. മർക്കൊ 10:46-52 |
| തിങ്കൾ | സങ്കീ. 67 | വി. മത്താ. 20:29-34 |
| ചൊവ്വ | സങ്കീ. 24:6 | വി. മത്താ. 9:27-31 |
| ബുധൻ | സദൃ. 25:21-22 | വി. ലൂക്കോ. 18:35-43 |
| വ്യാഴം | സങ്കീ. 100 | വി. ലൂക്കോ. 17:11-19 |
| വെള്ളി | സദൃ. 6:6-11 | വി. മത്താ. 6:9-15 |
| ശനി | സങ്കീ. 23 | വി. മത്താ. 7:7-11 |
| ഞായർ | സദൃ. 7:1-4 | * |



CMYK

## യൂണിറ്റ് രണ്ട്

# പ്രാർത്ഥന



## പാഠം പതിനൊന്ന്

# എങ്ങനെ പ്രാർത്ഥിക്കണം

| | | |
|---|---|---|
| പഠനോദ്ദേശ്യം | : | നമ്മൾ എല്ലാവരും പതിവായി രാവിലെയും വൈകുന്നേരവും കുരിശു വരച്ച് പ്രാർത്ഥിക്കണം |
| മനഃപാഠവാക്യം | : | ഇടവിടാതെ പ്രാർത്ഥിപ്പീൻ (1 തെസ. 5:17) |
| പഠനസഹായി | : | ഒരു കുഞ്ഞ് പ്രാർത്ഥിച്ചുകൊണ്ട് നില്ക്കുന്ന ചിത്രം, സമൂഹമായി പ്രാർത്ഥിക്കുന്നതായി കാണിക്കുന്ന ചിത്രം (ദൈവാലയം) |
| പാഠപരിചയം | : | എങ്ങനെ നന്നായി പ്രാർത്ഥിക്കണം പ്രാർത്ഥനയുടെ നല്ല ഫലങ്ങൾ എന്തൊക്കെയാണ് എന്നീ കാര്യങ്ങൾ വിശദമാക്കുന്നതാണ് ഈ പാഠം. |

### ആമുഖം

ടീച്ചർ ഒരു ചിത്രം കാണിച്ചുകൊണ്ട് പറയുന്നു: "ഈ ചിത്രത്തിൽനിന്ന് എന്തെല്ലാം കാര്യങ്ങൾ മനസ്സിലാകുന്നു" (ഒരു കുഞ്ഞ് പ്രാർത്ഥിച്ചുകൊണ്ട് നില്ക്കുന്ന ചിത്രമാണ് ടീച്ചർ കാണിച്ചത്). ദിവസവും രാവിലെയും വൈകിട്ടും പ്രാർത്ഥിക്കുന്ന ഒരു കുഞ്ഞിനെയാണ് ഈ ചിത്രത്തിൽ കാണുന്നത്. നിങ്ങൾ പതിവായി രാവിലെയും വൈകിട്ടും പ്രാർത്ഥിക്കാറുണ്ടോ? ഇതുപോലെ നമുക്കും പ്രാർത്ഥിക്കാം. പ്രാർത്ഥിക്കുന്നത് എല്ലാവർക്കും ഇഷ്ടമാണോ? എങ്കിൽ എല്ലാവരും പ്രാർത്ഥിക്കുവാനായി തയ്യാറെടുത്തോളൂ. നമുക്ക് ഒരു ചെറിയ പ്രാർത്ഥന ചൊല്ലാം.

### പാഠഭാഗം

ടീച്ചർ: നമുക്ക് എഴുന്നേറ്റ് കൈകൾ കൂപ്പി നിൽക്കാം. (എല്ലാവരെയും അങ്ങനെ നിർത്തുന്നു). ഇപ്പോൾ നമ്മൾ ദൈവസന്നിധിയിലാണ് നിൽക്കുന്നത്. ഇനി നമുക്ക് കണ്ണടച്ച് ദൈവത്തോട് പ്രാർത്ഥിക്കാം. (എല്ലാവരും കണ്ണടയ്ക്കുന്നു) ടീച്ചർ ചൊല്ലുന്ന പ്രാർത്ഥന എല്ലാവരും ഏറ്റു ചൊല്ലുന്നു.

"ഞങ്ങളുടെ കർത്താവേ ഞങ്ങളോട് കരുണ ചെയ്യണമെ" (3 പ്രാവശ്യം)

"കുറിയേലായിസ്സോൻ" (3 പ്രാവശ്യം)

ഇനി എല്ലാവരും കണ്ണുകൾ തുറന്നോളൂ. എല്ലാവരും ഇരിക്കൂ... ടീച്ചർ പറയുന്ന കഥ ശ്രദ്ധിച്ചു കേൾക്കൂ...

ഒരിക്കൽ നഴ്സറി സ്കൂളിൽ പഠിക്കുന്ന ജോമോൻ സ്കൂൾ വിട്ട് വീട്ടിൽ വന്ന് അപ്പയോട് പറഞ്ഞു: "അപ്പേ... എനിക്ക് സ്കൂളിൽ പഠിപ്പിക്കുന്നത് ഒന്നും മനസ്സിലാകുന്നില്ല." അപ്പ അവനെ സ്നേഹപൂർവ്വം അരികിൽ വിളിച്ച് പറഞ്ഞു: "മോനേ... നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം... ദൈവം നമ്മെ അനുഗ്രഹിക്കും." അവർ രണ്ടുപേരുംകൂടി വീട്ടിൽ പതിവായി പ്രാർത്ഥിക്കുന്ന സ്ഥലത്തു ചെന്ന് പ്രാർത്ഥിച്ചു. പ്രാർത്ഥിച്ചുകഴിഞ്ഞപ്പോൾ ജോമോന് വലിയ ആശ്വാസമായി. അന്നു മുതൽ ദിവസേന രാവിലെയും വൈകുന്നേരവും വീട്ടിൽ എല്ലാവരും ഒന്നിച്ച് പ്രാർത്ഥിക്കുമ്പോൾ ജോമോന്റെ പഠനത്തിന്റെ വിജയത്തിനായും അവർ പ്രത്യേകം പ്രാർത്ഥിച്ചു. അതിന്റെ ഫലമായി അവൻ ക്ലാസ്സിൽ കൂടുതൽ ശ്രദ്ധിക്കുവാനും ഗൃഹപാഠങ്ങൾ കൃത്യമായി ചെയ്യുവാനും ഉത്സാഹത്തോടെ പഠിക്കുവാനും തുടങ്ങി. ദൈവം അവന് കൂടുതൽ ഓർമ്മശക്തിയും നൽകി. അങ്ങനെ ദൈവമുമ്പാകെ സമർപ്പിക്കുന്നത് പതിവായി മാറി. അവൻ പഠനത്തിൽ മിടുക്കനായിത്തീർന്നു. അവന്റെ പ്രയാസവും മാറി. കണ്ടില്ലേ...പ്രാർത്ഥനയിലൂടെ ഒരു കുട്ടിയ്ക്ക് ലഭിച്ച അനുഗ്രഹം.

ഇതുപോലെ നിങ്ങൾക്ക് എന്തെങ്കിലും പ്രയാസങ്ങൾ വീട്ടിലോ സ്കൂളിലോ ഉണ്ടായിട്ടുണ്ടോ? (കുട്ടികൾ ഉത്തരം നൽകുന്നു). നമ്മളും ജീവിതത്തിലെ ഏതു പ്രയാസം വരുമ്പോഴും ജോമോനെപ്പോലെ അവ ദൈവത്തോട് പറഞ്ഞാൽ ദൈവം തീർച്ചയായും നമുക്ക് ഉത്തരം തരും. നമ്മുടെ വീട്ടിൽ ദിവസവും നമ്മൾ പരസ്പരം സംസാരിക്കാറുണ്ടല്ലോ. നമ്മൾക്ക് വിശക്കുമ്പോൾ അമ്മയോടല്ലേ നാം പറയുന്നത്? നമ്മൾ മറിഞ്ഞു വീണ് മുട്ടുപൊട്ടിയാൽ നമ്മുടെ അമ്മയോടോ അപ്പനോടോ വല്യപ്പച്ചനോടോ വല്യമ്മച്ചിയോടോ ഒക്കെ നാം പറയാറുണ്ടല്ലോ. നമുക്ക് മിഠായിയും കളിപ്പാട്ടങ്ങളും ആവശ്യമുള്ളപ്പോൾ നാം ആരോടാണ് ചോദിക്കുന്നത്? ചിലപ്പോഴൊക്കെ നാം ചോദിക്കാതെതന്നെ ഇവയൊക്കെ നമുക്ക് വാങ്ങിത്തരാറില്ലേ? നമുക്ക് സമ്മാനങ്ങളും കളിപ്പാട്ടങ്ങളും ഒക്കെ തരുന്നവർക്ക് നാം നന്ദി പറയാറില്ലേ? ഇതൊക്കെയാണെങ്കിലും നമുക്ക് ദോഷം വരുന്നതാണ് എന്നു പറഞ്ഞ് ചില കാര്യങ്ങൾ നാം ആവശ്യപ്പെട്ടാലും നമുക്ക് വാങ്ങിത്തരാറില്ലല്ലോ?

ഇതുപോലെയാണ് ദൈവത്തോട് പ്രാർത്ഥിക്കുന്നതും. പ്രാർത്ഥനയിൽ നാം നമ്മുടെ ആവശ്യങ്ങൾ പറയും. നമ്മുടെ വേദനകളെ അറിയിക്കും. നമുക്ക് ദൈവം തരുന്ന സമ്മാനങ്ങൾക്കും അനുഗ്രഹങ്ങൾക്കും നന്ദി പറകയും ചെയ്യും. എന്നാൽ നമുക്ക് ദോഷമായി വരുന്ന കാര്യങ്ങൾ എത്ര പ്രാർത്ഥിച്ചാലും ദൈവം അത് നമുക്ക് തരികയുമില്ല.

## പ്രവർത്തനങ്ങൾ

1. കൈകൾ കൂപ്പി നിൽക്കുക
2. ടീച്ചറും കുട്ടികളും ചേർന്ന് പ്രയാസത്തിലിരിക്കുന്ന ഒരാളിനുവേണ്ടി പ്രാർത്ഥിക്കുക; സഹായിക്കുക.
3. ദിവസവും രാവിലെയും വൈകിട്ടും വീട്ടിൽ കുടുംബാംഗങ്ങളോടൊത്ത് പ്രാർത്ഥിക്കുക.
4. 'കർത്താവേ ഞങ്ങളോട് കരുണ ചെയ്യണമെ', 'കുറിയേലായിസ്സോൻ' എന്നീ പ്രാർത്ഥനകൾ എപ്പോഴും പ്രാർത്ഥിക്കണം.

താഴെ കാണുന്ന ചിത്രം ശ്രദ്ധിക്കൂ...
ഈ ചിത്രത്തിൽനിന്നും നമുക്ക് എന്തെല്ലാം കാര്യങ്ങൾ മനസ്സിലാക്കാം?



CMYK

### നമുക്ക് പാടാം

ദൈവത്തിന്റെ പൈതൽ ഞാൻ
സ്വർഗ്ഗരാജ്യം എന്റേത്... പാടും ഞാൻ...

### നമുക്ക് പ്രാർത്ഥിക്കാം

കർത്താവേ നീ ഞങ്ങളുടെ ഉള്ളിൽ വസിക്കണമെ. കർത്താവേ ഞങ്ങളെ രക്ഷിക്കേണമെ.

**നിശ്ചയം**

**ഞങ്ങൾ ദിവസവും രാവിലെയും വൈകുന്നേരവും കുരിശുവരച്ച് പ്രാർത്ഥിക്കും**

### തുടർവായനയ്ക്ക്

| ദിവസം | പ്രഭാതത്തിൽ | വൈകുന്നേരം |
|---|---|---|
| ഞായർ | * | സങ്കീ. 145:17-21 |
| തിങ്കൾ | വി. മത്തായി 6:5-15 | വി. മർക്കോസ് 1:32-39 |
| ചൊവ്വ | സങ്കീ. 61:1-8 | സങ്കീ. 33:1-6 |
| ബുധൻ | വി. യോഹ. 14:12-16 | വി. ലൂക്കോ. 6:12-13 |
| വ്യാഴം | വി. യാക്കോബ് 5:13-18 | സങ്കീ. 34:1-10 |
| വെള്ളി | വി. മർക്കോസ് 11:20-26 | വി. മത്തായി 21:18-22 |
| ശനി | വി. മത്തായി 7:7-12 | സങ്കീ. 9:1-2 |
| ഞായർ | സങ്കീ. 63:1-11 | * |

## പാഠം പന്ത്രണ്ട്

# നമ്മൾ പ്രാർത്ഥിക്കുമ്പോൾ

| | | |
|---|---|---|
| പഠനോദ്ദേശ്യം | : | നാം എല്ലാവരും എഴുന്നേറ്റുനിന്ന്, കുരിശുവരച്ച്, കുമ്പിട്ട്, ശ്രദ്ധയോടെ പ്രാർത്ഥിക്കണം |
| മനഃപാഠവാക്യം | : | യഹോവയ്ക്ക് സ്തോത്രം ചെയ്‌വീൻ, അവൻ നല്ലവനല്ലോ, അവന്റെ ദയ എന്നേക്കുമുള്ളത്. (സങ്കീ. 118:1) |
| പഠനസഹായികൾ | : | യേശുക്രിസ്തുവിന്റെ ഗത്സമന പ്രാർത്ഥനയുടെ ചിത്രം, പ്രാർത്ഥിക്കുന്നതായി കാണിക്കുന്ന മറ്റ് ചിത്രങ്ങൾ. |
| പാഠപരിചയം | : | ശരിയായി പ്രാർത്ഥിക്കേണ്ടതെങ്ങനെ, കുരിശുവരയ്ക്കുന്നതും കുമ്പിടുന്നതും എങ്ങനെ, എന്തിനാണ് പ്രാർത്ഥിക്കുമ്പോൾ കുരിശുവരയ്ക്കുന്നതും കുമ്പിടുന്നതും, തുടങ്ങിയ കാര്യങ്ങൾ വിശദമാക്കുന്ന ഒരു പാഠമാണിത്. |

### ആമുഖം

നാം എന്തിനാണ് പ്രാർത്ഥിക്കുന്നത്? എപ്പോഴെല്ലാം പ്രാർത്ഥിക്കണം? നിങ്ങൾ പതിവായി രാവിലെയും വൈകുന്നേരവും പ്രാർത്ഥിക്കാറുണ്ടോ? പ്രാർത്ഥനയിൽകൂടി ദൈവവുമായി ഒരു വലിയ അടുപ്പം ഉണ്ടാകാറില്ലേ? ഇന്ന് നാം 'എങ്ങനെ നന്നായി പ്രാർത്ഥിക്കണം' എന്നാണ് പഠിക്കുന്നത്.

### പാഠഭാഗം

കഴിഞ്ഞ പാഠത്തിൽ, പ്രാർത്ഥനയിലൂടെ ലഭിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ച് നമ്മൾ പഠിച്ചുവല്ലോ. അപ്പോൾ കണ്ട ചിത്രത്തിൽ ഒരു കുഞ്ഞ് നിന്ന് പ്രാർത്ഥിക്കുന്നത് നിങ്ങൾ ശ്രദ്ധിച്ചുവോ? നിങ്ങൾ വീട്ടിൽ പ്രാർത്ഥിക്കുമ്പോൾ നിന്നുകൊണ്ടാണോ പ്രാർത്ഥിക്കുന്നത്? അതെ, നമ്മൾ നിന്നുകൊണ്ട് പ്രാർത്ഥിക്കണം. കാരണം, വലിയവനും പരിശുദ്ധനുമായ ദൈവത്തിന്റെ മുമ്പിലാണ് നമ്മൾ നിൽക്കുന്നത്.

പ്രാർത്ഥിക്കുമ്പോൾ നമ്മൾ കുരിശുവരയ്ക്കുകയും കുമ്പിടുകയും ചെയ്യാറുണ്ടല്ലോ. നിങ്ങൾക്ക് കുരിശുവരയ്ക്കാനറിയാമോ? ഇതാ നോക്കിക്കോളൂ... ഈ രീതിയിലാണ് കുരിശുവരയ്ക്കേണ്ടത് (ടീച്ചർ വരച്ചു കാണിക്കുന്നു. കുഞ്ഞുങ്ങൾ എല്ലാവരും ശ്രദ്ധിക്കുന്നു).

"വലതു കൈയിലെ മൂന്നു വിരലുകൾ (തള്ളവിരലും ചൂണ്ടുവിരലും നടുവിരലും) ചേർത്തുപിടിച്ച് ആദ്യം നെറ്റിയിലും പിന്നീട് നെഞ്ചിലും പിന്നെ ഇടത്തെ തോളിലും ഒടുവിൽ വലത്തെ തോളിലും തൊട്ട് കുരിശു വരയ്ക്കണം." എല്ലാവരും ടീച്ചറിനെ അനുകരിച്ച്

കുരിശു വരയ്ക്കുന്നു. നമ്മുടെ കർത്താവ് കുരിശിന്മേൽ നമുക്കുവേണ്ടി മരിച്ചതുകൊണ്ടാണ് നാം കുരിശു വരയ്ക്കുന്നത്.

വിവിധ അവസരങ്ങളിൽ നാം കുരിശു വരയ്ക്കാറുണ്ട്. രാവിലെ എഴുന്നേൽക്കുമ്പോഴും രാത്രി ഉറങ്ങാൻ പോകുമ്പോഴും ആഹാരം കഴിക്കുമ്പോഴും സ്കൂളിലേക്കിറങ്ങുമ്പോഴും പള്ളിയിൽ പ്രവേശിക്കുമ്പോഴുമെല്ലാം കുരിശു വരയ്ക്കണം.

## ഇനി നമുക്ക് കുമ്പിടുവാൻ പഠിക്കാം

ദുഃഖവെള്ളിയാഴ്ച പള്ളിയാരാധനയിൽ ധാരാളം പ്രാവശ്യം നാം കുമ്പിടുന്നത് ഓർക്കുന്നുണ്ടല്ലോ. ദാനിയേലിനെപ്പോലെയുള്ള പ്രാർത്ഥനാമനുഷ്യർ ദൈവസന്നിധിയിൽ കുമ്പിട്ടുപ്രാർത്ഥിക്കുന്നതായി നാം തിരുവചനത്തിൽ വായിക്കുന്നു. നമ്മൾ കൗമാ നമസ്കരിക്കുമ്പോൾ "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളോട് കരുണയുണ്ടാകണമെ." എന്ന് ചൊല്ലുമ്പോൾ കുരിശുവരച്ച് കുമ്പിടാറില്ലേ?

കുമ്പിടുന്നതെങ്ങനെയെന്നു നോക്കാം (ടീച്ചർ പറഞ്ഞു കൊടുത്തിട്ട് ചെയ്തു കാണിക്കുന്നു)


"കാൽമുട്ടുകളും ഇരു കൈകളും നെറ്റിയും നിലത്തു തൊട്ട് കുമ്പിടണം." കുരിശു വരച്ച് കുമ്പിടുമ്പോൾ നമ്മൾ നമ്മുടെ കർത്താവിന്റെ പാദങ്ങളിൽ മുത്തുകയാണ് ചെയ്യുന്നത്.


ടീച്ചർ കുമ്പിടുന്നു. കുട്ടികൾ അതുപോലെ ചെയ്യുന്നു. പല പ്രാവശ്യം "ദൈവമേ നീ പരിശുദ്ധനാകുന്നു..." ചൊല്ലിച്ചിട്ട് കുമ്പിട്ട് പരിശീലിപ്പിക്കുന്നു.

നമ്മൾ പ്രാർത്ഥിക്കുമ്പോൾ മറ്റെല്ലാ പ്രവർത്തികളിൽനിന്നും മാറി നമ്മുടെ ശ്രദ്ധ മുഴുവനും ദൈവത്തോടുള്ള നമ്മുടെ പ്രാർത്ഥനയിൽ കേന്ദ്രീകരിക്കണം. ടി.വി., മൊബൈൽ മുതലായവയെല്ലാം ഓഫ് ചെയ്യണം. ഭയഭക്തിയോടെ പ്രാർത്ഥിക്കണം. എന്താ ഇനി പ്രാർത്ഥിക്കുമ്പോൾ ഇങ്ങനെയെല്ലാം ചെയ്യുമല്ലോ.

### പ്രവർത്തനങ്ങൾ

1. കുരിശു വരയ്ക്കുക, കുമ്പിടുക
2. കുരിശു വരപോലെ 1, 2 വൃത്തങ്ങൾ ഒറ്റ വരകൊണ്ട് യോജിപ്പിക്കുക. അതുപോലെ 3, 4 വൃത്തങ്ങൾ യോജിപ്പിക്കുക.





ചിത്രം നിറം കൊടുക്കാൻ

## നമുക്കു പാടാം

കുഞ്ഞേ കുഞ്ഞേ പ്രാർത്ഥിക്കുമ്പോൾ കൺകളടയ്ക്കേണ്ടേ...
കുഞ്ഞേ കുഞ്ഞേ പ്രാർത്ഥിക്കുമ്പോൾ കുരിശു വരയ്ക്കേണ്ടേ
കുഞ്ഞേ കുഞ്ഞേ പ്രാർത്ഥിക്കുമ്പോൾ കൈകൾ കൂപ്പേണ്ടേ
കുഞ്ഞേ കുഞ്ഞേ പ്രാർത്ഥിക്കുമ്പോൾ കുമ്പിട്ടീടേണ്ടേ
അങ്ങനെയെങ്കിൽ കുഞ്ഞിൻ പ്രാർത്ഥന ദൈവം കേട്ടീടും (3)

## നമുക്ക് പ്രാർത്ഥിക്കാം

കരുണയുള്ളവനായ കർത്താവേ, ഞങ്ങളോട് കരുണ ചെയ്യണമെ, ഞങ്ങളെ സഹായിക്കേണമെ. കർത്താവേ, ഞങ്ങളെ കൈപിടിച്ച് നടത്തണമെ. എല്ലാ ദിവസവും പ്രാർത്ഥിക്കുവാൻ ഞങ്ങളെ ശക്തരാക്കേണമേ. ആമ്മീൻ.

### നിശ്ചയം

**ഞങ്ങൾ ദിവസവും രാവിലെയും വൈകുന്നേരവും കുരിശുവരച്ച് കുമ്പിട്ട് പ്രാർത്ഥിക്കും. കൂടാതെ അവസരം കിട്ടുമ്പോഴെല്ലാം ലഘു പ്രാർത്ഥനകൾ ചൊല്ലുന്നത് ശീലമാക്കും.**

## തുടർ വായനയ്ക്ക്

| ദിവസം | പ്രഭാതത്തിൽ | വൈകുന്നേരം |
|---|---|---|
| ഞായർ | * | സങ്കീ. 17:1 |
| തിങ്കൾ | സങ്കീ. 55:17 | വി. ലൂക്കോ. 24:52,53 |
| ചൊവ്വ | സങ്കീ. 5:2 | സങ്കീ. 42:8 |
| ബുധൻ | സങ്കീ. 63:1-6 | വി. ലൂക്കോ. 9:18,28,29 |
| വ്യാഴം | സങ്കീ. 5:3 | സങ്കീ. 34:4-6,17 |
| വെള്ളി | സങ്കീ. 55:1 | വി. യോഹ. 14:14 |
| ശനി | വി. മത്തായി 6:6 | സങ്കീ. 69:30-33; വി. യോഹ. 4:20-24 |
| ഞായർ | വി. യോഹ. 11:40-43 | * |

## പാഠം പതിമൂന്ന്

# കർത്തൃപ്രാർത്ഥനയും മറ്റു ലഘു പ്രാർത്ഥനകളും

പാഠനോദ്ദേശ്യം : കർത്താവ് ശിഷ്യന്മാരെ പഠിപ്പിച്ച കർത്തൃപ്രാർത്ഥന നമ്മൾ പതിവായി ചൊല്ലണം.

മനഃപാഠവാക്യം : ദൈവമേ പാപിയായ എന്നോട് കരുണ തോന്നണമേ (വി. ലൂക്കോസ് 18:13).

പാഠപരിചയം : കർത്തൃപ്രാർത്ഥനയും ലഘു പ്രാർത്ഥനകളും ചൊല്ലി പഠിച്ച് പ്രാർത്ഥിക്കുവാൻ പരിശീലിപ്പിക്കുന്ന ഒരു പാഠമാണിത്.

### ആമുഖം

പതിവായി രാവിലെയും വൈകുന്നേരവും പ്രാർത്ഥിക്കണമെന്നും, എങ്ങനെ നന്നായി പ്രാർത്ഥിക്കണമെന്നും, കുരിശുവര, കുമ്പിടീൽ ഇവയും നാം കഴിഞ്ഞ ക്ലാസ്സുകളിൽ പഠിച്ചുവല്ലോ. ഈ ക്ലാസ്സിൽ നമ്മൾ കർത്തൃപ്രാർത്ഥന ചൊല്ലി പഠിക്കുവാൻ പോവുകയാണ്.

### പാഠഭാഗം

ടീച്ചർ: ശിഷ്യന്മാരുടെ അപേക്ഷപ്രകാരം യേശുതമ്പുരാൻ അവരെ ഒരു പ്രാർത്ഥന പഠിപ്പിച്ചു. അത് ഏതാണെന്നു പറയാമോ? ഈ പ്രാർത്ഥന മറ്റ് പ്രാർത്ഥനയോടൊപ്പം നാം എല്ലാ ദിവസവും ചൊല്ലാറുണ്ട്. കർത്താവ് പഠിപ്പിച്ച പ്രാർത്ഥനയായതിനാൽ ഇതിനെ "കർത്തൃപ്രാർത്ഥന" എന്ന് വിളിക്കുന്നു. ഈ പ്രാർത്ഥന വി. വേദപുസ്തകത്തിൽ പുതിയ നിയമത്തിൽ വി. മത്തായി ശ്ലീഹാ എഴുതിയ സുവിശേഷം 6-ാം അദ്ധ്യായം 9 മുതൽ 13 വരെയുള്ള വാക്യങ്ങളിൽ കാണുന്നു.

ടീച്ചർ ചൊല്ലിത്തരുന്ന ഓരോ വാക്യവും എല്ലാവരും ചേർന്ന് ഏറ്റു ചൊല്ലണം. എന്താ തയ്യാറല്ലേ?

ടീച്ചർ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ
നിന്റെ തിരുനാമം പരിശുദ്ധമാകപ്പെടേണമെ
നിന്റെ രാജ്യം വരേണമെ
നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമെ
ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്ന് ഞങ്ങൾക്ക് തരേണമെ.
ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ
ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോട് ക്ഷമിക്കേണമെ.
പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ
പിന്നെയോ ദുഷ്ടനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളേണമെ
എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും
എന്നേക്കും നിനക്കുള്ളതാകുന്നു, ആമ്മീൻ.



ഒരു കുടുംബം ഒന്നിച്ച് പ്രാർത്ഥിക്കുന്നു

ഇങ്ങനെ രണ്ടോ മൂന്നോ പ്രാവശ്യം ചൊല്ലുക. ടീച്ചർ നിങ്ങളെ സഹായിക്കും. വീട്ടിൽ ചെന്നും രാവിലെയും വൈകുന്നേരവും പ്രാർത്ഥിക്കുമ്പോൾ ഈ പ്രാർത്ഥന ശ്രദ്ധയോടും ഉത്സാഹത്തോടും പ്രാർത്ഥിച്ച് മനഃപാഠമാക്കണം.

ഇനി നമുക്ക് എപ്പോഴും പ്രാർത്ഥിച്ച് ശീലമാക്കാവുന്ന ഏതാനും ചെറു പ്രാർത്ഥനകൾ പഠിക്കാം. ഇവയിൽ പലതും വി. വേദപുസ്തകത്തിൽനിന്ന് എടുത്തിട്ടുള്ളതാണ്.

1. ഹാലേലുയ്യാ (ദൈവത്തിന് സ്തുതി-വെളിപ്പാട്: 19:1-6)
2. കുറിയേലായിസ്സോൻ (കർത്താവേ കരുണ ചെയ്യണമെ. വി. ലൂക്കോ: 18:13)
3. ഊശാന (ഞങ്ങളെ രക്ഷിക്കേണമെ. വി. മത്താ. 21:15)

നമുക്ക് സന്തോഷം വരുമ്പോഴും സങ്കടം വരുമ്പോഴും ഈ പ്രാർത്ഥനകൾ ചൊല്ലാവുന്നതാണ്. ഇതു കൂടാതെ കുറെ ചെറു പ്രാർത്ഥനകൾ താഴെ കൊടുത്തിരിക്കുന്നു. അവയും പ്രാർത്ഥിക്കാവുന്നതാണ്.

## എപ്പോഴും പ്രാർത്ഥിക്കാവുന്ന ലഘു പ്രാർത്ഥനകൾ

1. കർത്താവേ, എന്നെ രക്ഷിക്കേണമെ. വി. മത്തായി 14:30
2. യേശുവെ, എന്നെ സഹായിക്കേണമെ. വി. മത്തായി 15:25
3. കർത്താവേ, പാപിയായ എന്നോട് കരുണ തോന്നണമെ. വി. ലൂക്കോസ് 18:13
4. കർത്താവേ, എന്നോട് കരുണ തോന്നണമെ. വി. മർക്കോസ് 10:47
5. ദൈവമെ, നിന്റെ വഴി എന്നെ കാണിക്കേണമെ. സങ്കീർത്തനങ്ങൾ 27:11
6. അടിയൻ ഇതാ, അടിയനെ അയയ്ക്കേണമെ. യെശയ്യാവ് 6:8
7. കർത്താവേ, എന്നെ ഓർത്തുകൊള്ളണമെ. വി. ലൂക്കോസ് 23:42

എല്ലാവരും ഒന്നിച്ച് എഴുന്നേറ്റുനിന്ന് കൈകൾ കൂപ്പി കുരിശുവരച്ച് ഈ പ്രാർത്ഥനകൾ ചൊല്ലുക.

## നമുക്ക് പാടാം

പ്രാർത്ഥനയ്ക്കുത്തരം നൽകുന്നോനെ
നിന്റെ സന്നിധിയിൽ ഞാൻ വരുന്നേ
സ്വർഗ്ഗീയാനുഗ്രഹ ഭണ്ഡാരത്തൽ
വാതിൽ തുറക്കണമെ
　　കേൾക്കണേ എൻ പ്രാർത്ഥന
　　നൽകണേ എൻ യാചന (2)

## പ്രവർത്തനങ്ങൾ

1. കർത്തൃപ്രാർത്ഥന മനഃപാഠമാക്കുക.
2. രാവിലെയും വൈകിട്ടും മുടങ്ങാതെ പ്രാർത്ഥിക്കുന്നത് ശീലമാക്കുക.
3. താഴെത്തന്നിരിക്കുന്ന ചിത്രത്തിന് ചായമിടുക



ചിത്രം ചായം ഇടുക

## ചിത്രങ്ങൾ നോക്കി ഓരോന്നിനും അനുയോജ്യമായ ലഘുപ്രാർത്ഥനകൾ ചൊല്ലുക





..........................................................................   ..........................................................................





..........................................................................   ..........................................................................



..................................................

..................................................

CMYK

### നമുക്ക് പ്രാർത്ഥിക്കാം

ദൈവമെ ഞങ്ങൾ നിന്റെ സന്നിധിയിൽ നിൽക്കുന്നു. അങ്ങ് ഞങ്ങളെ പഠിപ്പിച്ച പ്രാർത്ഥന എപ്പോഴും ചൊല്ലുവാൻ ഞങ്ങളെ സഹായിക്കേണമെ. ഞങ്ങൾ എപ്പോഴും നിന്റെ തിരുനാമത്തെ സ്തുതിച്ച് വാഴ്ത്തുന്നവരായി തീരേണമെ. ആമ്മീൻ.

### നിശ്ചയം

**കർത്തൃപ്രാർത്ഥനയും മറ്റ് ലഘു പ്രാർത്ഥനകളും പഠിച്ച് ഞങ്ങൾ പതിവായി പ്രാർത്ഥിക്കും.**

### തുടർവായനയ്ക്ക്

| ദിവസം | പ്രഭാതത്തിൽ | വൈകുന്നേരം |
|---|---|---|
| ഞായർ | * | വി. മത്തായി 7:7-12 |
| തിങ്കൾ | വി. മർക്കോസ് 11:24-25 | വി. മത്തായി 18:19-20 |
| ചൊവ്വ | വി. മത്തായി 26:41 | വി. മർക്കോസ് 9:29 |
| ബുധൻ | സങ്കീ. 34:1-3 | വി. മത്തായി 17:21 |
| വ്യാഴം | വി. ലൂക്കോസ് 6:12 | സങ്കീ. 107:6-7 |
| വെള്ളി | സങ്കീ. 107:13-14 | സങ്കീ. 107:19-20 |
| ശനി | സങ്കീ. 34: 4-6 | വി. മത്തായി 19:13-15 |
| ഞായർ | സങ്കീ. 34:17-19 | * |



CMYK

# യൂണിറ്റ് മൂന്ന്

# ആരാധനാ ഗീതങ്ങൾ



## പാഠം പതിനാല്

## നമുക്ക് പാടി ദൈവത്തെ ആരാധിക്കാം

പഠനോദ്ദേശ്യം : വി. കുർബ്ബാനയിൽ ഗീതങ്ങൾ അർത്ഥം മനസ്സിലാക്കി ചൊല്ലണം

മനഃപാഠവാക്യം : "സ്തുതിക്കുന്നത് നേരുള്ളവർക്ക് ഉചിതമല്ലോ." (സങ്കീർത്തനം 33:1)

പാഠപരിചയം : വി. കുർബ്ബാനയിൽ നാം പാടുന്ന "അൻപുടയോനെ..." എന്ന ഗാനം പഠിക്കുകയും അതിന്റെ അർത്ഥം മനസ്സിലാക്കുകയും ചെയ്യുന്നതിനുള്ള ഒരു പാഠമാണിത്.

### ആമുഖം

നമ്മൾ വി. കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ പാട്ടുകൾ പാടാറുണ്ടല്ലോ? ഏതെങ്കിലും ഒരു പാട്ട് ഇപ്പോൾ ഒന്നു പാടാമോ? (അറിയാവുന്ന ചില പാട്ടുകൾ കുട്ടികൾ പാടുന്നു). വി. കുർബ്ബാനയുടെ വളരെ പ്രധാനപ്പെട്ട ഒരു ഭാഗത്ത് പാടുന്ന ഒരു ഗീതം ഇന്ന് നമുക്ക് പഠിക്കാം.

### പാഠഭാഗം

വി. കുർബ്ബാനയിൽ മറ ഇടുന്നത് നിങ്ങൾ കണ്ടിട്ടുണ്ടല്ലോ? വി. കുർബ്ബാനയുടെ ഏകദേശം മദ്ധ്യഭാഗത്തായി വി. മദ്ബഹാ മറകൊണ്ട് മൂടുമ്പോൾ ചൊല്ലുന്ന ഒരു പാട്ടാണിത്. ടീച്ചർ ചൊല്ലിത്തരുമ്പോൾ എല്ലാവരും ചേർന്ന് ഏറ്റുചൊല്ലണം.

അൻപുടയോനേ നിൻവാതിൽ  
മുട്ടുന്നു ദാസർ നാദം  
ആവശ്യത്താൽ യാചിക്കും  
അടിയാരേ തള്ളീടല്ലേ

രണ്ടോ മൂന്നോ പ്രാവശ്യം ആവർത്തിച്ച് ചൊല്ലുക

ഇനി ഈ ഗാനത്തിന്റെ അർത്ഥംകൂടി നമുക്ക് മനസ്സിലാക്കാം. ഇത് വളരെ ലളിതമായ ഒരു പ്രാർത്ഥനയാണ്. 'അൻപുടയോനേ' എന്നാണ് ഇവിടെ നാം ദൈവത്തെ വിളിക്കുന്നത്.

കരുണാമയനായ കർത്താവേ എന്നാണ് ഇതിന്റെ അർത്ഥം. കർത്താവ് കരുണയുള്ളവനാണെന്നു നിങ്ങൾക്ക് തോന്നിയിട്ടില്ലേ?

“അൻപുടയോനെ നിൻ വാതിൽ
മുട്ടുന്നു ദാസർ നാദം.”

അതായത്, കരുണാമയനായ ദൈവമേ...നിന്റെ അനുഗ്രഹങ്ങളുടെ വാതിലിൽ ഞങ്ങൾ മുട്ടിവിളിക്കുന്നു. എന്താണ് മുട്ടിവിളിക്കുക എന്നാൽ അർത്ഥം? നമ്മുടെ വീട്ടിൽ ഭിക്ഷയ്ക്കായി വരുന്നവർ എന്താണു ചെയ്യുക? കോളിങ് ബെൽ അടിക്കും. പണ്ടുകാലത്ത് വാതിൽക്കൽ മുട്ടിവിളിക്കുകയായിരുന്നു ചെയ്തിരുന്നത്. ഇപ്പോഴും വീട്ടിൽ കോളിങ് ബെല്ല് ഇല്ലെങ്കിൽ അവർ വാതിലിൽ മുട്ടിത്തന്നെയല്ലേ വിളിക്കുന്നത്? ഈ പാട്ടു പാടുമ്പോൾ കരുണാമയനായ ദൈവത്തിന്റെ മുമ്പിൽ സഹായത്തിനായി നാമും മുട്ടിവിളിക്കുകയാണ്.

ഇനിയും അടുത്ത രണ്ടുവരികൾകൂടി പാടാം

ആവശ്യത്താൽ യാചിക്കും
അടിയാരേ തള്ളീടല്ലേ

നമുക്കെല്ലാം ദൈവത്തിന്റെ സഹായമുണ്ടെങ്കിലേ ജീവിക്കുവാൻ സാധിക്കുകയുള്ളു. നമ്മുടെ ജീവിതത്തിൽ എത്രയോ ആവശ്യങ്ങൾ നമുക്ക് നേടുവാനായിട്ടുണ്ട്. നമ്മുടെ ആവശ്യങ്ങളെ നൽകണമെ എന്ന് നാം ദൈവത്തോട് പ്രാർത്ഥിക്കുകയാണിവിടെ. ദൈവം നമ്മുടെ പിതാവെന്നതുപോലെ രാജാവുമായതിനാലാണ് നാം ‘അടിയാരെ’ എന്ന് നമ്മെക്കുറിച്ച് പറയുന്നത്. ദൈവമുമ്പാകെ നമുക്കുള്ള വിനയം കാണിക്കുന്ന ഒരു വാക്കാണിത്.

ശമുവേൽ ബാലൻ ദൈവം വിളിച്ചപ്പോൾ എന്ത് മറുപടിയാണ് പറഞ്ഞത്? “അരുളിച്ചെയ്യണമെ അടിയൻ കേൾക്കുന്നു” എന്നല്ലേ? (1 ശമുവേൽ 3:10) അതുപോലെയാവണം നാമും ദൈവത്തോട് സംസാരിക്കുന്നത്. അപ്പോൾ “നിന്റെ കൃപ മാത്രം ആവശ്യമായിരിക്കുന്ന ഈ അടിയാരുടെ അപേക്ഷകൾ തള്ളിക്കളയരുതെ” എന്നാണ് നാം പ്രാർത്ഥിക്കുന്നത്.

നല്ലൊരു പ്രാർത്ഥനയല്ലേ ഇത്. ഇനിയും ഈ പാട്ട് പാടുമ്പോൾ ശ്രദ്ധയോടെ അർത്ഥം ധ്യാനിച്ചു പാടുമല്ലോ. അല്ലേ?

ഇത് വി. കുർബ്ബാനയിൽ പാടുന്ന പാട്ടാണെങ്കിലും ഏതു സമയത്തും ഉപയോഗിക്കാവുന്ന മനോഹരമായ ഒരു പ്രാർത്ഥനാഗീതമാണ്. ഈ പാട്ട് വി. കുർബ്ബാനയിൽ പാടുമ്പോൾ ഒരു വരി കഴിഞ്ഞ് ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ എന്നും രണ്ടാമത്തെ വരി കഴിഞ്ഞ് ബാറെക്മോർ കുറിയേലായിസ്സോൻ എന്നുംചേർത്ത് നാലുവരികളായിട്ടും ചൊല്ലാറുണ്ട്. ഇത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടല്ലോ? ഹാലേലൂയ്യാ എന്നാൽ ദൈവത്തിനു സ്തുതി എന്നും ബാറെക്മോർ എന്നാൽ കർത്താവേ വാഴ്ത്തണമെ എന്നും കുറിയേലായിസ്സോൻ എന്നാൽ കർത്താവേ കരുണ ചെയ്യണമെ എന്നുമാണ് അർത്ഥം. ഇവയും നല്ല പ്രാർത്ഥനകൾതന്നെയല്ലേ?

ഇനി ഈ വാക്കുകൾകൂടി ചേർത്ത് നമുക്ക് ഒരുമിച്ചു പാടാം. എല്ലാവരും ചേർന്ന് എഴുന്നേറ്റ് നിന്ന് പാടുന്നു.



കർത്താവ് നിൽക്കുന്ന മുറിയുടെ വാതിൽക്കൽ മുട്ടുന്ന കുട്ടി

## പ്രവർത്തനങ്ങൾ

1. ഈ പാട്ട് പല പ്രാവശ്യം പാടി മനഃപാഠമാക്കുക
2. മാതാപിതാക്കളെയും കൂട്ടുകാരെയും ഇത് ചൊല്ലി കേൾപ്പിക്കുക

**നിശ്ചയം**

**വി. കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ അർത്ഥം മനസ്സിലാക്കി പാട്ടുകൾ പാടും. ഞങ്ങളുടെ ആവശ്യങ്ങൾ ദൈവസന്നിധിയിൽ സമർപ്പിക്കും.**

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതത്തിൽ | വൈകുന്നേരം |
|---|---|---|
| ഞായർ | * | സങ്കീ. 145:18,19 |
| തിങ്കൾ | കൊലോസ്യർ 4:2 | സങ്കീ. 146:1-2 |
| ചൊവ്വ | 1 തെസ്സ. 5:16-22 | സങ്കീ. 147:1 |
| ബുധൻ | സങ്കീ. 140:6 | സങ്കീ. 149:1 |
| വ്യാഴം | 1 കൊരിന്ത്യർ 14:15 | സങ്കീ. 150:1-2 |
| വെള്ളി | സങ്കീ. 18:6 | സങ്കീ. 150:3-6 |
| ശനി | സങ്കീ. 20:1-2 | സങ്കീ. 148:1-3 |
| ഞായർ | സങ്കീ. 117 | * |

## പാഠം പതിനഞ്ച്

# നമുക്ക് പാടാം; മദ്ധ്യസ്ഥപ്രാർത്ഥന അർപ്പിക്കാം

പഠനോദ്ദേശ്യം : വി. ആരാധനയിലെ മദ്ധ്യസ്ഥപ്രാർത്ഥനാ ഗീതങ്ങൾ അർത്ഥം മനസ്സിലാക്കി ചൊല്ലണം

മനഃപാഠവാക്യം : "ഇതാ ഞാൻ കർത്താവിന്റെ ദാസി. നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ." (വി. ലൂക്കോസ് 1:38)

പാഠപരിചയം : ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയംപ്രാപിച്ചുകൊണ്ട് ആരാധനയിൽ പാടുന്ന "നിർത്തീടരുതേ പരിശുദ്ധേ..." എന്ന ഗാനം പഠിക്കുകയും അതിന്റെ അർത്ഥം മനസ്സിലാക്കുകയും ചെയ്യുന്നതിനുള്ള ഒരു പാഠമാണിത്

### ആമുഖം

നമ്മുടെ പ്രാർത്ഥനയിൽ നാം ദൈവമാതാവിനും വിശുദ്ധന്മാർക്കുംവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. അവർ നമുക്കുവേണ്ടിയും പ്രാർത്ഥിക്കുന്നുണ്ട്. കൂടാതെ നമുക്കുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കണമെന്ന് ദൈവമാതാവിനോടും വിശുദ്ധരോടും നമ്മൾ അപേക്ഷിക്കുന്നുണ്ട്. ഇതിനെ നമ്മൾ 'മദ്ധ്യസ്ഥപ്രാർത്ഥന' എന്ന് വിളിക്കുന്നു. വി. കുർബ്ബാനയിൽ നമ്മൾ ദൈവമാതാവിനോടും പരിശുദ്ധന്മാരോടുമുള്ള മദ്ധ്യസ്ഥതാ ഗാനങ്ങൾ ചൊല്ലുന്നുണ്ട്.

അതിൽ ദൈവമാതാവിനോടുള്ള ഒരു മദ്ധ്യസ്ഥതാ ഗാനമാണ് നമ്മൾ ഇന്ന് പഠിക്കുവാൻ പോകുന്നത്.

### പാഠഭാഗം

താഴെ പറയുന്ന ഗീതം ടീച്ചർ ചൊല്ലിത്തരുമ്പോൾ എല്ലാവരും ചേർന്ന് ഏറ്റു ചൊല്ലണം

നിർത്തീടരുതേ...പരിശുദ്ധേ...<br>
ഞങ്ങൾക്കായുള്ളർത്ഥനയേ...<br>
ഞങ്ങളിലാർദ്രത തോന്നീടാൻ-<br>
ഏകാത്മജനോടർത്ഥിക്ക.

രണ്ടോ മൂന്നോ പ്രാവശ്യം ഈ ഗാനം ഏറ്റുചൊല്ലുക

ഈ പാട്ട് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ?

ഇത് ദൈവമാതാവിനോടുള്ള ഒരു മദ്ധ്യസ്ഥപ്രാർത്ഥനാഗീതമാണ്. ഇവിടെ 'പരിശുദ്ധേ' എന്ന് നാം വിളിക്കുന്നത് കർത്താവിന്റെ അമ്മയായ വിശുദ്ധ മറിയാമിനെയാണ്. ഈ പാട്ടിന്റെ അർത്ഥം ഇപ്രകാരമാണ്.

"പരിശുദ്ധയായ അമ്മേ.. ഞങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥന ഒരിക്കലും നിർത്തിക്കളയരുതേ. ഞങ്ങളിൽ കരുണ തോന്നണമെന്ന് നിന്റെ ഏക പുത്രനോട് പ്രാർത്ഥിച്ചുകൊള്ളണമെ."

പരിശുദ്ധ കന്യകമറിയാമമ്മ നമുക്കുവേണ്ടി എപ്പോഴും കർത്താവിനോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. നമ്മളും മറ്റുള്ളവർക്കുവേണ്ടി കർത്താവിനോടു പ്രാർത്ഥിക്കണം. നമുക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് കൂട്ടുകാരോട് പറയാറുണ്ടോ? തീർച്ചയായും പറയണം. മറ്റുള്ളവർ നമുക്കുവേണ്ടിയും നമ്മൾ മറ്റുള്ളവർക്കുവേണ്ടിയും പ്രാർത്ഥിക്കുന്നത് എല്ലാവർക്കും അനുഗ്രഹപ്രദമാണ്.

അതുപോലെ, ദൈവത്തിന്റെ കരുണയ്ക്കായി "ഞങ്ങൾക്കുവേണ്ടി ഏക പുത്രനായ യേശു ക്രിസ്തുവിനോട് പ്രാർത്ഥിക്കണമേ എന്ന് കന്യകമറിയാമിനോട് അപേക്ഷിക്കുകയാണ്" ഇവിടെ ചെയ്യുന്നത്. നമ്മുടെ പ്രാർത്ഥനകളെല്ലാം കേട്ട് ഉത്തരം തരുന്നത് ദൈവമാണ്. മാതാവിന്റെ വിലയേറിയ പ്രാർത്ഥന എന്നും നമുക്ക് ആവശ്യമാണ്. അതുകൊണ്ടാണ് "ഞങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥന നിർത്തരുതേ." എന്ന് നാം മാതാവിനോട് അപേക്ഷിക്കുന്നത്.

നമ്മൾ എന്നും ചൊല്ലുന്ന 'കൃപ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥനയിലും നാം ദൈവമാതാവിനോട് മദ്ധ്യസ്ഥതയ്ക്കായി അപേക്ഷിക്കുന്നുണ്ട്.

## പ്രയോഗം

1. നിർത്തീടരുതേ പരിശുദ്ധേ... എന്ന ഗീതം ഭക്തിപൂർവ്വം പാടുക.
2. ഈ പാട്ടുപോലെയുള്ള ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനാ ഗീതങ്ങൾ ടീച്ചറിന്റെ സഹായത്തോടെ കണ്ടുപിടിച്ച് പാടുക.
3. 'കൃപനിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന ടീച്ചറിന്റെ/മാതാപിതാക്കളുടെ സഹായത്തോടെ ചൊല്ലുക.

## നമുക്ക് പ്രാർത്ഥിക്കാം

ടീച്ചർ : ദൈവമാതാവായ വിശുദ്ധ മറിയമേ.

എല്ലാവരും ചേർന്ന് : ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

ടീച്ചർ : കന്യകയായ മാതാവേ.


എല്ലാവരും : ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

ടീച്ചർ : മാലാഖമാരുടെ രാജ്ഞിയായ മാതാവേ.

എല്ലാവരും : ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

ടീച്ചർ : വേദനയിലും ദുഃഖത്തിലും കഴിയുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന മാതാവേ.

എല്ലാവരും : ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.



മാതാവും കുഞ്ഞും ഉയർന്ന് നിൽക്കുന്നു
താഴെ കുറെ കുട്ടികൾ കൈകൂപ്പി പ്രാർത്ഥിക്കുന്നു

CMYK

## നമുക്ക് പാടാം

ശുദ്ധത തിങ്ങും കന്യകയേ
മർത്തമറിയം മാതാവേ
കന്യക മറിയാമേ അമ്മേ
പ്രാർത്ഥിക്കണമെ ഞങ്ങൾക്കായ്

## തുടർ വായനയ്ക്ക്

| ദിവസം | പ്രഭാതത്തിൽ | വൈകുന്നേരം |
|---|---|---|
| ഞായർ | * | വി. ലൂക്കോസ് 2:41-45 |
| തിങ്കൾ | വി. ലൂക്കോസ് 1:26-28 | വി. ലൂക്കോസ് 2:4651 |
| ചൊവ്വ | വി. ലൂക്കോസ് 1:29-33 | സങ്കീ. 19:7 |
| ബുധൻ | വി. ലൂക്കോസ് 1:34-35 | സങ്കീ. 19:8 |
| വ്യാഴം | വി. ലൂക്കോസ് 1:36-38 | സങ്കീ. 19:9 |
| വെള്ളി | വി. ലൂക്കോസ് 1:39-45 | സങ്കീ. 19:10-12 |
| ശനി | വി. ലൂക്കോസ് 2:1-7 | സങ്കീ. 19:13-14 |
| ഞായർ | വി. യോഹന്നാൻ 2:1-11 | * |



CMYK

## യൂണിറ്റ് നാല്

# എന്റെ പള്ളി



### പാഠം പതിനാറ്

## പള്ളി ദൈവത്തിന്റെ ആലയം

പഠനോദ്ദേശ്യം : ദൈവത്തിന്റെ ആലയം വിശുദ്ധമാണ്. അത് വൃത്തിയായി സൂക്ഷിക്കണം.

മനഃപാഠവാക്യം : സൈന്യങ്ങളുടെ യഹോവേ തിരുനിവാസം എത്ര മനോഹരം (സങ്കീ. 84:1)

പഠന സഹായി : ഒരു പള്ളിയുടെ ചിത്രം

പാഠപരിചയം : ദൈവം വസിക്കുന്ന ആലയമാണ് പള്ളി. അതിനാൽ അത് വിശുദ്ധമാണ്. (പുറപ്പാട് 3:2-5). ദൈവാലയം നാം വൃത്തിയായി സൂക്ഷിക്കണം. പള്ളിയ്ക്കുള്ളിൽ ചെരിപ്പ് ഇടുവാൻ പാടില്ല. പുരോഹിതന്മാരെ നാം ബഹുമാനിക്കണം. നാം മാമോദീസാ മുങ്ങിയത് ഈ പള്ളിയിലെ മാമോദീസാത്തൊട്ടിയിലാണ്. നാം പതിവായി പള്ളിയിൽ വരണം, ആരാധനയിൽ പങ്കെടുക്കണം, പ്രാർത്ഥിക്കണം. ഈ ആശയങ്ങൾ വ്യക്തമാക്കുന്നതാണ് ഈ പാഠം.

### ആമുഖം

ആഴ്ചയിലെ ദിവസങ്ങളുടെ പേരുകൾ പറയാമോ? ഇതിൽ ആദ്യത്തെ ദിവസമേതാണ്?... ശരിയാണ്- ഞായർ. ഞായറാഴ്ച നമ്മൾ എന്തെല്ലാം കാര്യങ്ങൾ ചെയ്യുന്നു? അതിരാവിലെ എഴുന്നേറ്റ് കുളിച്ച്, പ്രാർത്ഥിച്ച്, ശുദ്ധിയുള്ള വസ്ത്രം ധരിച്ച് വി. കുർബ്ബാനയിൽ പങ്കെടുക്കുവാനായി പള്ളിയിൽ വരും. ഇത് നമ്മുടെ പള്ളിയാണ്. ഇന്ന് നമുക്ക് നമ്മുടെ പള്ളിയെക്കുറിച്ച് പഠിക്കാം.

### പാഠഭാഗം

നമുക്ക് നമ്മുടെ പള്ളി ഒന്ന് കാണാം. എത്ര മനോഹരമാണ് പള്ളി. ദൈവത്തിന്റെ വീടാണ് പള്ളി. നമ്മുടെ പള്ളിയുടെ പേര് ആർക്കെങ്കിലും പറയാമോ? ടീച്ചർ ചൊല്ലിത്തരുന്ന പേര് ഏറ്റു പറയണം. ഓരോ പള്ളിയും ഓരോ വിശുദ്ധന്റെ നാമത്തിലാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. ആ വിശുദ്ധന്റെ കാവലും പ്രാർത്ഥനയും എപ്പോഴും നമുക്ക് ഉണ്ടാകുവാനായിട്ടാണ് അങ്ങനെ ചെയ്യുന്നത്. നമ്മുടെ പള്ളി ആരുടെ നാമത്തിലാണ് സ്ഥാപിച്ചിരിക്കുന്നത്? ടീച്ചർ പറഞ്ഞുതരുന്ന പേര് ഏറ്റു ചൊല്ലുക. ദൈവം വസിക്കുന്ന ആലയമായതിനാലാണ് പള്ളിയെ ദൈവാലയം എന്ന് വിളിക്കുന്നത്. ദൈവം എല്ലായിടത്തും വസിക്കുന്നു

എന്ന് നമുക്ക് അറിയാം. നമ്മുടെ ഉള്ളിലും ദൈവമുണ്ട്. ആ ദൈവമാണ് നമ്മളെ അനുഗ്രഹിച്ച് നല്ല മക്കളായി വളരുവാൻ സഹായിക്കുന്നത്.

നമ്മുടെ പള്ളിയിൽ വി. കുർബ്ബാന അണയ്ക്കുന്ന ദൈവത്തിന്റെ ദാസനാണ് പുരോഹിതൻ. നമ്മുടെ വികാരിയച്ചന്റെ പേരെന്താണ്? ടീച്ചർ പറഞ്ഞുതരുന്ന പേര് ഏറ്റു ചൊല്ലുക. പള്ളി വൃത്തിയായി സൂക്ഷിക്കണം. പള്ളിയിൽ ഓടിക്കളിക്കുകയോ, ഉറക്കെ സംസാരിക്കുകയോ ചെയ്യരുത്. പള്ളിയിൽ നിൽക്കുമ്പോൾ ഭയഭക്തിയോടെ നിൽക്കണം.

പള്ളി നമ്മുടെ ഭവനം കൂടിയാണ്. കാരണം നമ്മൾ മാമോദീസാ മുങ്ങിയത് പള്ളിയിലെ മാമോദീസാ തൊട്ടിയിലാണ്. മാമോദീസാ തൊട്ടിയുടെ അടുത്തേക്ക് എല്ലാവരുംകൂടി ടീച്ചറിനോടൊപ്പം പോയി ചുറ്റും നിന്ന് കാണുന്നു. ടീച്ചർ ചില കാര്യങ്ങൾ നിങ്ങൾക്ക് വിശദീകരിച്ചുതരും. നമ്മുടെ ആവശ്യങ്ങൾ പള്ളിയിൽ വന്ന് ദൈവമുമ്പാകെ സമർപ്പിക്കാം. നമ്മളെല്ലാവരും പതിവായി പള്ളിയിൽ വരണം, വി. കുർബ്ബാനയിലും ആരാധനകളിലും പങ്കെടുക്കണം, പ്രാർത്ഥിക്കണം. എല്ലാവരും ചേർന്ന് മനഃപാഠവാക്യം ഉറക്കെ ചൊല്ലുക. ടീച്ചർ ചൊല്ലിത്തരും.

സൈന്യങ്ങളുടെ യഹോവേ... തിരുനിവാസം എത്ര മനോഹരം.
(സങ്കീ. 84:1)

(വാക്യം രണ്ടു മൂന്ന് പ്രാവശ്യം ആവർത്തിച്ചിട്ട് താഴെപ്പറയുന്ന ഗീതം ചൊല്ലുക)

ഹാ മനോഹരം യാഹേ നിന്റെ ആലയം
എന്തൊരാനന്ദം തവ പ്രാകാരങ്ങളിൽ
ദൈവമേ എന്നുള്ളം നിറയുന്നു
ഹാലേലുയ്യാ പാടും ഞാൻ

### പ്രവർത്തനങ്ങൾ

1. പള്ളിയും പരിസരവും വൃത്തിയാക്കുവാൻ മുതിർന്നവരോടൊപ്പം പങ്കെടുക്കുക.
2. പതിവായി ആരാധനയിലും സൺഡേസ്കൂളിലും പങ്കെടുക്കുക.

### നമുക്ക് പാടാം

Sunday Monday Tuesday Wednesday
Jesus lives in my Heart
Thursday Friday Saturday Sunday
Jesus lives in my Heart
Everyday Every day Yes
Jesus lives in my Heart

1. നമ്മുടെ പള്ളിയുടെ പേരെന്താണ്?

   ..........................................................................................

2. നമ്മുടെ പള്ളി ആരുടെ നാമത്തിലാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്?

   ..........................................................................................

3. എന്തുകൊണ്ടാണ് പള്ളിയെ ദൈവാലയം എന്ന് വിളിക്കുന്നത്?

   ..........................................................................................

നമ്മുടെ പള്ളിയുടെ ചിത്രം ശേഖരിച്ച് ഒട്ടിക്കുക.

## നമുക്ക് പ്രാർത്ഥിക്കാം

ദൈവമേ ഞങ്ങൾക്ക് ആരാധിക്കുവാനായി ഈ പള്ളി തന്നതിന് നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. ഞങ്ങളുടെ പ്രാർത്ഥനകൾ കേട്ട് ഞങ്ങളെ അനുഗ്രഹിക്കേണമെ. ആമ്മീൻ.

**നിശ്ചയം**

**എന്റെ പള്ളി, ഞാൻ മാമോദീസാ മുങ്ങിയ പള്ളിയാണ്. എന്റെ പള്ളിയെ ഞാൻ എന്നും സ്നേഹിക്കും.**

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതത്തിൽ | വൈകുന്നേരം |
|---|---|---|
| ഞായർ | * | സങ്കീ. 122:1-2 |
| തിങ്കൾ | സങ്കീ. 5:1-2 | സങ്കീ. 27:4 |
| ചൊവ്വ | വി. മർക്കോസ് 2:27-28 | സങ്കീ. 27:8 |
| ബുധൻ | സങ്കീ. 84:1-4 | സങ്കീ. 15:1-3 |
| വ്യാഴം | സങ്കീ. 84:10-12 | സങ്കീ. 15:4-5 |
| വെള്ളി | സങ്കീ. 92:13-15 | സങ്കീ. 41:1-2 |
| ശനി | 1 രാജാ. 8:28-30 | 1 രാജാ. 8:31-32 |
| ഞായർ | വി. ലൂക്കോസ് 4:16-20 | * |

പാഠം പതിനേഴ്

# ഞങ്ങൾ പതിവായി പള്ളിയിൽ പോകുന്നു

| | | |
|---|---|---|
| പഠനോദ്ദേശ്യം | : | എല്ലാ ഞായറാഴ്ചയും മറ്റ് പ്രധാന ദിവസങ്ങളിലും മുടങ്ങാതെ വി. കുർബ്ബാനയിൽ പങ്കെടുക്കണം. |
| മനഃപാഠവാക്യം | : | ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും (സങ്കീ. 23:6) |
| പഠനസഹായി | : | ഒരു പള്ളിയുടെ ചിത്രം (രണ്ടു കുട്ടികളെയും കാണാം) |
| പാഠ പരിചയം | : | നാം എന്തിന് പള്ളിയിൽ പോകുന്നു? പള്ളിയിൽ എങ്ങനെ ചിട്ടയായും ഭക്തിയോടെയും നിൽക്കേണം? പതിവായി പള്ളിയിൽ പോവുകയും ആരാധനകളിൽ നന്നായി പങ്കെടുക്കുകയും ചെയ്യേണം. ഈ ആശയം വ്യക്തമാക്കുന്നതാണ് ഈ പാഠം. |

## ആമുഖം

ഇന്ന് പള്ളിയിൽ ആരാധനയ്ക്ക് എല്ലാവരും വന്നോ? കൃത്യസമയത്തുതന്നെ വന്നവർ ആരെല്ലാം? ആരാധനയിൽ പങ്കെടുക്കുവാൻ ഉത്സാഹമുണ്ടോ? ആരാധനയിൽ പതിവായി പങ്കെടുക്കുന്നതിൽ അത്യധികം ഉത്സാഹമുള്ള ഏബൽ എന്ന കുട്ടിയുടെ കഥയാണ് ഇന്ന് നമ്മൾ പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

ഒരു ഞായറാഴ്ച ദിവസം അതിരാവിലെ 5 മണിയ്ക്ക് തന്നെ ഏബൽ മോൻ എഴുന്നേറ്റു. രാത്രി കിടക്കാൻ പോയപ്പോഴേ പപ്പായോടു പറഞ്ഞിരുന്നു നേരത്തെ വിളിക്കണമെന്ന്. നിങ്ങളൊക്കെ അങ്ങനെ പറയാറുണ്ടോ? അവൻ എഴുന്നേറ്റയുടനെ പല്ലുതേച്ച്, മുഖം കഴുകി, ടോയ്‌ലറ്റിൽ പോയി, കുളിയും കഴിഞ്ഞു. നല്ല വൃത്തിയുള്ള വസ്ത്രം-വെള്ളയുടുപ്പും വെള്ള പാന്റും ധരിച്ച് സുന്ദരനായി പ്രാർത്ഥനാ മുറിയിൽ വന്നു. പാട്ടുപാടിത്തുടങ്ങി -ദൈവത്തിനു സ്തോത്രം, ദൈവത്തിനു സ്തോത്രം, ദൈവത്തിനു സ്തോത്രം ഇന്നുമെന്നേക്കും. ഏബലിന് നന്നായി പാടാനറിയാം. പാട്ടുകേട്ട് പപ്പായും മമ്മിയും ചേട്ടനുമെല്ലാം അടുത്തു വന്നിരുന്നു. അവർ ഒന്നിച്ചു പാട്ടുപാടി, വി. വേദപുസ്തകം വായിച്ചു.

1. എല്ലാ ദിവസവും നിങ്ങൾ എത്രമണിക്ക് ഉറങ്ങാൻ കിടക്കും? വെളുപ്പിന് എത്ര മണിക്ക് എഴുന്നേൽക്കും?........................................................................................................
2. ഞായറാഴ്ച രാവിലെ എഴുന്നേറ്റ് പ്രഭാതകൃത്യങ്ങൾക്കുശേഷം പ്രാർത്ഥിച്ച് പള്ളിയിലേക്ക് പോകുകയാണോ പതിവ്?.......................................................................

ഏബലിന് സ്വന്തമായി വായിക്കാനറിയില്ല. പക്ഷേ, മറ്റുള്ളവർ വായിച്ചത് അവൻ ശ്രദ്ധിച്ചു കേട്ടു. എന്നിട്ട് ഒന്നിച്ച് പ്രാർത്ഥിച്ചു. അതിനുശേഷം എല്ലാവരുംകൂടി പള്ളിയിലേക്കു പോയി.

പള്ളിയുടെ മുമ്പിലെത്തിയപ്പോൾതന്നെ എല്ലാവരും കുരിശുവരച്ച് വണങ്ങി. വാതിൽക്കലെത്തിയപ്പോൾ കാലിൽനിന്ന് ചെരിപ്പ് ഊരി മാറ്റി. എന്തിനാണ് അവർ അങ്ങനെ ചെയ്തത് എന്ന് പറയാമോ? അതെ, പള്ളി ദൈവത്തിന്റെ ആലയമാണ്. അവിടെ ദൈവം വസിക്കുന്നു. അതിനാൽ അത് വിശുദ്ധമാണ്. നാം അത് വിശുദ്ധമായി സൂക്ഷിക്കണം. നമ്മുടെ ഭവനം നാം വൃത്തിയായി സൂക്ഷിക്കാറില്ലേ? അതിൽ എത്രയോ അധികമായി ദൈവാലയം വൃത്തിയായി സൂക്ഷിക്കണം. കുരിശുവരച്ച് ഈ പ്രാർത്ഥന ചൊല്ലിക്കൊണ്ടാണ് അവർ ദൈവാലയത്തിലേക്ക് പ്രവേശിച്ചത്. *ബഹുമതിപൂർവ്വം ഞാൻ നിന്റെ ആലയത്തിലേക്ക് പ്രവേശിച്ച് എന്റെ നേർച്ചകളെ ഞാൻ നിനക്ക് കഴിക്കും.* പള്ളിയ്ക്കുള്ളിൽ കയറി ഓരോരുത്തരും അവരവരുടെ നിരയിൽ നിന്നു. വി. കുർബ്ബാനയിൽ പങ്കെടുക്കുന്നവർ പ്രഭാതനമസ്കാരം ആരംഭിക്കുമ്പോഴേ പള്ളിയിലെത്തണം എന്ന് അവർക്ക് അറിയാമായിരുന്നു. ഏബലിനും ചേട്ടനും വി. കുർബ്ബാനയിൽ പങ്കെടുക്കുന്നത് വലിയ സന്തോഷമാണ്? നിങ്ങൾക്കോ?... അവർ വി. കുർബ്ബാനക്രമവുമായിട്ടാണ് പോയത്. അതിൽ നോക്കി പ്രതിവാക്യങ്ങളും ഗീതങ്ങളുമെല്ലാം ചൊല്ലും. ഏബലിന് എല്ലാം നോക്കി വായിക്കുവാൻ അറിയില്ല. എങ്കിലും അവൻ ഒരു പുസ്തകം കൈയിൽ എടുക്കും. ശ്രദ്ധ മാറാതിരിക്കാനാണ് അവൻ ഇങ്ങനെ ചെയ്യുന്നത്. കുരിശു വരയ്ക്കും. കൈകൾ കൂപ്പി പ്രാർത്ഥിക്കേണ്ട സമയങ്ങളിൽ അവർ അങ്ങനെ ചെയ്യും. അല്ലാതെ വെറുതെ സംസാരിക്കുകയോ ശല്യം ചെയ്യുകയോ ബഹളം വയ്ക്കുകയോ ഒന്നും ചെയ്യില്ല.

എല്ലാ ഞായറാഴ്ചയും ഏബലും കുടുംബവും വി. കുർബ്ബാന അനുഭവിക്കുകയും ചെയ്യും. അവർക്ക് അത് വലിയ സന്തോഷമാണ്. കൈമുത്തി നേർച്ചയിട്ട് പുറത്തിറങ്ങുമ്പോൾ ഒരു വലിയ സമ്മാനം കിട്ടിയപോലെയാണ് അവർക്ക് തോന്നുന്നത്? നിങ്ങൾക്കോ?... തിരിച്ച് വീട്ടിലേക്ക് ചേട്ടനോടൊപ്പം മടങ്ങിയപ്പോൾ ഏബലിനൊരു സംശയം, എന്തിനാണ് നാം പള്ളിയിൽ പോകുന്നത്? ഒരു കുസൃതി ചോദ്യംപോലെ അവൻ ചോദിച്ചതാണെങ്കിലും ചേട്ടൻ അത് കാര്യമായിട്ടെടുത്തു. അവൻ പറഞ്ഞു: "നീ ചോദിച്ചത് ഒരു നല്ല ചോദ്യമാണ്. പലരും ഇന്ന് നമ്മോട് ചോദിക്കുന്ന ഒരു ചോദ്യമാണ്. നമുക്ക് പപ്പായോട് ചോദിച്ച് മനസ്സിലാക്കാം.

പപ്പാ പള്ളിയിൽനിന്ന് വന്നപ്പോൾ രണ്ടുപേരും അടുത്തുകൂടി ചോദിച്ചു. പപ്പാ എന്തിനാണ് നമ്മൾ പള്ളിയിൽ പോകുന്നത്?

**അല്പം ചിന്തിക്കാം**

1. പള്ളിയിലേക്ക് പ്രവേശിക്കുമ്പോൾ നാം എന്തെല്ലാം കാര്യങ്ങൾ ഓർക്കണം?

   ..........................................................................................................................

2. പള്ളിയിൽ പ്രവേശിച്ചു കഴിഞ്ഞാൽ നാം എങ്ങനെ നിൽക്കണം?

   ..........................................................................................................................

പപ്പ ഒ.വി.ബി.എസ്സിന്റെ ഒരു പഴയ ഗാനം പാടിക്കൊണ്ട് അത് പറഞ്ഞുകൊടുത്തു.

വല്യപ്പച്ചാ...ചൊല്ലിത്തരുമോ... (2)
പള്ളിയിലെന്തിനു പോകേണം (2)
ചൊല്ലിത്തരുമോ കുഞ്ഞിനു കാതിൽ ചൊല്ലിത്തരുമോ അപ്പച്ചാ (2)
ഓമനമക്കളെ കേൾക്കുക നിങ്ങൾ
നാഥനെ നന്നായ് ആരാധിപ്പാൻ
നാഥന് നന്ദി കരേറ്റീടാനായ്
നാഥന് നേർച്ചകളർപ്പിപ്പാനായ്
ഞായർ പള്ളിയിൽ പോകേണം (3)

മക്കളെ നമ്മൾ പള്ളിയിൽ എങ്ങനെ നിൽക്കണമെന്ന് നിങ്ങൾക്ക് അറിയാമല്ലോ. അതിനാൽ ഈ പാട്ടിന്റെ ബാക്കി നമുക്കൊന്നിച്ച് പാടാം.

വല്യമ്മച്ചീ...ചൊല്ലിത്തരുമോ... (2)
പള്ളിയിലെങ്ങനെ നിൽക്കേണം (2)
ചൊല്ലിത്തരുമോ കുഞ്ഞിനു കാതിൽ ചൊല്ലിത്തരുമോ അമ്മച്ചീ (2)
ഓമനമക്കളെ കേൾക്കുക നിങ്ങൾ
കൈകൾ കൂപ്പി പ്രാർത്ഥനയോടെ
കുരിശുവരച്ച് ആദരവോടെ
പ്രതിവാക്യങ്ങൾ ചൊല്ലിക്കൊണ്ട്
സ്തുതി സ്തോത്രങ്ങൾ പാടീടാം (3)

ഏബലിനെയും കുടുംബത്തെയുംപോലെ നമുക്കും പള്ളിയിൽ ഇങ്ങനെ നിന്ന് ആരാധനയിൽ പങ്കെടുക്കുവാൻ കഴിയണം.

## പ്രവർത്തനങ്ങൾ

1. അടുത്ത ഞായറാഴ്ച പള്ളിയിൽ വരുമ്പോൾ ഇന്ന് പഠിച്ച കാര്യങ്ങൾ ചെയ്യുക.
2. പള്ളിയിൽ വി. കുർബ്ബാനയ്ക്കായി ഒരുങ്ങി പ്രഭാതനമസ്കാരം ആരംഭിക്കുന്നതിനു മുമ്പായി എത്തുക.
3. താഴെ തന്നിരിക്കുന്ന പള്ളിയുടെ ചിത്രത്തിന് ചായമിടുക
4. നിങ്ങളുടെ പള്ളിയുടെ പേര് ഇവിടെ എഴുതുക

.................................................................................................................

## നമുക്ക് പാടാം

എന്റെ പള്ളി ദൈവത്തിന്റെ ഭവനമാണ് പള്ളി
എന്റെ പള്ളി ദൈവത്തിന്റെ വാസമുള്ള പള്ളി
എന്റെ പള്ളി എന്നുമെന്റെ ജീവനാണു പള്ളി
എന്റെ പള്ളി എന്നുമെന്റെ ഭവനമാണു പള്ളി

## നമുക്ക് പ്രാർത്ഥിക്കാം

ദൈവമേ, നീ വസിക്കുന്ന പള്ളിയിൽ പതിവായി വന്ന് നിന്നെ സ്തുതിപ്പാൻ ഞങ്ങളെ സഹായിക്കേണമെ...ആമ്മീൻ



**നിശ്ചയം**

**ഞാൻ പതിവായി പള്ളിയിൽ പോകും. എന്റെ പള്ളിയും പരിസരവും ഞാൻ വൃത്തിയായി സൂക്ഷിക്കും.**

## തുടർ വായനയ്ക്ക്

| ദിവസം | പ്രഭാതത്തിൽ | വൈകുന്നേരം |
|---|---|---|
| ഞായർ | * | സങ്കീ. 84:1-4 |
| തിങ്കൾ | സങ്കീ. 122:1-4 | വി. ലൂക്കോസ് 4:31-36 |
| ചൊവ്വ | വി. ലൂക്കോസ് 24:52-53 | വി. യോഹ. 8:2 |
| ബുധൻ | സങ്കീ. 84:10 | വി. ലൂക്കോ. 19:45-47 |
| വ്യാഴം | സങ്കീ. 23:6 | 2 ദിനവൃ. 30:1 |
| വെള്ളി | സങ്കീ. 46:4 | വി. ലൂക്കോ. 6:6-10 |
| ശനി | വി. ലൂക്കോ. 2:41-43 | വി. മത്തായി 21:12,13 |
| ഞായർ | വി. ലൂക്കോ. 2:22-24 | * |

യൂണിറ്റ് അഞ്ച്

# മഹദ്‌വ്യക്തി പരിചയം



പാഠം പതിനെട്ട്

## വി. കന്യകമറിയാം

(വി. ലൂക്കോസ് 1:26-56)

മുഖ്യസന്ദേശം : ദൈവമാതാവായ വി. കന്യകമറിയാമിനെ നാം ഓർക്കണം; അവളുടെ ജീവിതത്തിലെ നല്ല ഗുണങ്ങൾ നാം അനുകരിക്കണം.

മനഃപാഠവാക്യം : "എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു" (വി. ലൂക്കോസ് 1:46)

പഠനസഹായി : കന്യകമറിയാമന്റെ ചിത്രം

പാഠപരിചയം : യേശു കർത്താവിന്റെ അമ്മയാണ് വിശുദ്ധ കന്യകമറിയാം. പന്ത്രണ്ടു വയസ്സുവരെ ദൈവാലയത്തിൽ വളർത്തപ്പെട്ടവളായിരുന്നു. സദാസമയവും പ്രാർത്ഥനയിലും ധ്യാനത്തിലും ദൈവാലയശുശ്രൂഷയിലും മുഴുകിയിരുന്നു. വിനയവും താഴ്മയും എളിമയും ജീവിതത്തിലെ ശ്രേഷ്ഠഗുണങ്ങളായിരുന്നു. ഈ ആശയങ്ങൾ വ്യക്തമാക്കുന്നതാണ് ഈ പാഠം.

### ആമുഖം

ഒരമ്മ ഏറ്റവും കൂടുതൽ സന്തോഷിക്കുന്നതെപ്പോഴായിരിക്കും. നിങ്ങൾക്കു ഊഹിക്കാൻ സാധിക്കുമോ? മക്കൾ നല്ല മാർക്കു വാങ്ങിക്കുമ്പോൾ, മക്കൾ നല്ലവണ്ണം പ്രാർത്ഥിക്കുമ്പോൾ, പള്ളിയിൽ ക്രമമായി പോകുമ്പോൾ, പിന്നെ? ചിന്തയിലും പ്രവർത്തിയിലും സംസാരത്തിലും എല്ലാം നല്ല ദൈവമക്കളായിത്തീരുമ്പോൾ ഒരമ്മയ്ക്കു ഏറ്റവും അധികം സന്തോഷം ഉണ്ടാകും.

അങ്ങനെയെങ്കിൽ ഒരമ്മയുടെ മകൻ, ദൈവപുത്രൻ തന്നെയാണെങ്കിൽ ആ അമ്മയ്ക്കു എന്തു സന്തോഷമായിരിക്കും? ആ അമ്മ എത്ര ഭാഗ്യവതിയായിരിക്കും? അങ്ങനെയുള്ള ഒരമ്മയെക്കുറിച്ചാണ് ഇന്നു നാം പഠിക്കുവാൻ പോകുന്നത്.

### പാഠഭാഗം

ഇത്രയും പറഞ്ഞതിൽനിന്ന് ആ അമ്മ ആരായിരിക്കും എന്ന് ഊഹിക്കാൻ കഴിയുന്നുവോ?

പരിശുദ്ധ ദൈവമാതാവ് (ചിലരെങ്കിലും മറുപടി പറഞ്ഞിരിക്കും) ഈ മാതാവ് ഇത്രയും വലിയ ഭാഗ്യാവസ്ഥയിൽ ആയത് എങ്ങനെയെന്നു നമുക്ക് നോക്കാം.

ഈ അമ്മയുടെ പേര് മറിയാം എന്നാണ്. ഈ പേര് നിങ്ങൾ നേരത്തെ കേട്ടിട്ടുണ്ടോ? മറിയയുടെ ജനനത്തിനും വളർച്ചയ്ക്കും തന്നെ ചില പ്രത്യേകതകൾ ഉണ്ടായിരുന്നു. മറിയാമിന്റെ പിതാവിന്റെ പേര് യുയാക്കിം എന്നും മാതാവിന്റെ പേര് ഹന്നാ എന്നുമായിരുന്നു. ഇരുവരും നല്ല ദൈവഭക്തിയുള്ളവരായിരുന്നു. എങ്കിലും അവർക്ക് മക്കൾ ഇല്ലായിരുന്നു. അവർ ഇരുവരും കണ്ണുനീരോടെ ഒരു കുഞ്ഞിനുവേണ്ടി പ്രാർത്ഥിച്ചു. കൂട്ടത്തിൽ ഒരു നേർച്ചയും അവർ അർപ്പിച്ചു. ദൈവം തരുന്ന കുഞ്ഞിനെ ദൈവവേലയ്ക്കായി, ദൈവാലയത്തിൽ ഏൽപ്പിച്ചുകൊള്ളാമെന്ന്. ദൈവംതമ്പുരാൻ അവരുടെ പ്രാർത്ഥന കേട്ടിട്ട് ഒരു ഓമന കുഞ്ഞിനെ അവർക്കു നൽകി. മറിയാം എന്ന് ആ കുഞ്ഞിന് പേരു നൽകി. അവളെ വളർത്താൻ ദൈവാലയത്തിൽ ഏൽപ്പിച്ചു. അവിടെ പൂർണ്ണസമയം പ്രാർത്ഥനയിലും ദൈവാലയം വൃത്തിയായി സൂക്ഷിക്കുന്നതിലുമൊക്കെ പങ്കുചേർന്ന് വളരെ നല്ല കുട്ടിയായി വളർന്നു.

ആ കാലങ്ങളിൽ കുഞ്ഞുങ്ങളെ ചെറുപ്പത്തിലെ വിവാഹം കഴിപ്പിക്കുന്ന ഒരു പതിവ് ഉണ്ടായിരുന്നു. നമ്മുടെ നാട്ടിലും നമ്മുടെയൊക്കെ വല്യവല്യപ്പച്ചന്മാരുടെയും അമ്മച്ചിമാരുടെയും കാലത്ത് ശിശുക്കളെ വിവാഹം കഴിപ്പിക്കുന്ന രീതി ഉണ്ടായിരുന്നു. ദൈവാലയത്തിലെ പുരോഹിതന്മാർ ബാലികയായ മറിയാമിനെയും വിവാഹം കഴിപ്പിക്കാൻ തീരുമാനിച്ചു. 13 വയസ്സു മാത്രമേ അന്നു മറിയാമിന് ഉണ്ടായിരുന്നുള്ളു. വളരെ ദൈവഭക്തയായ ഒരു കുട്ടിയായതിനാൽ അതുപോലെ ദൈവഭക്തിയുള്ള ഒരു പുരുഷനെ തന്നെ കണ്ടെത്തണമായിരുന്നു. അങ്ങനെ കണ്ടുപിടിച്ച ആളാണ്, യൗസേഫ്. അദ്ദേഹവും നല്ല ദൈവഭക്തനായിരുന്നു. സൽസ്വഭാവിയുമായിരുന്നു. മറിയാമിനേക്കാൾ പ്രായം കൂടുതലുണ്ടായിരുന്നെങ്കിലും സ്വഭാവശുദ്ധിയുള്ള യൗസേഫുമായി മറിയാമിന്റെ വിവാഹം നടത്തുവാൻ ദൈവാലയത്തിലെ പുരോഹിതന്മാർ തീരുമാനിച്ചു.

അങ്ങനെയിരിക്കുമ്പോൾ മറ്റൊരു സംഭവമുണ്ടായി. മറിയാമിനെ ഏറ്റവും ഭാഗ്യവതിയാക്കിയത് ആ സംഭവമാണ്. അതായത് ഒരു ദിവസം പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ഗബ്രിയേൽ മാലാഖ, മറിയാമിന്റെ അടുക്കൽ വന്നു. മറിയാമിനോട് ഒരു കാര്യം അറിയിച്ചു. അതായത് മറിയാം ഗർഭിണിയാകുമെന്നും ഒരു മകനെ പ്രസവിക്കുമെന്നും. ഒരമ്മയാകാനുള്ള പ്രായമൊന്നും മറിയാമിന് ആയിട്ടില്ലായിരുന്നു. അപ്പോഴും ഒരു കുട്ടിയായിരുന്നല്ലോ. അതുകൊണ്ട് മറിയാം ചോദിച്ചു. ഇതെങ്ങനെയാണ് സാധിക്കുന്നത്. ഞാൻ കുട്ടി മാത്രമാണല്ലോ. അമ്മയാകാനുള്ള വളർച്ചയും കഴിവുമൊന്നും ആയിട്ടില്ലല്ലോ? ഇതു കേട്ട ഗബ്രിയേൽ മാലാഖാ ഒരു കാര്യംകൂടി അറിയിച്ചു. ഇത് ദൈവം നിശ്ചയിച്ചതാണ്. “നീ പ്രസവിക്കുവാൻ പോകുന്നത് ദൈവപുത്രനായ യേശുവിനെയാണ്.” ഇത്രയുംകൂടി കേട്ടപ്പോൾ മറിയാം മറുപടിയായിട്ട് പറഞ്ഞു. “ഞാൻ ദൈവത്തിന്റെ ദാസിയാണ്. അവിടുത്തെ ഇഷ്ടം പോലെ എനിക്കു ഭവിക്കട്ടെ.” ഇതു വലിയ ഒരു സമർപ്പണമാണ്. നമ്മളൊക്കെ പ്രാർത്ഥിക്കുന്നത് ഇങ്ങനെയാണോ? എനിക്കു മാർക്കു വേണം, നല്ല വസ്ത്രം വേണം, നല്ല ഭക്ഷണം വേണം,




വി. കന്യകമറിയാം

നല്ല വീടു വേണം ഇങ്ങനെ നമ്മുടെ ആഗ്രഹങ്ങളെല്ലാം ദൈവം സാധിച്ചുതരണമെന്നു പറയും. മറിയാം പറഞ്ഞത് തിരിച്ചാണ്. ദൈവത്തിന്റെ ഇഷ്ടം എന്റെ ജീവിതത്തിൽ നടന്നാൽ മതിയെന്ന്. അങ്ങനെ പറഞ്ഞപ്പോൾ ദൈവത്തിന് മറിയാമിനോട് വലിയ ഇഷ്ടം തോന്നി. മറിയാം ഗർഭിണിയായി. ഒരു കുഞ്ഞിനെ പ്രസവിച്ചു. അതാണ് നാം ക്രിസ്തുമസ് ദിനത്തിൽ ഓർക്കുന്നത്. ബേത്‌ലഹേമിലെ പുൽത്തൊഴുത്തിൽ ഒരു ഓമനക്കുഞ്ഞിനെ മറിയാം പ്രസവിച്ചു. ആട്ടിടയന്മാരും വിദ്വാന്മാരുമൊക്കെ ആ കുഞ്ഞിനെ കണ്ടു. സമ്മാനങ്ങളുമൊക്കെ നൽകി. മറ്റു കുഞ്ഞുങ്ങളെപ്പോലെതന്നെയായിരുന്നു യേശുകുഞ്ഞ്. എന്നാലും ഒരു വ്യത്യാസം ഉണ്ടായിരുന്നു. യേശുക്കുഞ്ഞ് ദൈവത്തിന്റെ പുത്രൻകൂടിയായിരുന്നു.

നമ്മൾ ആദ്യം ഒരു കാര്യം പഠിച്ചത് ഓർമ്മയുണ്ടോ? ഒരമ്മ ഏറ്റവും അധികം സന്തോഷിക്കുന്നത് കുഞ്ഞുങ്ങൾ ദൈവമക്കൾ ആയി വളരുമ്പോഴാണ്. അങ്ങനെയെങ്കിൽ യേശുക്കുഞ്ഞ് ശരിക്കും ദൈവപുത്രനാകയാൽ മറിയാമിന് എന്ത് സന്തോഷമായിട്ടുണ്ടായിരിക്കും? ഈ കുഞ്ഞ് വളർന്ന് യേശുതമ്പുരാനായി.

മാതാവ് എന്തു കാര്യവും തന്റെ മകനോട് പറയുമ്പോൾ അതുപോലെ ആ മകൻ ചെയ്തുകൊടുക്കും. നമ്മുടെ വിടുകളിലൊക്കെ മാതാവിനോട് പ്രാർത്ഥിക്കുന്നത് നാം കേട്ടിട്ടില്ലേ. ആ പരിശുദ്ധയായ അമ്മയുടെ പ്രാർത്ഥന, ദൈവപുത്രന്റെ സന്നിധിയിൽ വളരെ വിലയുള്ളതാണ്. നമ്മുടെ ജീവിതത്തിലും പ്രയാസങ്ങളും കഷ്ടതകളുമൊക്കെ ഉണ്ടാകുമ്പോൾ മാതാവിനോട് അപേക്ഷിക്കണം. മാതാവിന്റെ പ്രാർത്ഥന വളരെ അനുഗ്രഹം നൽകുന്നതായിരിക്കും. "കൃപനിറഞ്ഞ മറിയമേ" എന്ന പ്രാർത്ഥന നമുക്ക് ഒരുമിച്ച് ചൊല്ലാം. (അദ്ധ്യാപകൻ ചൊല്ലിക്കൊടുക്കുന്നു. കുഞ്ഞുങ്ങൾ ഏറ്റു ചൊല്ലുന്നു).

## പ്രവർത്തനങ്ങൾ

1. വി. കന്യകമറിയാമിന്റെ ജീവിതത്തിലെ ശ്രേഷ്ഠഗുണങ്ങൾ എന്തെല്ലാമായിരുന്നു എന്ന് കണ്ടെത്തുക
2. വി. കന്യകമറിയാം പ്രാർത്ഥിക്കുന്നതും ദൂതൻ വെളിപ്പെടുന്നതുമായ സംഭവം ഒരു സ്കിറ്റായി ക്ലാസ്സിൽ അവതരിപ്പിക്കുക.
3. വി. കന്യകമറിയാമിന്റെ വിവിധ ചിത്രങ്ങൾ ശേഖരിച്ച് ആൽബത്തിൽ ഒട്ടിക്കുക.

## നമുക്കു പ്രാർത്ഥിക്കാം

ഞങ്ങളെ സ്നേഹിക്കുന്ന യേശുവേ, വിശുദ്ധ കന്യക മറിയാം അമ്മയെപ്പോലെ വിശുദ്ധിയോടുകൂടി ജീവിക്കുവാൻ ഞങ്ങളെ സഹായിക്കേണമെ. പതിവായി ദൈവാലയത്തിൽ പോകുവാനും ആരാധനയിൽ പങ്കെടുക്കുവാനും ശുശ്രൂഷ ചെയ്യുവാനുമെല്ലാം ഞങ്ങൾ താൽപര്യമുള്ളവരായിത്തീരേണമെ. ആമ്മീൻ.

**നമുക്കു പാടാം**

മറിയാമിൻ സ്മരണം വരദായകമാക
തൽപ്രാർത്ഥന ഞങ്ങൾക്കാത്മാവിനു കോട്ട
ദൈവപ്രസവിത്രി കന്യക മറിയാമിന്ന്
ഉയരുന്നോയാറിൽ സുഖപരിമളധൂപം

**നിശ്ചയം**

**എളിമയും താഴ്മയുമുള്ളവരായി ഞങ്ങൾ വളരും.**

**തുടർവായനയ്ക്ക്**

| ദിവസം | പ്രഭാതത്തിൽ | വൈകുന്നേരം |
|---|---|---|
| ഞായർ | * | വി. ലൂക്കോസ് 1:26-30 |
| തിങ്കൾ | വി. ലൂക്കോ. 1:30-38 | വി. ലൂക്കോ. 1:39-45 |
| ചൊവ്വ | വി. യോഹന്നാൻ 19:26-27 | വി. യോഹന്നാൻ 2:1-5 |
| ബുധൻ | വി. മത്താ. 1:18-20 | വി. മർക്കൊ. 1:21-23 |
| വ്യാഴം | വി. ലൂക്കോസ് 8:19-21 | യശയ്യാവ് 7:14 |
| വെള്ളി | വി. ലൂക്കോസ് 1:51-56 | സങ്കീ. 45:9-11 |
| ശനി | ഉല്പത്തി 3:15 | വി. ലൂക്കോ. 1:46-50 |

## പാഠം പത്തൊൻപത്

# മർത്തോമ്മാ ശ്ലീഹാ

(വി. യോഹ. 20:24-29)



മുഖ്യസന്ദേശം : കർത്താവിന്റെ ശിഷ്യനായ മാർത്തോമ്മാശ്ലീഹായുടെ ജീവിതത്തിലെ നല്ല ഗുണങ്ങൾ നാം അനുകരിക്കണം.

മനഃപാഠവാക്യം : "നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊള്ളുവിൻ" (എബ്രായർ 13:7)

പഠനസഹായി : മാർത്തോമ്മാ ശ്ലീഹായുടെ ചിത്രം

പാഠപരിചയം : യേശുകർത്താവിന്റെ ശിഷ്യന്മാരിൽ ഒരുവനായ തോമ്മാശ്ലീഹായാണ് ഭാരതത്തിൽ വന്ന് സുവിശേഷം അറിയിച്ച് ഇവിടെ ക്രിസ്തുമതം സ്ഥാപിച്ചത്. അനേകം പ്രത്യേകതകളുള്ള ആളായിരുന്നു തോമ്മാശ്ലീഹാ. ധൈര്യശാലിയും അനുഭവങ്ങളിൽകൂടി വിശ്വസിക്കുന്ന ആളും വിശ്വസ്തനും ദയാലുവുമായിരുന്നു മാർത്തോമ്മാ ശ്ലീഹാ. ഈ ശ്ലീഹായുടെ ജീവിതത്തിലെ പ്രത്യേകതകൾ വ്യക്തമാക്കുന്നതാണ് ഈ പാഠം.

### ആമുഖം

നിങ്ങളുടെ വീട്ടിലൊക്കെ വിദേശത്ത് ജോലി ചെയ്യുന്നവരുണ്ടോ? ചേട്ടൻമാരോ, ചേച്ചിമാരോ, പപ്പായോ മറ്റു ബന്ധുക്കളുമൊക്കെയായി ചിലരൊക്കെ ഉണ്ടല്ലോ? അവരൊക്കെ അവധിക്കു നാട്ടിൽ വരുന്നതെങ്ങനെയാണ്. വിമാനത്തിൽ (പ്ലെയിനിൽ)

എന്നാൽ ക്രിസ്തുവിന്റെ കാലത്ത് ഈ വിമാനമൊന്നും ഉണ്ടായിരുന്നില്ല. കാൽനടയായും, വെള്ളത്തിലൂടെ തുഴയുന്ന ചെറിയ വള്ളങ്ങളും വലിയ വള്ളങ്ങളുമൊക്കെ ഉപയോഗിച്ചുമാണ് യാത്ര ചെയ്തിരുന്നത്. ക്രിസ്തുവിന്റെ ശിഷ്യന്മാർ അങ്ങനെ യാത്ര ചെയ്താണ് ഓരോ ദേശത്തും ക്രിസ്തുവിന്റെ ഉപദേശങ്ങൾ പഠിപ്പിച്ചുകൊടുത്തത്.

ക്രിസ്തുവിന് എത്ര ശിഷ്യന്മാർ ഉണ്ടെന്നറിയാമോ? പന്ത്രണ്ട്. അവരിൽ ചിലരുടെ പേരുകളെങ്കിലും ഓർക്കാമോ? (ചില പേരുകൾ പറയുന്നു). അവരിൽ ആരായിരിക്കാം നമ്മുടെ നാട്ടിൽ വന്നത് (ചിലരെങ്കിലും തോമാശ്ലീഹാ എന്നു പറയും)

തോമാശ്ലീഹാ, തന്റെ നാടായ പലസ്തീനിൽനിന്നും ഇങ്ങുവരെ വന്നത് എങ്ങനെയെന്ന് നമുക്ക് ഒരു കഥയിൽകൂടി ഇന്നു പഠിക്കാം.



വി. തോമ്മാശ്ലീഹാ

## പാഠഭാഗം

പണ്ടു പണ്ട് നമ്മുടെ ഇന്ത്യ എന്ന് പറയുന്ന രാജ്യം ഒത്തിരി കൊച്ചുകൊച്ചു രാജ്യങ്ങൾ ചേർന്നതായിരുന്നു. അങ്ങനെ ഒരു കൊച്ചു രാജ്യത്തിൽ ഗോണ്ടഫോറസ് എന്നു പേരുള്ള ഒരു രാജാവുണ്ടായിരുന്നു. രാജാക്കന്മാർക്ക്, താമസിക്കാൻ നല്ല കൊട്ടരങ്ങൾ പണിയാൻ വളരെ ഇഷ്ടമായിരുന്നു. നല്ല വലിയ വീടുകളിൽ താമസിക്കുവാൻ നമുക്കും ഇഷ്ട മില്ലേ?

കൊട്ടാരം പണിയാൻ നല്ല അറിവും കഴിവും ഉള്ളവർ വേണം. അവരെ 'ശില്പികൾ' എന്നാണ് വിളിക്കുന്നത്. ഒരു കെട്ടിടം പണിയുമ്പോൾ അത് എങ്ങനെയിരിക്കുമെന്ന് നേര ത്തെതന്നെ വരച്ചു കാണിക്കുവാൻ കഴിവുള്ളവരാണ് ശില്പികൾ. അത്തരത്തിലുള്ള ഒരു ശില്പിയെ അന്വേഷിച്ച് ഗോണ്ടഫോറസ് രാജാവിന്റെ സേവകൻ അങ്ങു പലസ്തീനിൽ യെറുശലേമിലെത്തി. ഈ സേവകൻ കണ്ടുപിടിച്ചത് ആരെയാണെന്നറിയാമോ? നമ്മുടെ തോമാശ്ലീഹായെ.

ഈ രാജസേവകന്റെ പേര് ഹാബാൻ എന്നായിരുന്നു. ഹാബാന്റെ കൂടെ തോമാശ്ലീഹാ നമ്മുടെ രാജ്യത്തു വന്നു. അപ്പോൾ രാജാവ് കൊട്ടാരം പണിയാനുള്ള പണം എല്ലാം തോമാശ്ലീഹായെ ഏല്പ്പിച്ചു. തോമാശ്ലീഹാ ആ പണമെല്ലാം പാവപ്പെട്ടവർക്കു നൽകി. വിശ ന്നവർക്ക് ആഹാരം കൊടുത്തു. രോഗികൾക്കു മരുന്നു വാങ്ങിക്കൊടുത്തു. ചോർന്ന കുടി ലിൽ കഴിയുന്നവർക്ക് അതൊക്കെ ചോർച്ച മാറ്റി വൃത്തിയാക്കികൊടുത്തു. കുറേനാൾ കഴി ഞ്ഞപ്പോൾ രാജാവ് തോമാശ്ലീഹായെ വിളിച്ച് കൊട്ടാരം പണി എത്രത്തോളമായി എന്നു ചോദിച്ചു. അപ്പോൾ തോമാശ്ലീഹാ പറയുകയാണ് രാജാവിന് സ്വർഗ്ഗത്തിൽ കൊട്ടാരം പണി തിട്ടുണ്ടെന്ന്. ഇതു കേട്ടപ്പോൾ രാജാവിന് വലിയ ദേഷ്യം വന്നു. തോമാശ്ലീഹായെ ജയിലിൽ ഇട്ടു. ആ സമയത്തു മറ്റൊരു സംഭവമുണ്ടായി. രാജാവിന്റെ സഹോദരൻ മരിച്ചു. അദ്ദേഹം സ്വർഗ്ഗത്തിൽ ചെന്നപ്പോൾ ഒരു കൊട്ടാരം കണ്ടു. അതിൽ രാജാവിന്റെ പേരും എഴുതിയി ട്ടുണ്ട് (രാജാവിന്റെ പേര് നേരത്തെ പറഞ്ഞത് ഓർമ്മയുണ്ടോ?)

ഈ സഹോദരൻ സ്വപ്നത്തിൽ രാജാവിന് പ്രത്യക്ഷപ്പെട്ടിട്ട് പറഞ്ഞു. തോമാശ്ലീഹാ പറഞ്ഞത് ശരിയാണ്. രാജാവിനുവേണ്ടി സ്വർഗ്ഗത്തിൽ കൊട്ടാരം പണിതിട്ടുണ്ടെന്ന്. അപ്പോൾ രാജാവിന് വലിയ പ്രയാസമായിപ്പോയി. തോമാശ്ലീഹായെ ജയിലിൽനിന്ന് പുറത്തു കൊണ്ടു വന്നു. ക്ഷമ ചോദിച്ച്, തോമാശ്ലീഹാ വിശ്വസിച്ച യേശുക്രിസ്തുവിൽ രാജാവും വിശ്വസിച്ചു. രാജാവിന്റെകൂടെയുള്ള അനേകരും കർത്താവിൽ വിശ്വസിച്ചു.

അതിനുശേഷം തോമാശ്ലീഹാ കേരളത്തിൽ വന്നു. അന്നു നമ്മുടെ നാടിന് മറ്റൊരു പേരുണ്ടായിരുന്നു. മലങ്കര. മലയ്ക്കും കടലിനും ഇടയിലുള്ള സ്ഥലമായതുകൊണ്ടാണ് മലങ്കര എന്ന് പേരു വിളിച്ചത്. കർത്താവിന്റെ ശിഷ്യനായിരുന്നതുകൊണ്ട് തോമാശ്ലീഹായ്ക്ക് ഒത്തിരി അതിശയങ്ങൾ പ്രവർത്തിക്കാനുള്ള കഴിവുണ്ടായിരുന്നു. രോഗികൾക്ക് പ്രാർത്ഥിച്ച് സൗഖ്യം നൽകി. മരിച്ചുപോയവർക്ക് വീണ്ടും ജീവൻ നൽകി. ഇങ്ങനെയൊക്കെയുള്ള കാര്യ ങ്ങൾ കണ്ടിട്ട് അനേകർ ക്രിസ്തുവിൽ വിശ്വസിച്ചു. തോമാശ്ലീഹാ ഏഴു സ്ഥലങ്ങളിൽ പള്ളി

കൾ വെച്ചു. അതിൽ ഏറ്റം പ്രധാനപ്പെട്ട ഒന്നാണ് നിരണം പള്ളി. നമ്മുടെ പരുമല പള്ളിയ്ക്കടുത്താണ് നിരണംപള്ളി. പരുമലയിൽ പോയിട്ടുണ്ടല്ലോ. ഇനിയും പോകുമ്പോൾ അതിനടുത്തുള്ള നിരണത്തും കൊണ്ടുപോകണമെന്ന് വീട്ടിലുള്ളവരോട് പറയണം. പള്ളികൾ പണിതതു കൂടാതെ നാലു കുടുംബങ്ങളിൽനിന്ന് അച്ചന്മാരെയും തിരുമേനിമാരെയും വാഴിച്ചു. നമുക്ക് വി. കുർബ്ബാന ചൊല്ലാനും ആരാധന നടത്താനും അച്ചന്മാരും തിരുമേനിമാരും ഒക്കെ വേണമല്ലോ. അങ്ങനെ നമ്മുടെ നാട്ടിലും ക്രിസ്തുവിന് അനേകം ശിഷ്യന്മാർ ഉണ്ടായി. ക്രിസ്തുവർഷം 52-ൽ തന്നെ തോമാശ്ലീഹാ ഇവിടെ വന്നു എന്നാണ് ചരിത്രത്തിൽ പറയുന്നത്.

ഇവിടെനിന്ന് തോമാശ്ലീഹാ തമിഴ് നാട്ടിലേക്കു പോയി. മദ്രാസിനടുത്ത് (ഇപ്പോൾ ചെന്നൈ) മൈലാപ്പൂർ എന്ന സ്ഥലത്തുവെച്ച് ഒരു കൂട്ടം അക്രമികൾ തോമാശ്ലീഹായെ കുത്തിക്കൊന്നു. അവിടെ തോമാശ്ലീഹായെ അടക്കിയെങ്കിലും പിന്നീട് തോമാശ്ലീഹായുടെ തിരുശേഷിപ്പ് 'എഡേസാ' എന്ന സ്ഥലത്തേക്കു കൊണ്ടുപോയി. അതുകൊണ്ട് വർഷത്തിൽ രണ്ടു പ്രാവശ്യം തോമാശ്ലീഹായെ ഓർത്ത് പെരുന്നാൾ നടത്തുന്നുണ്ട്. ഒന്നാമത്തേത് ഡിസം. 21, രണ്ടാമത്തേത് ജൂലൈ 3.

വേദപുസ്തകത്തിലും ചരിത്രത്തിലും ഒട്ടേറെ പരിശുദ്ധന്മാർ പരുമലത്തിരുമേനിയെപ്പോലെയുള്ളവർ ഉണ്ടെങ്കിലും നമുക്ക് തോമാശ്ലീഹായോട് ഒരു പ്രത്യേകമായ ബന്ധമുണ്ട്. അദ്ദേഹമാണ് ക്രിസ്തുവിനെപ്പറ്റി നമ്മളെ പഠിപ്പിച്ചത്. നമ്മൾ ഇപ്പോൾ ക്രിസ്ത്യാനികളായി ജീവിക്കുന്നത് തോമാശ്ലീഹാ ഇവിടെ വന്നതുകൊണ്ടാണ്. അതിനാൽ ഭാരതത്തിന്റെ അപ്പോസ്തോലൻ എന്ന് തോമാശ്ലീഹായെ നാം വിളിക്കുന്നു.

## പ്രവർത്തനങ്ങൾ

1. മാർത്തോമ്മാ ശ്ലീഹായുടെ ജീവിതത്തിലെ ശ്രേഷ്ഠ ഗുണങ്ങൾ കണ്ടെത്തുക
2. യേശുകർത്താവ് മാർത്തോമ്മാ ശ്ലീഹായ്ക്ക് പ്രത്യക്ഷനാകുന്ന സംഭവം ഒരു സ്കിറ്റായി ക്ലാസ്സിൽ അവതരിപ്പിക്കുക.
3. മാർത്തോമ്മാ ശ്ലീഹായുടെ വിവിധ ചിത്രങ്ങൾ ശേഖരിച്ച് നിങ്ങളുടെ ആൽബത്തിൽ ഒട്ടിക്കുക

## നമുക്ക് പ്രാർത്ഥിക്കാം

"സ്നേഹവാനായ യേശുവേ, ഞങ്ങളെ ഉറച്ച വിശ്വാസമുള്ളവരാക്കി തീർക്കേണമെ. മാർത്തോമ്മാ ശ്ലീഹായെപ്പോലെ എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവേ... എന്ന് വിളിച്ച് പ്രാർത്ഥിക്കുവാൻ ഞങ്ങളെ സഹായിക്കേണമെ." ആമ്മീൻ.



കർത്താവിന്റെ ആണിപ്പഴുതിൽ വിരൽ തൊടുന്ന മാർത്തോമ്മാശ്ലീഹാ

## നമുക്കു പാടാം

മാർത്തോമ്മാ സൽഗുണനിധിയേ
നിൻസ്മൃതി കൊണ്ടാടും സഭയിൽ
അനവരതം നിൻ നാഥന്റെ
ശമവും ശാന്തിയുമമരട്ടെ.
ഒരുപോലിങ്ങും മാർത്തോമ്മാ ശ്ലീഹാ
ഉണ്ടേമേലും നിന്നോർമ്മ
ഉതകണമെ നിൻ പ്രാർത്ഥന നിൻ-
ഓർമ്മയെ ബഹുമാനിച്ചോർക്കായ്

**നിശ്ചയം**

**ഉറച്ച വിശ്വാസമുള്ളവരായി ദൈവകല്പനകൾ അനുസരിച്ച് ഞങ്ങൾ ജീവിക്കും.**

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതത്തിൽ | വൈകുന്നേരം |
|---|---|---|
| ഞായർ | * | വി. യോഹ. 20:24-29 |
| തിങ്കൾ | എബ്രാ. 13:7-8 | വി. ലൂക്കാ. 17:5-6 |
| ചൊവ്വ | 1 പത്രോസ് 2:1-13 | വി. മത്താ. 28-16-20 |
| ബുധൻ | എബ്രാ. 11:1-4 | വി. മത്തായി 10:40-42 |
| വ്യാഴം | എബ്രാ. 11:5-9 | 2 തീമോ. 2:1-13 |
| വെള്ളി | എബ്രാ. 11:17-22 | റോമർ 8:18-19 |
| ശനി | എബ്രാ. 11:23-26 | വി. ലൂക്കാ. 24:36-43 |
| ഞായർ | എബ്രാ. 11:27-31 | * |

## യൂണിറ്റ് ആറ്

# നല്ലശീലങ്ങൾ



## പാഠം ഇരുപത്

## അനുസരണം

മുഖ്യസന്ദേശം : ദൈവഭക്തിയുള്ള പൈതങ്ങൾ അവരുടെ മാതാപിതാക്കളെയും അദ്ധ്യാപകരെയും മുതിർന്നവരെയും അനുസരിക്കുന്നവരായിരിക്കണം.

മനഃപാഠവാക്യം : "മകനെ നിന്റെ അപ്പന്റെ കല്പന പ്രമാണിക്ക; അമ്മയുടെ ഉപദേശം ഉപേക്ഷിക്കയുമരുത്." (സദൃ. 6:20)

പാഠപരിചയം : ഒരു വ്യക്തിയുടെ നല്ല ഗുണങ്ങൾ വെളിവാകുന്നത് അയാളുടെ നല്ല ശീലങ്ങളിലൂടെയാണ്. നല്ല സ്വഭാവഗുണമുള്ളവർ വീട്ടിലും നാട്ടിലുമെല്ലാം ഏവർക്കും പ്രിയപ്പെട്ടവരായിരിക്കും. അത്തരം ഒരു നല്ല സ്വഭാവഗുണമാണ് അനുസരണം. അതിനെപ്പറ്റിയാണ് ഈ പാഠം.

### ആമുഖം

കൊച്ചു കുഞ്ഞുങ്ങളായ നിങ്ങളെ ഏറ്റവും കൂടുതൽ കരുതുകയും സ്നേഹിക്കുകയും ചെയ്യുന്നത് ആരൊക്കെയാണ്? ശരിയാണ്. ഈ ലോകത്തിൽ നമ്മളെ ഏറ്റവുമധികം കരുതുകയും സ്നേഹിക്കുകയും ചെയ്യുന്നത് നമ്മുടെ മാതാപിതാക്കളാണ്. അവരുടെ സ്നേഹവാത്സല്യങ്ങൾ ഇന്നും നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. അതുപോലെ നമ്മെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നവരാണ് നമ്മുടെ അദ്ധ്യാപകരും മുതിർന്നവരും. ഇവരെയെല്ലാം നാം ആദരിക്കുകയും അനുസരിക്കുകയും വേണം. അനുസരണ ശീലത്തെപ്പറ്റി നമുക്ക് ഇന്ന് പഠിക്കാം.

### പാഠഭാഗം

ശമുവേൽ ബാലനെപ്പറ്റി നമ്മൾ നേരത്തെ പഠിച്ചത് ഓർമ്മയുണ്ടല്ലോ? എന്തൊക്കെയായിരുന്നു ശമുവേൽ ബാലന്റെ നല്ല ഗുണങ്ങൾ? അവൻ ഏലി പുരോഹിതൻ പറഞ്ഞുകൊടുത്തകാര്യങ്ങൾ അതുപോലെ അനുസരിച്ചു. അതിലൂടെ അവൻ ദൈവത്തെയും അനുസരിച്ചു. അങ്ങനെ അവൻ ദൈവത്തിന്റെ ഇഷ്ടപൈതലായി മാറി. ബാലനായിരുന്ന യേശുവും തന്റെ മാതാപിതാക്കളെ അനുസരിച്ചാണ് വളർന്നത്. അതുപോലെ നല്ല പൈതങ്ങൾ എല്ലാവരും അനുസരണമുള്ളവരായിരിക്കും

**അല്പം നിർത്താം...ചിന്തിക്കാം...**

1. ശമുവേൽ ബാലൻ ആരെയൊക്കെയാണ് അനുസരിച്ചത്?

......................................................................................................................................

2. ബാലനായ യേശു ആരെയാണ് അനുസരിച്ചത്?

......................................................................................................................................

3. നാം ആരെയൊക്കെയാണ് അനുസരിക്കേണ്ടത്?

......................................................................................................................................

ആദ്യമായി നാം അനുസരിക്കേണ്ടത് ഈ ലോകം മുഴുവൻ സൃഷ്ടിച്ച ദൈവത്തെയാണ്. പ്രകൃതിയിലെ സകല വസ്തുക്കളും ദൈവത്തെ അനുസരിക്കുന്നു. സൂര്യനും ചന്ദ്രനും ക്രമം തെറ്റാതെ ഉദിക്കുന്നു; അസ്തമിക്കുന്നു. രാത്രികാലങ്ങളിൽ നക്ഷത്രങ്ങൾ പ്രകാശിക്കുന്നു. അതാതിന്റെ സമയത്ത് മഴ പെയ്യുന്നു. ചെടികൾ പുഷ്പിക്കുന്നു, പക്ഷികൾ പാടുന്നു. പ്രകൃതി മുഴുവൻ ദൈവം നിശ്ചയിച്ച ക്രമവും നിയമവും അനുസരിക്കുന്നു. ഇവയോടു ചേർന്ന് നാമും ദൈവകല്പനകൾ അനുസരിച്ച് ജീവിക്കേണ്ടവരാണ്. ദൈവത്തെ അനുസരിക്കുന്ന കുഞ്ഞുങ്ങൾ അവരുടെ മാതാപിതാക്കളെയും മുതിർന്നവരെയും അദ്ധ്യാപകരെയും അനുസരിക്കുന്നവരായിരിക്കും. മുതിർന്നവർ പറയുന്ന കാര്യങ്ങൾ കേൾക്കുമ്പോൾ ആദ്യം അല്പം ബുദ്ധിമുട്ട് തോന്നിയേക്കാം. എന്നാൽ അതിന്റെ ഗുണം പിന്നീടേ നമുക്ക് മനസ്സിലാവുകയുള്ളൂ. ഉദാഹരണത്തിന് എന്നും വൈകിട്ടും രാവിലെയും പ്രാർത്ഥിക്കണമെന്ന് മാതാപിതാക്കൾ നമ്മോട് ആവശ്യപ്പെടുമ്പോൾ ആദ്യം ചില മടിയൊക്കെ നമുക്ക് തോന്നിയേക്കാം. എന്നാൽ അത് അനുസരിച്ച് ചിട്ടയോടെ പ്രാർത്ഥിക്കുന്ന കുഞ്ഞുങ്ങൾ ജീവിതത്തിൽ വലിയവരായിത്തീരും.

എന്നാൽ അനുസരിക്കാത്തവർക്ക് ഉണ്ടാകുന്ന ദോഷങ്ങളും നാം അറിഞ്ഞിരിക്കേണ്ടതാണ്.

തള്ളയെ അനുസരിക്കാത്ത ഒരാട്ടിൻകുട്ടിയുടെ കഥ നമുക്ക് കേൾക്കാം. കിങ്ങിണി വനത്തിൽ ഒരു തള്ളയാടും കുട്ടിയായ മീനുവും ജീവിച്ചിരുന്നു. മീനു മഹാവികൃതിയാണ്. ഒരു നിമിഷംപോലും അടങ്ങിയിരിക്കുകയില്ല. ഒരിക്കൽ അവളുടെ അമ്മ അവളോടു പറഞ്ഞു: “മീനൂ... നീ അമ്മയുടെ കണ്ണുവെട്ടിച്ച് ദൂരെ എങ്ങും പോകരുത്.” മീനു ചോദിച്ചു: “എന്താ അമ്മേ പോയാൽ?” അമ്മ പറഞ്ഞു: “പോയാൽ പുലി നിന്നെ കൊന്നു തിന്നും.” ഇതു കേട്ട് പേടിച്ചുപോയ മീനു പറഞ്ഞു: ശരി അമ്മേ, ഞാൻ അമ്മയെ വിട്ട് എങ്ങും പോവില്ല.

ഒരാഴ്ചകഴിഞ്ഞു. ഒരു ദിവസം മീനു അമ്മയുടെ കണ്ണു വെട്ടിച്ച് ഉൾവനത്തിലേക്ക് കുറെ ദൂരം പോയി. പച്ചിലകൾ തിന്നുതിന്ന്, കാഴ്ചകൾ കണ്ട്, തുള്ളിച്ചാടി കാട്ടിനുള്ളിലേക്ക് പോയത് അവൾ അറിഞ്ഞില്ല. അപ്പോൾ ദൂരെ ഒരു സിംഹത്തിന്റെ ഗർജ്ജനം കേട്ട് അവൾ പേടിച്ചുപോയി. അപ്പോൾ അവൾ അമ്മയുടെ വാക്കുകൾ ഓർത്തു. അവൾ സർവ്വശക്തിയുമെടുത്ത് അമ്മയെ വിളിച്ചു കരഞ്ഞു: “മേ...മേ...” ഇതു കേട്ട് ദൂരെ നിന്ന അമ്മ ഒറ്റ ഓട്ടത്തിന് മീനുവിന്റെ അടുത്തെത്തി. അവൾക്ക് ആശ്വാസമായി. രണ്ടുപേരും വേഗം കാടിനു പുറത്തേക്ക് ഓടി. പുറത്തെത്തിയപ്പോൾ അമ്മ മീനുവിനെ ചേർത്തുനിർത്തി ആശ്വസിപ്പിച്ചു.

മീനു അപ്പോഴും കിതയ്ക്കുന്നുണ്ടായിരുന്നു. അവൾ അമ്മയോട് ക്ഷമ ചോദിച്ചുകൊണ്ട് അമ്മയ്ക്ക് ഉറപ്പുകൊടുത്തു: "അമ്മേ, ഇനി ഞാനൊരിക്കലും അമ്മയെ അനുസരിക്കാതെ ഒന്നും ചെയ്യുകയില്ല."

അനുസരിക്കുന്നതിന്റെ ഗുണങ്ങളും അനുസരിക്കാത്തവർക്ക് വരുന്ന ദോഷങ്ങളും എന്തൊക്കെയാണെന്ന് നാം കണ്ടുവല്ലോ. നമ്മുടെ ജീവിതത്തിലും നാം ദൈവത്തെയും നമ്മുടെ മാതാപിതാക്കളെയും അദ്ധ്യാപകരെയും മുതിർന്നവരെയും അനുസരിച്ച് ജീവിക്കേണ്ടതാണ്.

## നമ്മുടെ പ്രവർത്തനങ്ങൾ

താഴെപ്പറയുന്നവരിൽ ആരൊക്കെയാണ് അനുസരണമുള്ളവർ? ശരിയായ ഉത്തരങ്ങൾക്ക് ✓ അടയാളവും തെറ്റിനു നേരെ x അടയാളവും ഇടുക.

1. രാജുവിനോട് അമ്മ പഠിക്കുവാൻ പറഞ്ഞപ്പോൾ അവൻ ടി.വി. കാണുവാൻ പോയി ☐
2. അച്ചൻ പറഞ്ഞതനുസരിച്ച് ലിജിമോൾ പള്ളിയിൽ സംസാരിക്കാതിരുന്നു ☐
3. അമ്മ പറഞ്ഞേൽപ്പിച്ചതിൻപ്രകാരം റ്റോം അപ്പച്ചന് കൂട്ടിരുന്നു ☐
4. ബസ്സിനു പുറത്തേക്ക് തലയിടരുതെന്ന് ഒരു അങ്കിൾ പറഞ്ഞിട്ടും റ്റിന്റു തല പുറത്തിട്ടു ☐
5. സൺഡേസ്കൂളിൽനിന്ന് ടൂർപോയപ്പോൾ ഒരു കടൽത്തീരത്ത് ഇറങ്ങി. ആരും വെള്ളത്തിൽ ഇറങ്ങരുതെന്ന് ഹെഡ്മാസ്റ്റർ പറഞ്ഞു. ആരും ഇറങ്ങിയില്ല. ☐


- മീനുവിന്റെയും തള്ളയാടിന്റെയും കഥ കൂട്ടുകാരെ പറഞ്ഞു കേൾപ്പിക്കുക
- ഈ കഥ ഒരു സ്കിറ്റ് ആയി ക്ലാസ്സിൽ അവതരിപ്പിക്കു (ടീച്ചർ സഹായിക്കും)

## നമുക്കു പാടാം

അനുസരിക്കാം നമുക്കനുസരിക്കാം
മാതാപിതാക്കളെ അനുസരിക്കാം
നന്മയുണ്ടാകാൻ ദീർഘായുസ്സാകാൻ
മാതാപിതാക്കളെ ബഹുമാനിക്കാം
കല്പനയല്ലോ...ദൈവകല്പനയല്ലോ.
വാഗ്ദത്തമുള്ളൊരു കല്പനയല്ലോ.
ദൈവകല്പനയല്ലോ...ദൈവകല്പനയല്ലോ (ഒ.വി.ബി.എസ്. 2010)

## നമുക്കു പ്രാർത്ഥിക്കാം

"ദൈവമേ, ഞങ്ങളുടെ മാതാപിതാക്കളെയും മുതിർന്നവരെയും അദ്ധ്യാപകരെയും അനുസരിപ്പാൻ ഞങ്ങളെ സഹായിക്കേണമെ. അങ്ങനെ ഞങ്ങൾ അങ്ങയെ അനുസരിക്കുന്ന നല്ല മക്കളായിത്തീരുവാൻ ഞങ്ങളെ സഹായിക്കേണമെ." ആമ്മീൻ.



ചിത്രം ചായം ഇടുക

**നിശ്ചയം**

**ഞങ്ങൾ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും അനുസരിക്കും**

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതത്തിൽ | വൈകുന്നേരം |
|---|---|---|
| ഞായർ | * | സദൃശ്യവാക്യം 6:20-22 |
| തിങ്കൾ | വി. യോഹന്നാൻ 14:23-24 | 1 ശമുവേൽ 15:22 |
| ചൊവ്വ | 1 പത്രോസ് 1:13-15 | ആവർത്തനം 13:1-5 |
| ബുധൻ | എബ്രായർ 5:7-9 | ലൂക്കോസ് 11:27-28 |
| വ്യാഴം | ഗലാത്യർ 5:25-26 | 1 യോഹന്നാൻ 5:2-3 |
| വെള്ളി | സദൃശവാക്യങ്ങൾ 8:32-35 | സദൃശവാക്യങ്ങൾ 18:20-22 |
| ശനി | സഭാപ്രസംഗി 12:13-14 | റോമർ 5:19-21 |

## പാഠം ഇരുപത്തിഒന്ന്

# നല്ല കൂട്ടുകാർ

മുഖ്യസന്ദേശം : നല്ല സ്വഭാവഗുണമുള്ള കൂട്ടുകാരെ നേടുക എന്നത് ജീവിതത്തിലെ വലിയ നേട്ടമാണ്. അല്ലാത്തവരെ വിട്ടൊഴിയുകയും വേണം.

മനഃപാഠവാക്യം : "സ്നേഹിതൻ എല്ലാക്കാലത്തും സ്നേഹിക്കുന്നു. അനർത്ഥകാലത്ത് അവൻ സഹോദരനായിത്തീരുന്നു." (സദൃ. 17:17)

പാഠപരിചയം : നല്ല കൂട്ടുകാർ ആരാണ്? അവരുടെ പ്രത്യേകതകൾ എന്തൊക്കെയാണ്? വേദപുസ്തകത്തിൽ നാം കാണുന്ന ഉത്തമ സുഹൃത്തുക്കൾ ആരെല്ലാം? ചീത്ത കൂട്ടുകെട്ടിൽപെട്ടുപോയാൽ നാമും അറിയാതെ ആ സ്വഭാവത്തിലേക്ക് മാറിപ്പോകും? ചീത്ത കൂട്ടുകാരുടെ പ്രത്യേകതകൾ എന്തെല്ലാമാണ്? അവരെ നാം വിട്ടൊഴിയണം. നല്ല കൂട്ടുകാരെ കണ്ടെത്തി അവരെ സ്നേഹിക്കണം, മാതൃകയാക്കണം, സഹായിക്കണം. ഈ ആശയങ്ങൾ വ്യക്തമാക്കുന്ന ഒരു പാഠമാണിത്.

### ആമുഖം

നിങ്ങൾ ഏറ്റവും ഇഷ്ടപ്പെടുന്ന കൂട്ടുകാർ ആരൊക്കെയാണ്? അവരുടെ പേരുകൾ പറയുക. അവരൊക്കെ നല്ല കൂട്ടുകാരാണോ? അവരുടെ പ്രത്യേകതകൾ എന്തെല്ലാമാണ്? നന്നായി പഠിക്കുമോ? പഠിക്കുവാനുള്ളതോ എഴുതുവാനുള്ളതോ ആയ കാര്യങ്ങൾ നിങ്ങളെ ഓർമ്മിപ്പിക്കാറുണ്ടോ? അവർ അനുസരണമുള്ളവരാണോ? പതിവായി പള്ളിയിൽ ആരാധനയ്ക്കും സൺഡേസ്കൂളിനും പോകുന്നവരാണോ? പതിവായി പ്രാർത്ഥിക്കുന്നവരാണോ? ദുശ്ശീലങ്ങൾ ഉള്ളവരാണോ? ഇതൊക്കെ നിങ്ങൾ ശ്രദ്ധിച്ചിട്ടില്ലെങ്കിൽ ഇനി മുതൽ അത് ശ്രദ്ധിക്കണം. നല്ല സ്വഭാവഗുണമുള്ളവരെ മാത്രമേ ഉറ്റസുഹൃത്തുക്കൾ ആക്കാവൂ. ദുശ്ശീലങ്ങളുള്ളവരോട് കൂടുതൽ അടുത്ത് ഇടപെടരുത് എന്നു നാം ഓർക്കണം. ഇന്ന് നമുക്ക് നല്ല കൂട്ടുകാരെപ്പറ്റി കുറച്ച് കാര്യങ്ങൾ പഠിക്കാം.

### പാഠഭാഗം

ആവശ്യത്തിൽ സഹായിക്കുന്നവനാണ് നല്ല കൂട്ടുകാരൻ എന്നൊരു ചൊല്ലുണ്ട് (A friend in need is a friend indeed) നല്ല കൂട്ടുകാരെ ലഭിക്കുക എന്നത് ഒരു ഭാഗ്യംതന്നെയാണ്. ദൈവത്തിന്റെ സ്വന്തരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവരായ നാം അന്യോന്യം നല്ല ബന്ധങ്ങൾ പുലർത്തണം. ദൈവത്തിന്റെ സ്നേഹം ഈ ലോകത്തിൽ വളരുന്നത് നാം നല്ല കൂട്ടുകാരായി മാറുമ്പോഴാണ്. വേദപുസ്തകത്തിൽ യേശുകർത്താവ് പറഞ്ഞ നല്ല ശമര്യക്കാരന്റെ കഥയിലെ മുറിവേറ്റ മനുഷ്യന്റെ നല്ല കൂട്ടുകാരനായി പ്രവർത്തിച്ചത് ശമര്യക്കാരനായിരുന്നു.

നമ്മുടെ ഏറ്റവും നല്ല കൂട്ടുകാരൻ ആരാണ്? ഏറ്റവും നല്ല കൂട്ടുകാരൻ എന്നു പറയണമെങ്കിൽ എല്ലാ സ്വഭാവഗുണങ്ങളും ഒത്തു ചേർന്ന ആളായിരിക്കണം. അങ്ങനെ ഒരാളേ ഉള്ളു. ആരാണെന്ന് പറയാമോ? അതെ. യേശുകർത്താവ്. കുഞ്ഞുങ്ങളെ വളരെ സ്നേഹിച്ച ദൈവമായിരുന്നു യേശു. ഒരിക്കൽ തന്റെ അടുക്കൽ എത്താൻ ശ്രമിച്ച കുട്ടികളെ തടഞ്ഞ ശിഷ്യന്മാരെ അവിടുന്നു ശാസിച്ചു എന്നിട്ടു പറഞ്ഞു: "ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ, അവരെ തടയരുത്." നമുക്കൊന്നായി പറയാം—യേശു ക്രിസ്തു നമ്മുടെ ആത്മ സ്നേഹിതൻ" (3 പ്രാവശ്യം ഏറ്റു ചൊല്ലുക)

**അല്പം നിർത്താം...ചിന്തിക്കാം...**

1. നല്ല കൂട്ടുകാരൻ ആരാണ്?

   ..............................................................................................................

2. മുറിവേറ്റ മനുഷ്യന്റെ നല്ല കൂട്ടുകാരൻ ആരായിരുന്നു?

   ..............................................................................................................

3. നമ്മുടെ ഏറ്റവും നല്ല കൂട്ടുകാരൻ ആരാണ്?

   ..............................................................................................................

4. നല്ല കൂട്ടുകാരുടെ സ്വഭാവങ്ങൾ എന്തൊക്കെയാണ്?

   ..............................................................................................................

നല്ല കൂട്ടുകാർ അന്യോന്യം സന്തോഷവും സങ്കടവും പങ്കുവയ്ക്കും. ആപത്തിൽ സഹായിക്കും. നല്ല കാര്യങ്ങൾക്ക് പ്രോത്സാഹനം നൽകും. തെറ്റു കണ്ടാൽ ശാസിക്കും, വഴക്കു പറയും, നമ്മുടെ ദുഃഖത്തിൽ നമ്മെ ആശ്വസിപ്പിക്കും. അങ്ങനെയുള്ള കൂട്ടുകാരെയാണ് നാം തേടേണ്ടത്.

ഒരു പണ്ഡിതൻ പറഞ്ഞത് ഇപ്രകാരമാണ്: "നിങ്ങൾ ആരുമായിട്ടാണ് കൂട്ടുകൂടുന്നതെന്നു പറയൂ. നിങ്ങളുടെ സ്വഭാവം എങ്ങനെയുള്ളതാണെന്ന് ഞാൻ പറയാം. കൂട്ടുകാരെ ശ്രദ്ധയോടെ തെരഞ്ഞെടുത്തില്ലെങ്കിൽ വലിയ പ്രശ്നങ്ങൾ ഉണ്ടാവും. രാജു എന്ന കുട്ടിയുടെ കഥ കേൾക്കാം.

മാതാപിതാക്കളോട് അനുസരണക്കേട് കാണിച്ചു വളർന്ന രാജു വേണ്ടാത്ത കൂട്ടുകെട്ടിൽ പെട്ട് മോശമായ സ്വഭാവമുള്ളവനായിത്തീർന്നു. അവനെ പല തവണ പലരും ഉപദേശിച്ചെങ്കിലും ഒരു മാറ്റവും ഉണ്ടായില്ല. അവന്റെ പിതാവ് ഒരു ദിവസം ഒരു കുട്ട മാമ്പഴം വാങ്ങിക്കൊണ്ടുവന്നു. രാജുവിന് മാമ്പഴം വളരെ ഇഷ്ടമായിരുന്നു. കുട്ടയിൽ ഒരു മാമ്പഴം ചീഞ്ഞതായിരുന്നു. രാജു അതു കണ്ടയുടനെ എടുത്തു കളയുവാൻ പിതാവിനോട് പറഞ്ഞു. പിതാവ് എടുത്തുകളയാതെ ഒന്നിച്ച് മാറ്റിവച്ചു. പിറ്റെദിവസം രാവിലെ രാജു കുട്ട തുറന്നു നോക്കിയപ്പോൾ ചീഞ്ഞ മാമ്പഴത്തിന് ചുറ്റുമുള്ള നാലഞ്ച് മാമ്പഴം ചീഞ്ഞിരിക്കുന്നതായി കണ്ട് അവന് ദേഷ്യം വന്നു. അവൻ പിതാവിനെ വഴക്കുപറഞ്ഞു. ഞാനെത്രവട്ടം പപ്പായോടു പറഞ്ഞതാ ആ മാമ്പഴം എടുത്തുകളയാൻ ഇപ്പോൾ ദേ, ഒത്തിരി മാമ്പഴം അഴു

ക്കായി. പിതാവ് പുഞ്ചിരിച്ചുകൊണ്ട് രാജുവിനെ അടുക്കൽ ചേർത്തുനിർത്തി പറഞ്ഞു. ഇപ്പോൾ മോനു മനസ്സിലായില്ലേ മോശം സ്വഭാവമുള്ളവരുമായി കൂട്ടുകൂടിയാൽ നമ്മളും മോശമാവും എന്ന്

നല്ല കൂട്ടുകാരെ നേടുവാൻ ശ്രമിക്കുന്നതുപോലെ പ്രധാനമാണ് നല്ല കൂട്ടുകാരനായിരിക്കുക എന്നത്. നമ്മുടെ കൂട്ടുകാരെ രസത്തിനുപോലും വേദനിപ്പിക്കരുത്. അവരെ അവരുടെ ആവശ്യങ്ങളിൽ സഹായിക്കണം. നമ്മൾക്കുള്ള പെൻസിൽ, റബ്ബർ, ഭക്ഷണം തുടങ്ങിയവ മറ്റുള്ളവർക്കുകൂടി നൽകുവാൻ മനസ്സുണ്ടാവണം. കൂട്ടുകാർ ചെയ്യുന്ന തെറ്റുകൾക്ക് ഒരിക്കലും കൂട്ടുനിൽക്കരുത്. മറ്റുള്ളവരെ തെറ്റു ചെയ്യാൻ ഒരിക്കലും പ്രേരിപ്പിക്കരുത്. നാം മറ്റുള്ളവരെ സ്നേഹിച്ച് സഹായിച്ച്, ആശ്വസിപ്പിച്ച്, സന്തോഷം പങ്കുവച്ച് ഒത്തിരി നല്ല കൂട്ടുകാരെ നേടണം. അവർക്കെല്ലാം നമ്മൾ നല്ല കൂട്ടുകാരായിത്തീരുകയും വേണം.

## പ്രവർത്തനങ്ങൾ

1. നിങ്ങൾ സഹായിച്ചതോ, നിങ്ങളെ സഹായിച്ചതോ ആയ കൂട്ടുകാരെക്കുറിച്ച് പറയുക. അവരുടെ പേരുകൾ എഴുതുക.

.................................................................................................................

.................................................................................................................

2. രണ്ടു കൂട്ടുകാർ ചേർന്നുള്ള ഒരു സംഭാഷണം ടീച്ചറിന്റെ സഹായത്തോടെ ക്ലാസ്സിൽ അഭിനയിക്കുക (ആരെയെങ്കിലും സഹായിക്കുന്നതിനെപ്പറ്റിയോ, പഠിക്കുന്ന കാര്യത്തെപ്പറ്റിയോ ആകാം)

3. നല്ല കൂട്ടുകാരെ നേടുവാൻ നാം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

.................................................................................................................

.................................................................................................................

.................................................................................................................

.................................................................................................................

## നമുക്കു പാടാം

കൂട്ടുകാരായ നാം ഉത്സാഹത്തോടെ
പാട്ടുകൾ പാടിക്കൊണ്ടാനന്ദത്തോടെ

## നമുക്കു പ്രാർത്ഥിക്കാം

“സ്നേഹവാനായ കർത്താവേ... ഞങ്ങളുടെ കൂട്ടുകാരെ എല്ലാം നീ അനുഗ്രഹിക്കണമെ. അവരെല്ലാം നല്ല സ്വഭാവമുള്ളവരായിത്തീരണമെ. അവരുടെ നല്ല സ്വഭാവം ഞങ്ങൾക്കും പ്രയോജനമുള്ളതായിത്തീരണമെ.” ആമ്മീൻ.

**നിശ്ചയം**

**ഞങ്ങൾ നല്ല സ്വഭാവമുള്ളവരുമായി മാത്രമേ കൂട്ടുകൂടുകയുള്ളൂ. അതുപോലെ ഞങ്ങളും മറ്റുള്ളവർക്ക് നല്ല കൂട്ടുകാരായിത്തീരും.**

**തുടർവായനയ്ക്ക്**

| ദിവസം | പ്രഭാതത്തിൽ | വൈകുന്നേരം |
|---|---|---|
| ഞായർ | * | സങ്കീ. 133:1 |
| തിങ്കൾ | ഗലാത്യർ 5:14 | വി. മത്തായി 7:12 |
| ചൊവ്വ | വി. യോഹന്നാൻ 15:12 | വി. മർക്കോസ് 12:33 |
| ബുധൻ | 1 യോഹന്നാൻ 3:16 | സദൃശവാക്യം 11:12 |
| വ്യാഴം | സദൃശവാക്യങ്ങൾ 25:17-18 | 1 ശമുവേൽ 12:17 |
| വെള്ളി | റോമർ 12:18 | വി. മത്തായി 5:9 |
| ശനി | വി. യാക്കോബ് 3:18 | ഇയ്യോബ് 42:10 |

* * *